# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 9 ■ MAY 2004



## KERALA COUNCIL OF CHURCHES TRIENNIAL ASSEMBLY

20 - 22 May 2004

Kristu Jyothis Animation Centre, Kottiyam, Kollam

## NEW VISION FOR A CHANGING WORLD

### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu • Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

ഒരു വർഷത്തേക്ക് : 75/- രൂപ (വിദേശത്തുള്ളവർക്ക് US $15)
രണ്ടു വർഷത്തേക്ക് : 140/- രൂപ ( " US $25)
മൂന്നു വർഷത്തേക്ക് : 200/- രൂപ ( " US $40)

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

ലൈഫ് മെമ്പർഷിപ്പ് : 1000/- രൂപ ( " US$200)
പേട്രൺ മെമ്പർഷിപ്പ് : 10,000/- രൂപ ( " US $1000)

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
മാങ്ങാനം, കോട്ടയം - 686 018
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |

**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

## CONTENTS


- **Leadership**
  യേശുവിനെ നോക്കൂ... — 4
  *സ്വാമിജി*
- **General**
  പള്ളി പൊളിക്കും മുമ്പെ — 5
  *ഡോ. ജോസ് പാറക്കടവിൽ*
- **Portrayal**
  നിങ്ങളെഴുതുന്ന സുവിശേഷം — 6
  *ഫാദർജി*
- **Psychology**
  ക്ഷമാശീലം — 7
  *ജോർജ് ബഹനാൻ ടി.*
- **Bible Story**
  കുരിശ് തളിരിടുന്ന കാലം — 9
  *റവ. രജി ഡാൻ കെ. ഫിലിപ്പോസ്*
- **Science**
  ജീവനും കാർബണും — 10
  *ഡോ. ജോർജ് എം. തോമസ്*
- **Religion**
  പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും — 11
  *ഡോ. അന്നമ്മ ജോർജ്*
- **Literary Review**
  പാർശ്വചിന്തകൾ — 13
  *ഡോ. സി.ജെ. റോയ്*
- **Glimpses**
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ — 14
  *ഡോ. കെ.വി. വർഗീസ്*
- **Tour & Travel**
  തീർത്ഥാടനത്തിനിടയിൽ — 15
  *ഡോ. ഏബ്രഹാം കരിക്കം*
- **Ecology**
  A meditation on Bees — 16
  *Rev Dr. M.J. Joseph*
- **Devotional**
  Salt or Salty? — 16
  *Rachel Philip*
- **Responses** — 17
  *ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്*
- **KCC Special** — 18 - 23
  *ബിഷപ്പ് സാം മാത്യു.*
  *ഫാ. ഡോ. എ.ടി. ഏബ്രഹാം*
  *പ്രൊഫ. ഫിലിപ്പ് എൻ. തോമസ്*
  *ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്*



## EDITORIAL

# എക്യുമെനിസം

യേശുവിൽ വിശ്വസിക്കുന്ന ജനത പല വിഭാഗങ്ങളിലായി നിലയുറപ്പിച്ച് പരസ്പരം മത്സരിക്കുന്ന കാഴ്ചയാണ് ഇന്നു നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എല്ലാ ക്രൈസ്തവ വിഭാഗങ്ങളും തങ്ങളുടെ വാദഗതികൾ സമർത്ഥിക്കുവാനുപയോഗിക്കുന്നത് ഒരേ പുസ്തകമാണെന്നതു ഏറെ രസകരം. തങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു തന്നെ, അന്യോന്യം സഹകരിച്ച് ക്രൈസ്തവസാക്ഷ്യം എപ്രകാരം ഫലപ്രദമായി നിർവഹിക്കാമെന്നുള്ള ഒരന്വേഷണം സ്വാഗതാർഹമാണ്. കത്തോലിക്കേതര ക്രൈസ്തവസഭകൾ സഹകരിച്ചു പ്രവർത്തിക്കുന്ന വേദിയാണ് കേരള കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.). സഭകളുടെയും സംഘടനകളുടെയും പ്രതിനിധികൾ പങ്കെടുക്കാറുണ്ടെങ്കിലും അംഗസഭകളെ ചലിപ്പിക്കുന്ന പ്രേരകശക്തിയായി വർത്തിക്കുവാൻ കെ.സി.സി.ക്കു സാധിച്ചിട്ടുണ്ടോയെന്ന കാര്യം സംശയമാണ്. കെ.സി.സി. തനതായി ശ്രദ്ധേയമായ ചില പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ടെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല. പ്രത്യേകിച്ച്, തോട്ടം മേഖലയിലെ പ്രതിസന്ധികളിൽ ഇടപെട്ട് ആശ്വാസപ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുവാൻ കെ.സി.സി.ക്കു സാധിച്ചിട്ടില്ല. സാമൂഹികപ്രശ്നങ്ങളിൽ വ്യക്തമായ നിലപാടുകളെടുക്കുവാൻ സഭകളെ പ്രേരിപ്പിക്കുന്ന പ്രസ്ഥാനമായി കെ.സി.സി. വളരണം. പലപ്പോഴും സഭകൾ തനിച്ചെടുക്കുന്ന തീരുമാനങ്ങൾ തങ്ങളുടെ സ്ഥാപനങ്ങളും സത്തുക്കളും സംരക്ഷിക്കുവാൻ സഹായിക്കുന്ന വിധത്തിലുള്ളവയാകാം. മാനവരാശിയുടെ നന്മയ്ക്കും ഐക്യത്തിനും സഹായകമായ തീരുമാനങ്ങളെടുക്കുവാൻ സഭകൾക്കു സാധിക്കണം. അതിനുതകുന്ന നിലപാടുകൾ കെ.സി.സി.യുടെ പക്ഷത്തു നിന്നുണ്ടാകണം. ഇറാഖിന്റെ മേൽ അമേരിക്ക നടത്തിയ യുദ്ധങ്ങളെയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെയും അപലപിക്കുവാൻ അമേരിക്കയിലെ 'പട്ടക്കാരുടെ കൂട്ടായ്മ' എന്ന സംഘടന മുന്നോട്ടു വരികയുണ്ടായി. എന്തുകൊണ്ട് നമ്മുടെ സഭകൾ ഈ വിഷയത്തിൽ അഭിപ്രായം പറയുന്നില്ല? സഭകളുടെ നിലപാടുകൾ ആശാവഹമായ പല മാറ്റങ്ങൾക്കുമിടയാക്കും. അതിനുള്ള ഒരു പ്രേരകശക്തിയായി കെ.സി.സി. തീരണം. ഒപ്പം, മറ്റു സഭകൾ കൂടി ചേർന്നുള്ള ഒരു വിശാല എക്യുമെനിക്കൽ പ്രസ്ഥാനം രൂപം കൊള്ളേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. അതിനു നേതൃത്വം കൊടുക്കുവാൻ കെ.സി.സി.ക്കു കഴിയട്ടെ എന്നാശംസിക്കുന്നു.

*ചീഫ് എഡിറ്റർ*




### പാഠം 1.
### നിങ്ങളുടെ കൈവശം പുതിയ ആശയങ്ങളുണ്ടോ?

പുതിയ ആശയങ്ങൾ നിങ്ങളുടെ കൈവശമുണ്ടോ? എങ്കിൽ, നേതൃനിരയിലേക്കു കടന്നുവരാം. നിങ്ങൾ പറയുന്നതു കേൾക്കുവാൻ ആളുകൾ അടുത്തുകൂടും. ജനങ്ങളിൽ നിങ്ങളുടെ ആശയങ്ങൾ മതിപ്പുളവാക്കിയാൽ നിങ്ങൾ അവരുടെ നേതാവായിക്കഴിഞ്ഞിരിക്കും. യേശു ഒരു പുതിയ ആശയമാണവതരിപ്പിച്ചത്-ദൈവരാജ്യം. അവൻ ഗുരുക്കന്മാരുടെയിടയിലിരുന്ന് അവരുടെ വാക്കുകൾ കേൾക്കയും അവരോടു ചോദ്യങ്ങൾ ചോദിക്കയുമായിരുന്നു. അവന്റെ വാക്കുകൾ കേട്ടവരെല്ലാം അവന്റെ ബുദ്ധിശക്തിയിലും മറുപടിയിലും ആശ്ചര്യപ്പെട്ടു. (ലൂക്കോസ് 2:46) അവന്റെ വായിൽ നിന്നു പുറപ്പെട്ട ഹൃദ്യമായ വചനങ്ങളിൽ അവർ അത്ഭുതപ്പെട്ടു. (ലൂക്കോസ് 4:22). സുവിശേഷഭാഗങ്ങൾ വായിക്കുമ്പോൾ യേശു നമ്മെയും കൂട്ടിക്കൊണ്ടു പോകുന്നതു നൂതനചിന്തകളുടെ ലോകത്തേക്കാണ്. ആശയങ്ങളില്ലാത്തവർക്ക് നേതാവാകുവാനൊക്കില്ല; വേണമെങ്കിൽ അനുയായിയാകാം. ആശയങ്ങൾ എങ്ങനെയാണുണ്ടാകുന്നത്? വായനയിൽ നിന്നും നിരീക്ഷണങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നുമാണ് ആശയങ്ങൾ ഉടലെടുക്കുക. ധാരാളം പുസ്തകങ്ങൾ വായിക്കുക, വായനയുടെ വെളിച്ചത്തിൽ നിരീക്ഷിക്കുക, അനുഭവങ്ങളുമായി തട്ടിച്ചു നോക്കുക-പുതിയ ആശയങ്ങൾ നിങ്ങൾക്കുണ്ടാകും. നേതാവാകുവാനുള്ള ഒന്നാമത്തെ പടി നിങ്ങൾ കടന്നിരിക്കുന്നു.

പറയുന്ന ആശയങ്ങൾക്കു വ്യക്തതയുണ്ടാവുകയെന്നതാണ് രണ്ടാമത്തെ പടി. ആശയങ്ങളിലൂടെ ലക്ഷ്യം വ്യക്തമാകണം. ദൈവരാജ്യം പ്രസംഗിക്കുക, അതായിരുന്നു യേശുവിന്റെ ലക്ഷ്യം. നമുക്ക് സമീപപട്ടണങ്ങളിലേക്കു പോകാം, ഞാൻ അവിടെയും പ്രസംഗിക്കട്ടെ. കാരണം, ഇതിനായാണ് ഞാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. (മർക്കോസ് 1:38). നമ്മുടെ പല നേതാക്കന്മാർക്കും തങ്ങൾ കൊണ്ടുനടക്കുന്ന ആശയങ്ങളെക്കുറിച്ചു വ്യക്തതയില്ല. അത് തങ്ങളുടെ ഹൃദയതലത്തിൽ നിന്നുയരാറില്ല. വൈകാരികമായി ബന്ധമില്ലാത്ത ചില ആശയങ്ങൾ അവർ തട്ടിവിടുന്നു.

> **"ആശയങ്ങളാണ് ലോകത്തെ ഭരിക്കുന്നത്. ആശയങ്ങൾ രൂപപ്പെടുത്തൂ. ഫലപ്രദമായി സംവേദനം ചെയ്യുവാൻ പഠിക്കൂ. നാളെ നിങ്ങളും ഒരു നേതാവ്, തീർച്ച."**

അതുകൊണ്ട് അവർ ഒരു ദിവസം നേതാവായി ഉയരുകയും അടുത്ത ദിവസം നേതാവല്ലാതായിത്തീരുകയും ചെയ്യും. ജനഹൃദയങ്ങളിലേക്കു കടന്നു ചെല്ലുവാൻ അവർക്കു സാധിക്കാതെ പോകുന്നു.

മൂന്നാമത്, ആശയങ്ങൾ സരളമായും, പൂർണ്ണമായി ഉൾക്കൊള്ളത്തക്ക രീതിയിലും സംവേദനം ചെയ്യണം- 'communication skills' എന്ന് ഇംഗ്ലീഷിൽ പറയും. ഒരാൾ കിണറ്റിൽ നിന്ന് വെള്ളം കോരി ഒരു മൺകുടത്തിലേക്ക് ഒഴിക്കയാണ്. തിരികയിൽ ശരിയായി ഉറപ്പിക്കാത്ത കുടത്തിലേക്ക് വെള്ളമെല്ലാം പകരപ്പെടുകയില്ല. പാതി വെള്ളം കുടത്തിനു വെളിയിൽ പോകും. വെള്ളം പൂർണ്ണമായി പകരപ്പെടണമെങ്കിൽ കുടം തിരികയിൽ ഉറപ്പിക്കണം. ചാഞ്ചല്യമുള്ള മനസ്സിലേക്ക് അറിവ് പൂർണ്ണമായി പകരപ്പെടുകയില്ല. ആശയങ്ങൾ കൈമാറേണ്ട വ്യക്തിയുടെ മനസ്സ് പാകപ്പെടുത്തിയെടുക്കുന്നത് നേതാവിന്റെ കഴിവാണ്. ചില അദ്ധ്യാപകർ പറയുന്നതു കേട്ടിട്ടുണ്ട്-പഠിപ്പിക്കേണ്ട ഭാഗമെല്ലാം ഞാൻ ഭംഗിയായി പഠിപ്പിച്ചു. നല്ല ശതമാനം കുട്ടികൾ തോൽക്കുമ്പോഴും അദ്ധ്യാപകൻ പറയും ഞാനെന്റെ ജോലി ചെയ്തു, കുട്ടികൾ തോറ്റത് എന്റെ കുഴപ്പം കൊണ്ടല്ല. താൻ പഠിപ്പിക്കുവാൻ ശ്രമിച്ച കാര്യങ്ങൾ കുട്ടികളുടെ ഹൃദയങ്ങളിലേക്കു കയറണമെങ്കിൽ അവരുടെ മനസ്സൊരുക്കിയെടുക്കണം. വിതയ്ക്കുന്നവന്റെ ഉപമ (മത്തായി 13:1-9) നിങ്ങൾ കേട്ടിരിക്കും. നല്ല നിലത്ത് വീഴാത്തതൊന്നും കിളിർക്കുകയില്ല. ബുദ്ധിയുള്ള കർഷകൻ നല്ല മണ്ണിലേ കൃഷിയിറക്കൂ. സമർത്ഥനായ അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ മനസ്സ് പാകപ്പെടുത്തിയതിനുശേഷമേ ആശയങ്ങൾ കൈമാ[illegible] ഭാരതീയ മഹർഷിമാർ അനവധി [illegible]ങ്ങൾ പരിശീലനം നൽകിയാണ് ശിഷ്യന്മാരെ വാർത്തെടുത്തത്. പലരും അറിവു പകർന്നത് ആശ്രമങ്ങളിൽ വച്ചാണ്. കേവലം മൂന്നര വർഷം കൊണ്ടാണ് യേശു തന്റെ ശിഷ്യന്മാരെ അപ്പോസ്തലന്മാരാക്കിയത്. യേശുവിന്റെ കൂടെയുള്ള തീർത്ഥയാത്രയിൽ ഉപമകളിലൂടെയും, അത്ഭുതങ്ങളിൽ കൂടിയും, സംഭവങ്ങളിൽ കൂടിയും തന്റെ ആശയങ്ങൾ ശിഷ്യന്മാരെ ബോദ്ധ്യപ്പെടുത്തി. ഔപചാരിക വിദ്യാഭ്യാസമില്ലാത്ത തന്റെ ശിഷ്യന്മാരെ ഈ യാത്രയ്ക്കിടയിൽ തന്റെ ആശയങ്ങൾ ഉൾക്കൊള്ളുവാൻ സാധിക്കുന്ന രീതിയിൽ പാകപ്പെടുത്തിയെടുത്തു. നിങ്ങളുടെ ആശയങ്ങൾ ലളിതമായ രീതിയിൽ ജനങ്ങൾക്ക് പകർന്നു കൊടുക്കൂ. നേതാവാകുവാനുള്ള ഒരു പടി കൂടി നിങ്ങൾ കയറിയിരിക്കുന്നു.

നാലാമത്, ഒരു പരീക്ഷണമാണ്. ഉദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണതോതിൽ സംവേദനം ചെയ്യപ്പെട്ടിട്ടുണ്ടോയെന്നു മനസ്സിലാക്കുവാൻ ഒരു നേതാവിനു സാധിക്കണം. യേശു ശിഷ്യന്മാരോടു ചോദിച്ചു, ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്? പിന്നീടു ചോദിക്കുന്നു, ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുന്നത്? മറ്റുള്ളവർ പറയുന്നതെന്താണെന്നു മനസ്സിലാക്കി. തന്റെ ശിഷ്യന്മാർ തന്നെ എങ്ങനെയാണ് മനസ്സിലാക്കിയിരിക്കുന്നതെന്നും ഗ്രഹിച്ചു. ഓരോ ഘട്ടത്തിലും ശരിയായ വിലയിരുത്തലുകളില്ലാതെ പോകുന്നതാണ് പല നേതാക്കന്മാരുടെയും പതനത്തിന്റെ കാരണം.

ആശയങ്ങളാണ് ലോകത്തെ ഭരിക്കുന്നത്. ആശയങ്ങൾ രൂപപ്പെടുത്തൂ. ഫലപ്രദമായി സംവേദനം ചെയ്യുവാൻ പഠിക്കൂ. നാളെ നിങ്ങളും ഒരു നേതാവ്, തീർച്ച.

*(തുടരും)*

# പള്ളി പൊളിക്കും മുമ്പെ

ഡോ. ജോസ് പാറക്കടവിൽ



**പഴയതിനെയെല്ലാം ഉപേക്ഷിച്ച് പുതുമയെ പുൽകുന്ന ഒരു സംസ്കാരത്തിനു നാം വിധേയരായി. ഒരു പക്ഷേ, ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുവാൻ പ്രേരിപ്പിക്കുന്ന വ്യവസായ സംസ്കാരം നമ്മുടെ മനസ്സുകളിലേക്കു കടത്തിവിട്ടതാവാം ഈ നശീകരണവ്യഗ്രതയെ. എന്നാൽ, നാം പൊളിച്ചു കളയുകയും വലിച്ചെറിയുകയും ചെയ്യുന്ന പലതും പിന്നിട്ടു പോന്ന ചരിത്രപാതകളുടെ സ്മാരകങ്ങളാണെന്ന സത്യം ആരും ഓർക്കുന്നതേയില്ല.**

പഴമയോടുള്ള ആദരം ഭാരതീയ സംസ്കാരത്തിന്റെ മുഖ്യധാരകളിലൊന്നായിരുന്നു. പുരാതനമായതെന്തിനും മഹത്ത്വം കൽപ്പിക്കുന്ന ഈ മനോഭാവം പക്ഷേ, എവിടെ വച്ചോ, നമുക്കു നഷ്ടമായി. പഴയതിനെയെല്ലാം ഉപേക്ഷിച്ച് പുതുമയെ പുൽകുന്ന ഒരു സംസ്കാരത്തിനു നാം വിധേയരായി. ഒരു പക്ഷേ, ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുവാൻ പ്രേരിപ്പിക്കുന്ന വ്യവസായ സംസ്കാരം നമ്മുടെ മനസ്സുകളിലേക്കു കടത്തിവിട്ടതാവാം ഈ നശീകരണവ്യഗ്രതയെ. എന്നാൽ, നാം പൊളിച്ചു കളയുകയും വലിച്ചെറിയുകയും ചെയ്യുന്ന പലതും പിന്നിട്ടു പോന്ന ചരിത്രപാതകളുടെ സ്മാരകങ്ങളാണെന്ന സത്യം ആരും ഓർക്കുന്നതേയില്ല. വലിച്ചെറിയൽ സംസ്കാരത്തെ പ്രോൽസാഹിപ്പിച്ച അമേരിക്കൻ ജനത പുരാതനമായ എന്തിനെയും സംരക്ഷിക്കുവാനുള്ള വ്യഗ്രതയിലാണിപ്പോൾ എന്ന വസ്തുത നാം മനസ്സിലാക്കുന്നതു നന്നായിരിക്കും.

നാഷനൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജി ഈയിടെ സംഘടിപ്പിച്ച 'വാസ്തുവിദ്യാരംഗത്തെ പാരമ്പര്യസംരക്ഷണം' എന്ന സെമിനാറിൽ ഉൽഘാടകൻ ഡോ. എസ്. എസ്. ഗോഖലെ ഇക്കാര്യം എടുത്തു പറഞ്ഞു. ഭൂതകാലചരിത്രം കുറച്ചു മാത്രം അവകാശപ്പെടാറുള്ള അമേരിക്കക്കാർ അവരുടെ പഴയ കെട്ടിടങ്ങൾ പൊളിച്ചു കളയാതെയും പൊളിഞ്ഞു പോകാതെയും നിലനിർത്തുവാൻ നൂതനസാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ടിരിക്കയാണ് എന്നദ്ദേഹം പറയുകയുണ്ടായി. കേരളത്തിൽ അടുത്ത കാലത്ത് പൊളിച്ചു കളഞ്ഞ പുരാതന ദേവാലയങ്ങളുടെയും തറവാടുകളുടെയും എണ്ണം എത്രയെന്നു പറയാനാവില്ല. ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ഈടുവയ്പുകൾ നിർദാക്ഷിണ്യം തകർത്തു കളയുകയും കോൺക്രീറ്റിന്റെ ബീഭത്സരൂപങ്ങൾ ഉയർന്നുവരികയും ചെയ്യുന്നത് കേരളീയസമൂഹം നിർവികാരമായി കണ്ടുകൊണ്ടിരിക്കുന്നു. ശാശ്വതമായ ഈ ദേശീയ വിപത്തിനെതിരേ ഒറ്റപ്പെട്ട ചില പ്രതിഷേധശബ്ദങ്ങൾ ഉയർന്നിട്ടുണ്ടെങ്കിലും നശീകരണം തുടരുകയാണ്.

ക്രൈസ്തവസഭകൾക്ക് ഈ രംഗത്തു നിർണ്ണായകമായ ഒരു പങ്കു വഹിക്കുവാനുണ്ട്. ക്രിസ്തുവർഷാരംഭം മുതൽ ഈ നാടിന്റെ സാംസ്കാരികചരിത്രത്തിൽ സ്ഥാനം പിടിച്ച സഭ അതിന്റെ ചരിത്രസ്മാരകങ്ങൾ നശിപ്പിച്ചു കളയുന്നത് സ്വന്തം സംസ്കാരത്തോടും ദേശത്തിന്റെ സംസ്കാരത്തോടും കാട്ടുന്നു ഉദാസീനതയാണ്.

**ഏതാണ്ട് കാൽ നൂറ്റാണ്ടു കാലമായി, പള്ളി പൊളിച്ചു പണിയുക ഇവിടുത്തെ സഭകളുടെ പൊതുപരിപാടിയായി മാറിയിരിക്കയാണ്. യാതൊരു കേടുപാടുമില്ലാത്ത മനോഹര ദേവാലയങ്ങൾ കൂടി നശിപ്പിച്ചു കളയുന്നു.** വിവരവും വിവേകവുമുള്ളവരുടെ സംഖ്യ സമൂഹത്തിൽ എപ്പോഴും കുറവായിരിക്കും. ഭൂരിപക്ഷത്തെ കൂടെ നിർത്തുവാൻ കഴിവുള്ള ചർച്ച് കമ്മിറ്റികൾ പള്ളി പൊളിക്കണമെന്നു തീരുമാനിച്ചാൽ അത് അനായാസമായി നടപ്പിലാകയും ചെയ്യും. എന്നാൽ പൊളിച്ചു കളയുന്ന ഓരോ പള്ളിയും ദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടതാണ്. ദേവാലയം സ്ഥാപിച്ച വ്യക്തികളുടെയും അവർ ജീവിച്ച സമൂഹത്തിന്റെയും ത്യാഗവും സ്നേഹവും ഔദാര്യവും നിറഞ്ഞ അനുഭവങ്ങൾ അവയ്ക്കു പറയുവാനുണ്ട്. പല കാലങ്ങളിൽ, പല സംസ്കാരങ്ങളുടെ സ്വാധീനതയിൽ, അവയുടെ രൂപമാതൃകകളിൽ വന്ന പരിണാമങ്ങൾ ചരിത്രത്തിന്റെ ഒളി മങ്ങാത്ത ഓർമ്മക്കുറിപ്പുകളാണ്. സ്വദേശികളും വിദേശികളുമായ വിശ്വാസികളുടെ അദ്ധ്വാനത്തിലൂടെ ഉയർന്നുവന്ന ആ ദേവാലയങ്ങൾക്കുള്ളിൽ അവരുടെ തപ്തനിശ്വാസങ്ങൾ ഇപ്പോഴും നിറഞ്ഞുനിൽക്കുന്നു.

ഹൈറേഞ്ചിലെ തേയിലത്തോട്ടങ്ങൾക്കിടയിൽ, പള്ളിക്കുന്ന് എന്നറിയപ്പെടുന്ന ചെറിയ കുന്നിൻമുകളിലെ കൊച്ചു പള്ളികൾ ചെറുതാണെങ്കിലും എത്ര സുന്ദരമാണ്. കേരളത്തിൽ ചരമമടഞ്ഞ വിദേശികൾ അവയ്ക്കരികെ അന്ത്യവിശ്രമം കൊള്ളുന്നു. ജന്മനാട്ടിൽ നിന്നെത്രയോ അകലെ മറ്റൊരു നാട്ടിലെത്തി അവിടുത്തെ മണ്ണിനെയും മനുഷ്യരെയും സ്നേഹിക്കയും അവിടെത്തന്നെ അന്ത്യനിദ്ര കൊള്ളുകയും ചെയ്ത സുകൃതികൾ! ദേശീയ വാസ്തുവിദ്യാ രീതികളവലംബിച്ചും വൈദേശിക രൂപമാതൃകകളനുസരിച്ചും നിർമ്മിച്ചവ പുരാതന ദേവാലയങ്ങളുടെ കൂട്ടത്തിലുണ്ട്. അവയുടെ നിർമ്മാണരീതികളിൽ നിന്ന് പുതിയ തലമുറയ്ക്കു പലതും പഠിക്കുവാനുണ്ട്. അതാതു സ്ഥലത്തു ലഭ്യമാകുന്ന നിർമ്മാണസാമഗ്രികളുപയോഗിച്ചു മാത്രമാണ് മിക്ക പള്ളികളും പണിതിരുന്നത്. ഇതൊക്കെ പഠനവിധേയമാകേണ്ടതാണ്.

ചരിത്രത്തിന്റെയും സംസ്കാരത്തി



# നിങ്ങളെഴുതുന്ന സുവിശേഷം

ഫാദർജി

**നല്ല സുവിശേഷമെഴുതാൻ ജീവിതം ഒരു സമർപ്പിത സ്തോത്രയാഗമായി മാറ്റണം. ക്രിസ്തുവും അവന്റെ പ്രമാണങ്ങളും ജീവിതത്തിലില്ലാതെ അംശവസ്ത്രം എത്ര നിരയിട്ടാലും, സ്ഥാനമാനങ്ങളെത്ര പിടിച്ചു പറ്റിയാലും വെറുമൊരു തര്യൻ സുവിശേഷമായിത്തീരും നിങ്ങൾ.**

നിങ്ങൾ സുവിശേഷം നാലും വായിച്ചിട്ടുണ്ടാവുമല്ലോ? ചോദിക്കട്ടെ, പാറേൽപ്പള്ളി ഇടവകാംഗം ശ്രീ. തര്യൻ എഴുതിയ സുവിശേഷം വായിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ, തീർച്ചയായും ഒന്നു വായിക്കേണ്ട സാധനമാണത്.

തര്യനു പ്രായം 50. കോടിപതി, പാറേൽപ്പള്ളി പ്രമാണി, സഭാനേതാവ്, നാട്ടുപ്രമാണി, രാഷ്ട്രീയ ചരടുവലികളിൽ വിദഗ്ധൻ. ഇതിനെല്ലാം പുറമെ, കരിസ്മാറ്റിക് യോഗസംഘാടകൻ. തര്യന്റെ സുവിശേഷം വീട്ടുകാർക്കും നാട്ടുകാർക്കും കാണാപ്പാഠമാണ്. അത് സംഭവബഹുലവും സെൻസേഷണലും മെലോഡ്രാമയുമാണ്. ഒരു യോദ്ധാവാണ് തര്യൻ. കീഴടക്കുക, വിജയിക്കുക അധിപതിയാവുക എന്നതാണ് മുഖ്യലക്ഷ്യം. കൊണ്ടും കൊടുത്തും ഭീഷണിപ്പെടുത്തിയും, ചതിച്ചും വഞ്ചിച്ചും തന്റെ ലക്ഷ്യം നേടുന്നതിൽ അദ്ദേഹം ഇന്നു വരെ വിജയിച്ചിട്ടേയുള്ളൂ. പന്തുമായി ഗോൾ പോസ്റ്റിലേക്ക് കുതിക്കുന്ന അത്‌ലറ്റാണ് തര്യൻ. അനേകരുടെ സ്വപ്നങ്ങൾ അയാൾ ചവിട്ടിമെതിച്ചിട്ടുണ്ട്. നിരപരാധികളെ കുരിശു ചുമപ്പിച്ചിട്ടുണ്ട്. നേതാവാകാൻ സംഘടനകളിൽ ഇടിച്ചുകയറി ഇടർച്ചയുണ്ടാക്കിയിട്ടുണ്ട്. കൂടാതെ, കള്ളകോൺട്രാക്ടും കുപ്പു കുംഭകോണവുമായി ഇട്ടുമൂടാൻ മാത്രം വാരിക്കൂട്ടിയിട്ടുണ്ട്. തര്യന്റെ സുവിശേഷം ഒന്നാമദ്ധ്യായത്തിന്റെ ഇതിവൃത്തമാണിത്.

രണ്ടാം അദ്ധ്യായം ചോരയിൽ മുക്കിയെഴുതിയ ചെമന്ന അക്ഷരങ്ങളാണ്. സുന്ദരിയും അലിവുള്ള ജീവിതസഖിയുമാണ് തര്യന്റെ പ്രിയതമ. പക്ഷേ അവൾ പാചകക്കാരിയും, ലഹരിയുണ്ടു മയങ്ങുമ്പോൾ റിലാക്സ് ചെയ്യാനുള്ള തലയിണയും മാത്രമാണയാൾക്ക്. ഓരോ രാത്രികളിലും തര്യന്റെ ലഹരിക്ലബുകളിൽ അരങ്ങേറുന്ന ചൂതുകളിക്കുശേഷം മൃഗയാ വിനോദത്തിന് ഒരു മനുഷ്യപുത്രിയെ വാടകയ്ക്ക് കൊണ്ടുവരും. തര്യനും കൂട്ടുകാരായ ഹിംസ്രജന്തുക്കളും കൂടി അതിനെ കടിച്ചുകീറി നിണമൂറ്റിക്കുടിച്ച് വലിച്ചെറിയും. സിംഹരാജനുപോലും ഇര പിടിക്കുമ്പോൾ വിശപ്പടക്കുവാൻ വേണ്ടിമാത്രമെന്ന ഒരു നിയമമുണ്ട്. പക്ഷേ മനസ്സാക്ഷിയിൽ കാൻസർ ബാധിച്ച ഈ കാപാല കശ്മലൻ കണ്ണിൽക്കാണുന്ന പൂമൊട്ടുകളൊക്കെ പറിച്ചെടുത്ത് പിച്ചിച്ചീന്തി നിലത്തെറിഞ്ഞ് പൈശാചിക അട്ടഹാസമുയർത്തും. വികാരവേട്ടയ്ക്കുശേഷം വീട്ടിലെത്തിയാൽ തര്യൻ വീട് കുരുതിക്കളമാക്കും. ഭാര്യയും കുട്ടികളും പ്രാണരക്ഷാർത്ഥം ഓടിയൊളിക്കും.

മൂന്നാം അദ്ധ്യായം തര്യന്റെ ആത്മീയ ജീവിതമാണ്. ശനിയാഴ്ച അർദ്ധരാത്രി വരെ ഏതു ചെളിക്കുണ്ടിൽ കിടന്നാലും ശാബതിന് തേച്ചുമിനുക്കിയ ഖദറുമണിഞ്ഞ് സമാധാനത്തോടെ പോകുവിൻ എന്ന ആശീർവാദത്തോടടുപ്പിച്ച് തര്യൻ പള്ളിയിലെത്തും. പള്ളി അദ്ദേഹത്തിന്റെ കൈയിലെ മോതിരംപോലെയാണ്. തിരുമേനിയും അൽമേനിയും പട്ടക്കാരനും ഭരണസമിതിക്കാരുമൊക്കെ തര്യനു വെറും സേവകർ മാത്രം. പള്ളി നടത്തിപ്പിനുള്ള പൈസയിറക്കുന്നത് തര്യനാണ്. അത്യാവശ്യമായി വരുമ്പോൾ തിരുമേനിമാർ സ്ലീബ തിരശ്ചീനമായി പിടിച്ചുകൊണ്ട് ഓടിച്ചെല്ലുന്നത് തര്യന്റെ അടുത്തേക്കാണ്. പൂജപ്പണിക്കപ്പുറം എന്തെങ്കിലും കാര്യം പറയാൻ പാറേൽപ്പള്ളിയിലെ ഒരച്ചനെയും അയാൾ സമ്മതിക്കില്ല. സെല്ലുലർ ഫോണിൽ അരമനയിലേക്ക് ഒന്നു വിളിച്ചാൽ ഏതിനത്തിലുള്ള കൽപ്പനയും മിനിട്ടുകൾക്കകം കയ്യിലെത്തും. അതിനു അരമന വിസമ്മതിച്ചാൽ ഒരു ഇന്റർനാഷണൽ കോൾ മതി തര്യന് മെത്രാനെ ഔട്ടാക്കാൻ!

ദൈവഭയംകൊണ്ടോ ആത്മാവിനു പുണ്യം കിട്ടാനോ അല്ല തര്യൻ പള്ളിയിൽ വരുന്നത്. തന്റെ നമ്പരുകളിൽ ഒന്നാണത്. ആളുകളും സ്ഥാപനങ്ങളും കയ്യിലുണ്ടായിരുന്നാൽ മറ്റു ബിസിനസുകൾക്കും പരോക്ഷമായി പ്രയോജനമുണ്ടാകും. പരദൂഷണം കേൾക്കാനും പാദസേവകരെ കണ്ടെത്താനും ആത്മീയനേതാക്കന്മാരെ വിലപേശി വാങ്ങാനുമാണ് തര്യൻ പള്ളിയിൽ വരുന്നതും ആത്മീയത്തിൽ മുതലിറക്കുന്നതും. പള്ളിപ്രസംഗവും സുവിശേഷവും കേൾക്കുമ്പോൾ സത്യം പറഞ്ഞാൽ തര്യനൊന്നും മനസ്സിലാകാറില്ല. ഒന്നാമത്, അദ്ദേഹം ബൈബിൾ വായിച്ചിട്ടില്ല. പിന്നെ നിലത്ത് ഏറെനേരം കുത്തിയിരിക്കാൻ എമ്പടി വികസിത ശരീരം സഹകരിക്കില്ല. അതിനിടയ്ക്ക് അഞ്ചാറ് ബിസിനസ് ബീപ്പും വരും.

നിത്യരക്ഷ, ആത്മരക്ഷ, ജീവരക്ഷ തുടങ്ങിയ രക്ഷകളുടെ പ്രസംഗം കേൾക്കുമ്പോൾ തര്യനു ദേഷ്യം വരും. രക്ഷയെപ്പറ്റി തൊണ്ട പൊട്ടിച്ച് കാറുന്ന എത്ര പേർ രക്ഷപ്പെട്ടിട്ടുണ്ടെന്നാണ് അയാൾ ചോദിക്കുന്നത്. നാലു തുട്ടിനുവേണ്ടി കൈനീട്ടുന്ന

(ശേഷം പേജ് 8)

---

ന്റെയും പ്രാചീന ജനവിജ്ഞാനത്തിന്റെയും ഭാഗമായ പഴയ പള്ളികൾ നശിപ്പിക്കാതെ സൂക്ഷിക്കുവാൻ സഭകൾ പ്രത്യേകം ശ്രദ്ധിക്കണം. ഈ മേഖലകളിൽ ആവശ്യമായ വിദഗ്ദ്ധോപദേശങ്ങളും സാങ്കേതികസഹായവും നൽകുവാൻ കഴിയുന്ന ഒരു സ്ഥാപനം സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്നുണ്ട്. ഫ്രഞ്ച് വനിത ലൂബറ ഷീൽഡ് ആണ് ഈ ആശയത്തിന്റെ ഉപജ്ഞാതാവ്. വാസ്തുവിദ്യാവിദഗ്ദ്ധരായ കണിപ്പയൂർ കൃഷ്ണൻ നമ്പൂതിരി, ഡോ. എ. അച്യുതൻ, ഡോ. കെ. മോഹനൻ നായർ എന്നിവർ ഡയറക്ടർ പി. എൻ. സുരേഷിനൊപ്പം ഇവിടെ പ്രവർത്തിക്കുന്നു. അമ്പതു വർഷത്തിനുമേൽ പഴക്കമുള്ള പള്ളികളുടെ വിവരങ്ങൾ ഇവർ ശേഖരിച്ചുവരികയാണ്. ●

വ്യക്തിജീവിതങ്ങളെ നന്നാക്കിയെടുക്കാൻ ക്ഷമാശീലത്തിനു സാധിക്കുമെന്ന് ഉറപ്പുണ്ട്. സമയമില്ലാത്തതല്ല, ക്ഷമയില്ലാത്തതാണ് ഇന്നത്തെ കാതലായ പ്രശ്നം.

# ക്ഷമാശീലം

ജോർജ് ബഹനാൻ ടി (കൗൺസലർ & തെറാപ്പിസ്റ്റ്)



**കൊ**റിയയിലെ ഒരു നാടോടിക്കഥയിതാ. യുൻ ഓക് എന്ന സ്ത്രീയുടെ ഭർത്താവ് യുദ്ധസേവനത്തിനുശേഷം വീട്ടിൽ മടങ്ങിയെത്തി. അയാളുടെ സ്വഭാവമാകെ മാറിയിരുന്നു. ഒന്നിനും സഹകരിക്കില്ല; എല്ലാത്തിനും വഴക്ക്. യുൻ ആകെ തകർന്നുപോയി. അവൾ ഒരു സന്യാസിയെക്കണ്ട് സങ്കടമുണർത്തിച്ചു. അയാൾ കുറെ നേരം ധ്യാനത്തിലിരുന്നതിനുശേഷം ഭർത്താവിനു കൊടുക്കാൻ ഒരു മാന്ത്രികമരുന്ന് ഉണ്ടാക്കിത്തരാമെന്ന് അവളോടു പറഞ്ഞു. പക്ഷേ ഈ മരുന്നിലടങ്ങുന്ന ഒരു ഘടകം ജീവനുള്ള കടുവയുടെ മീശയാണ്. സ്ത്രീ ഞെട്ടിപ്പോയി. മരുന്നു വേണോ മീശ വേണം, സന്യാസി ശഠിച്ചു. കടുവ താമസിക്കുന്ന മലയിലുള്ള ഒരു ഗുഹയെപ്പറ്റി അവൾ കേട്ടിരുന്നു. ഇറച്ചിയുമായി അവൾ ഗുഹയുടെ അടുത്തെത്തി. പക്ഷേ കടുവ ഇറങ്ങി വന്നില്ല. പല ദിവസം അവൾ ഭക്ഷണവുമായി ഗുഹയുടെ അടുത്തെത്തി. ഒരു ദിവസം കടുവ ഭക്ഷണം തിന്നു. കടുവയ്ക്ക് യുനിനെ ഇഷ്ടമായി. പിന്നെയും പല ദിവസങ്ങൾ കഴിഞ്ഞപ്പോൾ യുൻ കടുവയെ തലോടി. തലോടൽ മാസങ്ങളോളം തുടർന്നു. ഒരു ദിവസം യുൻ കടുവയുടെ മീശയിൽ പിടിച്ചൊരു വലി. ഒരു മീശ കൈയിൽ! പക്ഷേ കടുവ ഒന്നും ചെയ്തില്ല. മീശയുമായി യുൻ സന്യാസിയുടെ മുൻപിലെത്തി. മീശ കടുവയുടേതാണെന്നും അത് കിട്ടാൻ ക്ഷമയോടെ പരിശ്രമിച്ചെന്നും സന്യാസിക്ക് മനസ്സിലായപ്പോൾ അദ്ദേഹം ആ മീശ തീയിലിട്ട് ചുട്ടുകളഞ്ഞു. യുനിന് സങ്കടവും ദേഷ്യവും ഉണ്ടായി. വളരെ ക്ഷമയോടും സഹനശക്തിയോടും നയപരമായ പെരുമാറ്റത്തിലൂടെ ക്രൂരനായ കടുവയുടെ സ്നേഹവും വിശ്വാസവും ആർജ്ജിച്ചെടുക്കാമെങ്കിൽ അത്രയും ക്രൂരനല്ലാത്ത നിങ്ങളുടെ ഭർത്താവിനെ മെരുക്കിയെടുക്കാൻ ഒരു മാന്ത്രിക മരുന്നും ആവശ്യമില്ല. ഒരു പുതിയ ഉൾക്കാഴ്ചയോടു കൂടി അവൾ തിരിച്ചുപോയി. അന്തിമമായ ജീവിതവിജയത്തിന്റെ അനിവാര്യഘടകം ക്ഷമാശീലമാണ്.

പക്ഷിമൃഗാദികൾക്ക് ജന്മവാസനയായി ധാരാളം ക്ഷമാശീലമുണ്ട്. പക്ഷേ മനുഷ്യൻ ബോധപൂർവം ഉണ്ടാക്കിയെടുക്കേണ്ട ഒരു മനശ്ശക്തിയാണ് ക്ഷമാശീലം.

വേഗതയുടെ കാലഘട്ടത്തിലാണു നാം. ആശയവിനിമയം, ആഹാരം, മരുന്ന്, യാത്ര ഇതിനെല്ലാം വേഗതയുടെ മുഖമുദ്രയാണ്. ഇതുകൊണ്ടൊന്നും ആധുനിക മനുഷ്യൻ അവന്റെ ജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിച്ചിട്ടില്ല. കാരണം, വേഗത മനുഷ്യന്റെ ക്ഷമാശീലം നശിപ്പിച്ചു. അതോടെ എല്ലാം തകരാറിലായി. നമുക്കു പരിചിതമായ 'പൊൻമുട്ടയിടുന്ന താറാവിന്റെ കഥ'യിലെ ഉടമസ്ഥൻ ഈ കാലഘട്ടത്തിന്റെ പ്രതിനിധിയാണ്. ദിവസം ഒരു പൊൻമുട്ട വീതം കിട്ടിയാൽ ദീർഘനാൾ കാത്തിരിക്കണം പണക്കാരനാകാൻ! ക്ഷമയില്ലാതെ അയാൾ ആ താറാവിനെ കൊന്നു. അതോടെ അയാളുടെ എല്ലാ സ്വപ്നങ്ങളും തകർന്നു!

ക്ഷമാശീലം പിശാചിനെ കീഴടക്കുമെന്നാണ് ജർമ്മനിയിലെ ഒരു പഴഞ്ചൊല്ല്. പക്ഷേ ഒരു നിമിഷത്തെ ക്ഷമയില്ലായ്മ ജീവിതത്തെ മുഴുവൻ നശിപ്പിക്കുമെന്നാണ് ഒരു ചൈനീസ് പഴഞ്ചൊല്ല്. അതേ സമയം, വ്യക്തിജീവിതങ്ങളെ നന്നാക്കിയെടുക്കാൻ ക്ഷമാശീലത്തിനു സാധിക്കുമെന്നുറപ്പുണ്ട്. സമയമില്ലാത്തതല്ല, ക്ഷമയില്ലാത്തതാണ് ഇന്നത്തെ കാതലായ പ്രശ്നം. പ്രശ്നങ്ങളുമായി മല്ലടിക്കുന്നവരോടൊത്ത് നാം സമയം ചിലവഴിച്ചാൽ നമുക്കവരെ മാറ്റിയെടുക്കാൻ സാധിക്കും. ക്ഷമയോടെ അവരുടെ പ്രശ്നങ്ങൾ കേൾക്കാനും മനസ്സിലാക്കാനും സാധിക്കണം. ക്ഷമാശീലമില്ലാത്ത അച്ഛനമ്മമാരാണ് മക്കളുടെ ശാപം. കുട്ടികളോടൊപ്പമിരുന്ന് അവർ പറയുന്ന കാര്യങ്ങൾ കേൾക്കാനും, അവരുടെ വികാരം ഉൾക്കൊള്ളാനുമുള്ള ക്ഷമ മുതിർന്നവർക്കുണ്ടാകണം.

ഞാൻ പറയുന്നതു കേൾക്കാനുള്ള ക്ഷമ അമ്മയ്ക്കില്ല, അച്ഛനുമില്ല. പിന്നെ ഞാനാരോടാണു പറയുക? ഒരു പെൺകുട്ടിയുടെ പരാതിയാണിത്. ആയിരക്കണക്കിനു കുട്ടികളുടെ അനുഭവമിതാണ്. കുട്ടികളുടെ മാനസിക വളർച്ചയിൽ ക്ഷമാശീലമുള്ള അച്ഛനമ്മമാരുടെ പങ്ക് നിർണായകമാണ്. ക്ഷമാശീലത്തിന്റെ അഭാവം വളരെ വൈകൃതമായ ഒരു ഇൻസ്റ്റന്റ് സംസ്കാരത്തെ സൃഷ്ടിച്ചിരിക്കുന്നു. എളുപ്പത്തിൽ പണമുണ്ടാക്കാനുള്ള മാർഗ്ഗം തുടങ്ങി പെട്ടെന്ന് സുഖപ്പെടാനുള്ള മാർഗ്ഗം വരെ അതെത്തിനിൽക്കുന്നു. ഒരു പുരുഷായുസ്സു കൊണ്ട് ഒരാൾ പത്തു ലക്ഷം രൂപ സമ്പാദിക്കുമ്പോൾ കള്ളനോട്ടടിച്ച് മാസങ്ങൾ കൊണ്ട് ചിലർ കോടിക്കണക്കിനു രൂപയുണ്ടാക്കുന്നു. ഔഷധമൂല്യമുള്ള ആരോഗ്യ പരിപാലന വസ്തുക്കളുടെ പേരു പറഞ്ഞ് ജനങ്ങളെ പറ്റിച്ച് കോടികൾ വിഴുങ്ങിയ കോൺട്രിബയോ കമ്പനി ഒടുവിൽ പൊതുജനങ്ങളോട് മാപ്പു പറഞ്ഞ കാര്യം പത്രവാർത്തയായിരുന്നു. കേരളത്തിൽ നിന്നു മാത്രം 550 കോടി രൂപ അവർ ആറു വർഷം കൊണ്ട് ഉണ്ടാക്കി. ഇതിന്റെയെല്ലാം തുടക്കം ക്ഷമയില്ലായ്മയിൽ നിന്നാണെന്നു വ്യക്തം. ചിലർ കഷ്ടപ്പെട്ടു പഠിച്ച് മാർക്കു വാങ്ങിക്കുമ്പോൾ അതിനു ക്ഷമയില്ലാത്തവർ കോപ്പിയടിച്ച് റാങ്ക് വരെ കരസ്ഥമാക്കുന്നു.

ക്ഷമയില്ലാത്ത അവസ്ഥ സമൂഹത്തെ വലിയ തിന്മയിലേക്കാണു നയിക്കുന്നത്. വായനാശീലം കോമിക്കുകൾ വായിക്കുന്നതിലൊതുങ്ങുകയും, ടെലിവിഷന് നമ്മുടെ ഇളംതലമുറ അടിമയാവുകയും ചെയ്തത്, അവരെ വലിയൊരു അധഃപതനത്തിലെത്തിച്ചിരിക്കുന്നു. ടെലിവിഷനിലെ കാർട്ടൂണുകളാണ് ഏറെ അപകടം. അത് കണ്ടു രസിക്കാൻ ക്ഷമയാവശ്യമില്ല. റിമോട്ട് കൺട്രോൾ ഉപയോഗിച്ച് കസേരയിൽ നിന്നെഴുന്നേൽക്കാതെ ചാനലുകൾ മാറ്റി ടി.വി.യുടെ മുൻപിൽ അവൻ ചടഞ്ഞുകൂടിയിരിക്കുന്നു. കാർട്ടൂണുകളിലെ ജീവിതവുമായി ബന്ധമില്ലാത്ത ജീവികളും വ്യക്തികളും അവന്റെ ഭാവനയെ വികലമാക്കുന്നു. വലിയ കണ്ടുപിടിത്തങ്ങളുടെയെല്ലാം പുറകിലുള്ളത് ക്ഷമാശീലമാണ്. നൂറു മീറ്റർ ഓടാൻ കായിക താരങ്ങൾ ആയിരക്കണക്കിനു കിലോമീറ്ററുകൾ ഓടി പരിശീലിക്കുന്നു. ജിംനാസ്റ്റിക്കിൽ അത്ഭുതകരമായ പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികളുടെ പരിശീലനം തുടങ്ങുന്നത് നന്നേ ചെറുപ്പത്തിലാണ്. ഇതിന്റെയെല്ലാം

പുറകിലുള്ള ശക്തി ക്ഷമാശീലം തന്നെ.

ഇലക്ട്രിക് ബൾബിന്റെ ഫിലമെന്റുണ്ടാക്കാൻ തോമസ് ആൽവ എഡിസൺ ഇരുനൂറു തരം പദാർത്ഥങ്ങൾ പരീക്ഷിച്ചു. എല്ലാം പരാജയമായിരുന്നു. അപ്പോൾ എഡിസന്റെ കൂട്ടുകാരൻ പറഞ്ഞു: സുഹൃത്തേ, നിങ്ങൾ ഇരുനൂറ് പ്രാവശ്യം പരാജയപ്പെട്ടു. എന്തുകൊണ്ട് ഈ പരീക്ഷണം ഉപേക്ഷിച്ചുകൂടാ. അപ്പോൾ എഡിസൺ പറഞ്ഞു: ഒരിക്കലുമില്ല. ഉപയോഗിക്കാൻ പറ്റാത്ത ഇരുനൂറു സാധനങ്ങൾ ഞാൻ കണ്ടുപിടിച്ചു. ഇനിയും അതു തുടരും. അവസാനം, എഡിസൺ ബൾബുണ്ടാക്കി.

ക്ഷമാശീലം വളർത്തിയെടുക്കാം. അതിന് ചെറുപ്പത്തിലേ പരിശീലനമാവശ്യമാണ്. നല്ല പുസ്തകങ്ങൾ വായിക്കുക, പടങ്ങൾ വരച്ച് നിറങ്ങൾ കൊടുക്കുക, സംഗീതോപകരണങ്ങൾ പഠിക്കുക ഇതൊക്കെ ക്ഷമാശീലം വളർത്തിയെടുക്കാൻ സഹായിക്കും. അടുക്കളജോലികൾ ചെയ്യുക, ചെടികൾ നടുക, ചൂണ്ടയിട്ടു മീൻ പിടിക്കുക ഇതെല്ലാം വളരെ നല്ല ഹോബികളാണ്. തേങ്ങ ചിരണ്ടുന്നതു തുടങ്ങി വീട്ടുജോലികൾ, കമ്പ്യൂട്ടറിന്റെ മുൻപിലിരിക്കുന്നതിനേക്കാൾ നൂറിരട്ടി ക്ഷമാശീലവും ബുദ്ധിയും വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഒരാൾ മുട്ടുകുത്തി ദൈവത്തോടു യാചിച്ചു. ദൈവമേ, എനിക്ക് ഒട്ടും ക്ഷമയില്ല. സഹനശക്തിയില്ല. എന്നെ ക്ഷമ പഠിപ്പിക്കണമേ. ദൈവം പ്രാർത്ഥന കേട്ടു. ദൈവം അയാൾക്ക് മുശേട്ടയായ ഒരു ഭാര്യയെ കൊടുത്തു. ഈ കൊച്ചു കഥയിൽ നർമ്മം ഉണ്ട്; പക്ഷേ അതിലേറെ, ചിന്തയുണ്ട്. ജീവിത്തിലുണ്ടാകുന്ന ഓരോ പ്രതിസന്ധിയെയും ക്ഷമാശീലം വളർത്തിയെടുക്കാനുള്ള ഉപാധിയാക്കണം. നമ്മുടെ ആത്മീയ ജീവിതത്തിലെ ഏറ്റവും വലിയ പ്രശ്നം ക്ഷമയില്ലായ്മയാണ്. ക്ഷമയോടെ ദൈവഹിതമറിയാനുള്ള കാത്തിരിപ്പ് നമുക്കിഷ്ടമില്ല. പ്രാർത്ഥിച്ചാലുടനെ ഫലം കിട്ടണം. ഉത്തരം താമസിച്ചാൽ ക്ഷമ കെടും. ദൈവത്തിന്റെ സമയത്തിനുവേണ്ടി ക്ഷമയോടെയുള്ള കാത്തിരിപ്പാണ് ക്രിസ്തീയ ജീവിതവിജയത്തിന്റെ മർമ്മം.

**ദൈവത്തിന്റെ സമയത്തിനു വേണ്ടി ക്ഷമയോടെയുള്ള കാത്തിരിപ്പാണ് ക്രിസ്തീയ ജീവിതവിജയത്തിന്റെ മർമ്മം.**

## നിങ്ങളെഴുതുന്ന സുവിശേഷം *(പേജ് 6 തുടർച്ച)*

ദരിദ്രവാസികളാണല്ലോ എല്ലാ ആത്മീയ പ്രസംഗകരും. രക്ഷിക്കപ്പെടണമെങ്കിൽ വാചകമടിച്ചിരുന്നാൽ പോരാ. മുതലിറക്കി കളിയും കള്ളക്കളിയും കളിക്കണം. അതാണ് തര്യന്റെ രക്ഷയുടെ സുവിശേഷം. ദൈവത്തിന്റെ ചിറ്റാളന്മാരായ ആത്മീയ നേതാക്കന്മാരെ മൊത്തമായും ചില്ലറയായും വിലയ്ക്കു വാങ്ങുന്ന തര്യന് ആത്മീയത്തിൽ അപ്രാപ്യമായിട്ടെന്തെങ്കിലുമുണ്ടെന്ന് നാളിതുവരെ തോന്നിയിട്ടില്ല. ഉടയോനും വഴിപാടു വാങ്ങുന്ന കക്ഷിയായതുകൊണ്ട് അങ്ങേരെ എങ്ങനേം കൈകാര്യം ചെയ്യാമെന്നുറപ്പുണ്ട്. തര്യന്റെ സുവിശേഷത്തിൽ ഇനിയും അദ്ധ്യായങ്ങൾ ഏറെയുണ്ട്. പക്ഷെ വായിക്കാൻ നമുക്കു സമയമില്ല.

ക്രിസ്ത്യാനികൾ എല്ലാവരാലും അറിയപ്പെടുന്ന സുവിശേഷമാണെന്നാണ് സെയ്ന്റ് പോൾ കൊരിന്ത്യ ലേഖനത്തിൽ പറയുന്നത്. ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾ തന്നെ. (വേദഭാഗം ആവശ്യമുള്ളവർ തേടി കണ്ടുപിടിക്കുക.)

നമ്മുടെ പെരുമാറ്റ സംസാരങ്ങൾ കൂട്ടിച്ചേർത്തു വായിക്കുന്നവർക്ക് നാം ആരാണെന്ന് മനസ്സിലാക്കാൻ മനഃശാസ്ത്രസിദ്ധികളൊന്നും ആവശ്യമില്ല. അനേകായിരങ്ങൾ തങ്ങളുടെ ജീവിത ശൈലികൊണ്ടെഴുതിയ സുവിശേഷങ്ങളുടെ സംഗ്രഹമാണല്ലോ ബൈബിൾ. അധമരും സാത്വികരും അതിലെ കഥാപാത്രങ്ങളാണ്. **ഓർമ്മിക്കുക, നിങ്ങളും സുവിശേഷം എഴുതുകയാണ്. ഓരോ ദിവസവും ഓരോ ചാപ്ടർ. ഓരോ പ്രവൃത്തിയും സംസാരവും അദ്ധ്യായത്തിലെ ഓരോ വാചകവും നിങ്ങൾ എഴുതുന്നത് മറച്ചുപിടിക്കാനാവില്ല.** എല്ലാവരും അതു വായിക്കുന്നുണ്ട്. അസൂയയും പകയും വെല്ലുവിളിയും കൊണ്ട് മനസ്സ് നിറഞ്ഞിരിക്കുന്ന നിങ്ങൾക്കു ചുറ്റും ആരാധകവൃന്ദങ്ങൾ ഏറെയുണ്ടെങ്കിലും സത്യം പറയട്ടെ, നിങ്ങൾ ഒരു ഗാർബേജ് ഗോസ്പലാണെന്നു പറഞ്ഞാൽ ചൂടാവുമോ? ആളുകൾ നിങ്ങളെപ്പറ്റി പലതും പറഞ്ഞു ചിരിക്കുന്നുണ്ട്. മാതാപിതാക്കളെഴുതുന്ന സുവിശേഷം കുട്ടികൾക്കു വായിക്കുവാൻ കൊള്ളാമോ? ദമ്പതിമാരൊരുമിച്ചെഴുതുന്ന സുവിശേഷം പരസ്പര സ്നേഹത്തിന്റെയും ഹൃദ്യാനുഭവത്തിന്റെയും ഉത്തമഗീതമാണോ? അനന്യാസ്-സഫീറമാരുടെ കപട സുവിശേഷമാണോ? അങ്ങനെ ചോദിക്കാനൊത്തിരി ചോദ്യങ്ങളുണ്ട്, സുഹൃത്തേ.

ദൈവത്തിന്റെ ശ്രേഷ്ഠ ഇടയനും അഭിഷിക്തനുമെന്ന കയ്യൊപ്പുള്ള തിരുമേനീ, അങ്ങയുടെ സുവിശേഷം വായിച്ചിട്ട് വിശ്വാസികൾ വായ് പൊത്തിച്ചിരിക്കുന്നോ, ഇതുപോലൊരു കുരിശെന്ന് പറഞ്ഞ് കുരിശു വരയ്ക്കുന്നോ? എഴുത്തുകാരൻ, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ, ഉദ്യോഗസ്ഥൻ, അയൽക്കാരൻ, രാഷ്ട്രീയ നേതാവ് തുടങ്ങി അനേകർ ദൈവിക നിയോഗങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുമ്പോൾ നിങ്ങളാൽ എഴുതപ്പെടുന്ന സുവിശേഷത്തിന്റെ സബ്ജക്ട് മാറ്ററും പൊരുളുമെങ്ങനെ? ചിന്തിച്ചിട്ടുണ്ടോ?

കുട്ടികളുടെ സ്വഭാവദൂഷ്യത്തെപ്പറ്റി പറഞ്ഞ് ചൂടാകേണ്ട. മാതാപിതാക്കളെക്കണ്ട് പകർത്തിയെഴുതുന്നതല്ലേ? തെറ്റില്ലാതെ വരില്ലല്ലോ! ക്രിസ്തുവിനെ ഭാവാത്മകമായി ആവിഷ്ക്കരിക്കുന്ന ഹൃദ്യമായ സുവിശേഷമെഴുതുവാൻ കൊലോസ്യ ലേഖന കർത്താവ് ഒരു മാർഗ്ഗം പറഞ്ഞു തരുന്നു. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ. നല്ല സുവിശേഷമെഴുതാൻ ജീവിതം ഒരു സമർപ്പിത സ്തോത്രയാഗമായി മാറ്റണം. ക്രിസ്തുവും അവന്റെ പ്രമാണങ്ങളും ജീവിതത്തിലില്ലാതെ അംശവസ്ത്രം എത്ര നിരയിട്ടാലും, സ്ഥാനമാനങ്ങളെത്ര പിടിച്ചു പറ്റിയാലും വെറുമൊരു തര്യൻ സുവിശേഷമായിത്തീരും നിങ്ങൾ. വായനക്കാരും ആസ്വാദകരുമില്ലാതെ ആരും മറിച്ചു നോക്കാത്ത കെടാച്ചരക്കാകും നിങ്ങൾ. ജീവിതം ഒന്നേയുള്ളൂ. അതുകൊണ്ട് നിങ്ങളെഴുതുന്ന സുവിശേഷം ക്രിസ്തുവിനെ എങ്ങനെയാണ് വെളിപ്പെടുത്തുന്നതെന്ന് അടിയന്തരമായി ചിന്തിക്കേണ്ടതുണ്ട്. നിനക്കെഴുതുവാൻ ഇനി അധിക സമയമില്ലെന്നോർക്കണം. ●

## Some Interesting Facts of Life

- The name of all the continents end with the same [illegible] they start with.
- The strongest muscle in the body is the tongue.
- Women blink nearly twice as much as men!
- It is impossible to lick your elbow.
- It is physically impossible for pigs to look up into the sky.
- A snail can sleep for three years.

# കുരിശ് തളിരിടുന്ന കാലം

റവ. രജി ഡാൻ കെ. ഫിലിപ്പോസ്, ബൊക്കാറോ സ്റ്റീൽ സിറ്റി

*(സഞ്ചാരിയുടെ ന്യായവിചാരം, ഗലീലക്കടൽ വിളിക്കുമ്പോൾ, അപ്പത്തിന്റെ നാട്ടിൽ നിന്നു വന്ന അതിഥി എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി പ്രതിപാദിക്കുന്ന ഒരു നീണ്ട കഥയുടെ ഒന്നാം ഭാഗമാണ് താഴെക്കൊടുത്തിരിക്കുന്നത്. - ചീഫ് എഡിറ്റർ.)*

## സഞ്ചാരിയുടെ ന്യായവിചാരം

"ഇതു വരെ പറഞ്ഞതിന്റെ സാരം നിന്റെ സ്വാതന്ത്ര്യത്തെ ഹനിക്കാനൊന്നുമല്ല," യേശുവിനോട് അമ്മ പറഞ്ഞു. പുലർകാല സൂര്യന്റെ കിരണങ്ങൾ വീടിന്റെ ഭിത്തിയിൽ നിഴലുകൾ പതിപ്പിച്ചു. ഒരു ന്യായവിസ്താരസഭയുടെ മുമ്പാകെ ഹാജരാക്കപ്പെട്ടവനെപ്പോലെയായിരുന്നു യേശു. ആലയോടു ചേർന്ന് ജോസഫിന്റെ മൂത്ത സഹോദരൻ ആമോസ് ഇരുന്നു. ജോസഫ് ആലയിൽ പണി തുടങ്ങിക്കഴിഞ്ഞിരുന്നു. വാതിൽപ്പടിക്കലായിരുന്നു അമ്മ മറിയം. ആമോസിന്റെയും മറിയയുടെയും നടുവിലായി യേശുവും.

"നിന്നെ കുറെ ദിവസമായി ഇവിടെ കണ്ടിട്ടെന്ന് നിന്റെ അപ്പൻ പറഞ്ഞല്ലോ കുഞ്ഞേ. നീ എവിടെയായിരുന്നു?, ആമോസിന്റെ ചോദ്യത്തിന് യേശു മറുപടി ഒന്നും പറഞ്ഞില്ല.

അമ്മ:- "നിന്നെ ഈ പത്തിരുപതു വയസ്സു വരെ വളർത്തുമ്പോൾ ഞങ്ങൾക്കൊരു പ്രതീക്ഷയുണ്ടായിരുന്നു."

'പ്രതീക്ഷ.....ആ പദത്തിന്റെ അർത്ഥമെന്താണ്? ഞാൻ എന്തു തെറ്റു ചെയ്തു.....എല്ലാവരും കൂടി ഇങ്ങനെ....'

ജോസഫ് വർത്തമാനം കേട്ടുകൊണ്ട് പണി തുടർന്നു.

"യേശു, നീ ഞങ്ങളുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നു", ആമോസ് പറഞ്ഞു.

"ഇപ്പോൾ പ്രതീക്ഷ മാറി കണക്കുകൂട്ടലുകളായി.....", ജോസഫ് മൗനം ഭഞ്ജിച്ചു. "കുഞ്ഞേ, ഈ തടിയിൽ ഞാൻ കണക്കുകൂട്ടി വരച്ചിടത്തു കൂടി വെട്ടിയില്ലെങ്കിൽ പണിയുന്ന കതകിനു ചേരില്ല. ചിലപ്പോൾ പണിയ്ക്കു തികയാതെയും വരാം. നഷ്ടം മാത്രം മിച്ചം...."

"അപ്പാ, ഞാൻ ആരുടെയും കണക്കുകൂട്ടലുകൾ തെറ്റിച്ചിട്ടില്ല....പിതാവായ ദൈവമാണ് എല്ലാം നിശ്ചയിക്കുന്നത്."

കുഞ്ഞേ, അതാണു ഞാൻ പറഞ്ഞത്, നീ ആ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നു", മറിയം പറഞ്ഞു.

"ഇല്ല", യേശു ഉടനെ തിരിച്ചു പറഞ്ഞു.

"ഉം.... അതേ....." ഒരു ഇലയുടെ മർമ്മരം പോലെ അമ്മ പറഞ്ഞു.

എല്ലാവരും കുറെ നേരം മിണ്ടാതിരുന്നു. കാറ്റ് മെല്ലെ അവരുടെയിടയിലൂടെ കടന്നുപോയി. മൺപാതയിലൂടെ ഒരു ഒട്ടകവണ്ടിയുടെ ഞരക്കം മാത്രം കേൾക്കാമായിരുന്നു.

"നിന്നെ ഞാൻ ഏറ്റുവാങ്ങുമ്പോൾ.... അതൊക്കെ....."

വാക്കുകൾ മുറിഞ്ഞുവീണു. പിന്നെ അമ്മയ്ക്ക് ഒന്നും പറയാൻ കഴിഞ്ഞില്ല. അമ്മ കണ്ണുനീർ തുടച്ചു.

"മറിയം, നീ കരയുന്നതെന്തിനാ–ഞാൻ പറയാം....", ആമോസ് പറഞ്ഞു തുടങ്ങി.

"ഗലീല ദേശത്ത് ഒരേയൊരു പെൺകുട്ടിയ്ക്കേ ആ നിയോഗമുണ്ടായുള്ളൂ ദൂതശബ്ദം കേൾക്കാൻ, മശിഹയെ വഹിക്കുവാൻ....ദൂതൻ അന്ന് അരുളിയതെന്താണെന്നോ? നീ വലിയവനാകും....ദൈവം ദാവീദിന്റെ സിംഹാസനം നിനക്കു തരും.....അനന്തമായ രാജത്വം."

ജോസഫ് പറഞ്ഞു തുടങ്ങി:- എന്തിനാ കുഞ്ഞേ, നാം ദാവീദിന്റെ കുടുംബക്കാരാണെന്നു പറയുന്നത്? ദൈവവാഗ്ദാനത്തിനു മാറ്റമില്ലല്ലൊ. യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടിപ്പുറപ്പെടും....നമ്മൾ പൂർവികർ കാത്തുസൂക്ഷിച്ച ഒരു വാഗ്ദാനമാണിത്. അത് മറ്റാരുമല്ല, നീ തന്നെയാണ്. ദാവീദിന്റെ കുടുംബത്തിൽ വന്നു പിറന്നത് അലഞ്ഞു നടക്കാനല്ല. മതി, ഇതോടെ നിർത്തിക്കോണം നിന്റെ ഈ അലച്ചിൽ...."

"ദൈവം നിന്നെ ഞങ്ങൾക്കു തന്നത് രാജാവായിട്ടാ....നിന്നെ വളർത്തിയതും ഞങ്ങൾ കാത്തിരിക്കുന്നതും അതിനാണ്. നീ രാജാവാകുന്ന ആ നിമിഷം.....", അമ്മ മറിയം പറഞ്ഞു.

യേശു മെല്ലെ പറഞ്ഞുതുടങ്ങി:- യിശ്ശായിയുടെ ഗോത്രത്തിൽ ഞാൻ മാത്രമല്ലല്ലോ ഉള്ളത്. യിശ്ശായിയുടെ അനന്തരതലമുറകൾ ഛിന്നഭിന്നമായിപ്പോയതൊന്നും പറയേണ്ട. അല്ലെങ്കിൽത്തന്നെ എന്തു കിരീടം, എന്തു സിംഹാസനം? ഞാൻ രാജാവായിരിക്കേണ്ട സിംഹാസനം ആരുടേതാണ്. റോമാ കൈസരുടെ സിംഹാസനമോ, ദാവീദിന്റെ സിംഹാസനമോ? എല്ലാ ഇരിപ്പിടങ്ങളും സിംഹാസനങ്ങളല്ല. എല്ലാ സിംഹാസനങ്ങളും എല്ലാ രാജാക്കന്മാർക്കും ഉള്ളതല്ല...."

"നിന്റെ ഒരു തർക്കവും വാദവും. വാദിക്കാനല്ല, ഉത്തരവിടാനാണ് നിന്നെ ഉദ്ദേശിക്കുന്നത്....", അമ്മ പറഞ്ഞു.

അമ്മയെന്താ പറയുന്നത്? ഉത്തരവിടാനോ?

"കുഞ്ഞേ, നിന്നെ ബത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കിടത്തുമ്പോൾ നിന്നെ കാണാനെത്തിയ ജ്ഞാനികൾ എന്താ പറഞ്ഞതെന്നറിയാമോ? ബത്‌ലഹേമിൽ നിന്നു പുറപ്പെട്ടു വരുന്ന അധിപനാണ് നീയെന്ന്. കൊട്ടാരത്തിലൊക്കെ രാജാവിനെ തിരഞ്ഞ അവർ നക്ഷത്രത്തെ പിന്തുടർന്ന് നിരാശയോടെ മടങ്ങാൻ തുടങ്ങുകയായിരുന്നു."

"യേശു, ഉദ്ദേശിച്ച കാര്യം നടന്നില്ലെങ്കിൽ അത് വലിയ മനോഭാരമാകും. അതുകൊണ്ടാണ് ഞാനും ഇന്നിവിടെ നിന്നെ കാത്ത് ഇരുന്നത്. നീ ഇവർ പറയുന്നതു കേൾക്ക്....", ആമോസ് ഇടയ്ക്കു കയറി പറഞ്ഞു.

"എന്നിട്ടമ്മേ, ബാക്കി പറയൂ", യേശുവിന് പഴയ കാര്യങ്ങൾ കേൾക്കാൻ ധൃതിയായി.

"അപ്പോഴാണ് നീ ഒന്നു കരഞ്ഞത്. നിന്റെ കരച്ചിൽ കേട്ട് അവസാനശ്രമമെന്ന നിലയിലാണ് അവർ ആ തിരക്കിനിടയിൽ പശുത്തൊഴുത്തിലെത്തിയത്. എന്തായിരുന്നു അവരുടെ ഭക്തിപ്രണാമം! ജ്ഞാനികളായിരുന്നു അവർ. ഒത്തിരി പഠിച്ചവർ. അവർക്കൊരു മടിയും തോന്നിയില്ല അവിടെ വീണു നമസ്കരിക്കുവാൻ....അവരെന്താണ് നിനക്കു തന്നതെന്നറിയാമോ? നീയതു കണ്ടിട്ടില്ലല്ലോ....ഞാനത് എടുത്തുകൊണ്ടു വരാം...."

വീടിനുള്ളിലേക്ക് അമ്മ കയറിപ്പോയി.

"കേട്ടിട്ടേയുള്ളൂ....ഇതുവരെ ഞാനതു കണ്ടിട്ടില്ല....", ആമോസ് പറഞ്ഞു.

വീട്ടിനുള്ളിൽ നിന്ന് പുറത്തേക്കു വന്ന അമ്മയോടൊപ്പം യോസ്സെയും ദീനയും ഉണ്ടായിരുന്നു. മറിയ വളരെ സൂക്ഷിച്ച് ചുവന്ന ഒരു തുണിയ്ക്കുള്ളിൽ പൊതിഞ്ഞെടുത്ത ആ കാഴ്ചവസ്തുക്കളെ കൊണ്ടുവന്നു.

"നിങ്ങളിങ്ങു വന്നേ.....", മറിയം ജോസഫിനെ വിളിച്ചു. യേശു ഇതൊന്നും ശ്രദ്ധിക്കാതെ പുലരിയിലെ നീളൻ നിഴലുകളെ നോക്കിക്കൊണ്ടിരുന്നു. മുഖവും പാദങ്ങളും കഴുകി ജോസഫ് അവരുടെ അടുക്കലേക്കു വന്നു.

"നീ വരൂ യേശു.....നിനക്ക് അന്ന് അവർ തന്നത് നിനക്കു കാണണ്ടേ?"

"ആരാണമ്മേ തന്നത്?", യോസ്സെയ്ക്ക് അറിയണം.

"കിഴക്കു ദേശത്തെ ജ്ഞാനികൾ....."


"ഞങ്ങൾക്കാർക്കും തന്നില്ലേ അമ്മേ?"

"അതാ മക്കളേ ഞാൻ ഇത്രയും നേരം പറഞ്ഞോണ്ടിരുന്നത്. ഇവനു മാത്രമേ ഇങ്ങനെ ലഭിച്ചുള്ളൂ...."

"എന്നിട്ടോ....?," യോസ്സെ ചോദിച്ചു.

എന്നിട്ടെന്താ, ഇവന് ഗലീലക്കടൽ

*(ശേഷം പേജ് 12)*



# ജീവനും കാർബണും

ഇംഗ്ലീഷ് ഭാഷയിൽ 26 അക്ഷരങ്ങളേയുള്ളൂ. അവ യോജിപ്പിച്ച് എത്ര വാക്കുകളുണ്ടാക്കാം? ചില വാക്കുകൾ അർത്ഥശൂന്യമായിരിക്കാമെങ്കിലും അസംഖ്യം വാക്കുകളുണ്ടാക്കാം. അതുപോലെയാണു കാർബൺ ശൃംഖല. ആവശ്യത്തിനു കാർബൺ ലഭിക്കാനുള്ള മാർഗ്ഗമാണ് കാർബൺ ചക്രം (carbon cycle).

ഡോ. ജോർജ് എം. തോമസ്

**ജീ**വനു രണ്ടു ലക്ഷണങ്ങളാണുള്ളത്. (1) ജനനം, വളർച്ച, മരണം. (2) ജീവൻ നിലനിർത്താൻ പുതിയ തലമുറ. വൃക്ഷങ്ങൾ കായ് വിതരണം ചെയ്യുന്നു. അതു പൊട്ടിമുളച്ച് പുതിയ ചെടികളുണ്ടാകുന്നു. മൃഗങ്ങൾ പ്രസവിക്കുന്നു; പക്ഷികളും മത്സ്യങ്ങളും മുട്ടയിടുന്നു. ഭൂമിയിലാകെ 92 മൂലകങ്ങളുണ്ട്. ഇവ കൂടാതെ കൃത്രിമമായുണ്ടാക്കിയ, സ്ഥിരതയില്ലാത്ത ചില മൂലകങ്ങളും. പ്രപഞ്ചം മുഴുവൻ പരിശോധിച്ചിട്ടും മറ്റു മൂലകങ്ങളൊന്നും കണ്ടെത്താനായില്ല. പക്ഷേ, ജീവൻ ഭൂമിയിൽ മാത്രമാണുള്ളത്. ജീവനു ആധാരമായ മൂലകങ്ങൾ മറ്റു വല്ലയിടത്തുമുണ്ടോ എന്നറിയാൻ തീവ്രശ്രമം നടക്കുന്നുണ്ട്. ഒരു പക്ഷേ മറ്റു സ്ഥലങ്ങളിലെ താപനില ജീവനു യോജിച്ചതല്ലായിരിക്കാം.

ഇനി കാർബൺ എന്ന മൂലകം പരിശോധിക്കാം. ജീവന്റെ ആധാരം കാർബണാണെന്നു പറയുമ്പോൾ കാർബണിനെ സംബന്ധിച്ച ചില കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. മൂലകങ്ങളുടെയെല്ലാം ഉള്ളിൽ ചില അണുക്കൾ (atoms ) ഉണ്ട്. എന്നാൽ അവയുടെ എണ്ണത്തിൽ വ്യത്യാസമുണ്ട്. ഒന്നാമത്തെ മൂലകമായ ഹൈഡ്രജനിൽ പോസിറ്റീവ് ചാർജ് വഹിക്കുന്ന ഒരു പ്രോട്ടോണും അതിനു ചുറ്റും കറങ്ങുന്ന നെഗറ്റീവ് ചാർജുള്ള ഒരു ഇലക്ട്രോണും അടങ്ങിയിരിക്കുന്നു. ഈ കറക്കവും ചാർജുകൾ തമ്മിലുള്ള ആകർഷണവും ഒന്നിച്ചു പ്രവർത്തിച്ച് സ്ഥിരമായ ഒരവസ്ഥ സൃഷ്ടിക്കുന്നു. രണ്ടാമത്തെ മൂലകം ഹീലിയം ആണ്. അതിൽ രണ്ട് ഇലക്ട്രോണുകളുണ്ട്; കേന്ദ്രത്തിൽ രണ്ടു പ്രോട്ടോണുകളും. രണ്ട് ഇലക്ട്രോണുകളുടെ നെഗറ്റീവ് ചാർജും രണ്ടു പ്രോട്ടോണുകളുടെ പോസിറ്റീവ് ചാർജും തമ്മിൽ സ്ഥിരതയുണ്ട്. എന്നാൽ രണ്ടു പ്രോട്ടോണുകൾ തമ്മിലുള്ള വികർഷണം ക്രമീകരിക്കാനായി ചാർജില്ലാത്ത രണ്ടു ന്യൂട്രോണുകളും കേന്ദ്രത്തിൽ (nucleus) സ്ഥിതി ചെയ്യുന്നുണ്ട്. അങ്ങനെ പ്രധാനമായി മൂന്നു കണികകളാണുള്ളത്. ഇലക്ട്രിക് ചാർജ് വരുമ്പോൾ ആകർഷണവും വികർഷണവും സംഭവിക്കും. അതിനെ എതിർക്കാനാണ് ന്യൂട്രോൺ കണികകൾ. കൂടാതെ, ദ്രവ്യമാനം (mass) മുഴുവനായി പ്രോട്ടോണിലും ന്യൂട്രോണിലുമാണ്.



ഹൈഡ്രജന്റെ അറ്റോമിക് നമ്പർ 1, മാസ്സ് നമ്പർ 1. എന്നാൽ, ഹീലിയത്തിന്റെ അറ്റോമിക് നമ്പർ 2, മാസ്സ് നമ്പർ 4. അറ്റോമിക് നമ്പർ ഇലക്ട്രോണുകളുടെ എണ്ണത്തെയും മാസ്സ് നമ്പർ പ്രോട്ടോണുകളും ന്യൂട്രോണുകളും ചേർന്നുള്ള എണ്ണത്തെയും സൂചിപ്പിക്കുന്നു.

ഓരോ മൂലകത്തിനും ഇതര മൂലകങ്ങളുമായി ചേരാനുള്ള കഴിവ് വ്യത്യസ്തമാണ്. ഹൈഡ്രജന്റെ എത്ര ആറ്റവുമായി ചേരാൻ കഴിയുമെന്നതാണ് ഈ കഴിവിന്റെ അളവുകോൽ. അതിനെ വാലൻസി (valency) എന്നു പറയും. ഓക്സിജന്റെ വാലൻസി രണ്ടാണ്; ഹൈഡ്രജന്റേത് ഒന്നും. അപ്പോൾ ഒരു ഓക്സിജൻ ആറ്റത്തിന് രണ്ട് ഹൈഡ്രജൻ ആറ്റങ്ങളുമായി സംയോജിച്ച് വെള്ളം ($H_2O$) എന്ന സ്ഥിരം സംയുക്തത്തിന്റെ തന്മാത്ര (molecule) ലഭിക്കുന്നു. ഓക്സിജന് രണ്ടു കൈകളുണ്ടെന്നു സങ്കൽപ്പിച്ചാൽ ഹൈഡ്രജനു ഒരു കൈയേയുള്ളൂ. അപ്പോൾ ഓക്സിജന് രണ്ടു കൈയും നീട്ടി ഹൈഡ്രജന്റെ ഓരോ കൈപിടിച്ചു ബന്ധിക്കാം. വേറെയാരുമായും കൈ കൊടുക്കാൻ കൈകൾ ബാക്കിയില്ല.

കാർബണിന്റെ ഘടന പരിശോധിക്കാം. അറ്റോമിക് നമ്പർ 6; മാസ്സ് നമ്പർ 12. ആറ് ഇലക്ട്രോണും, ന്യൂക്ലിയസിൽ ആറ് പ്രോട്ടോണും ആറ് ന്യൂട്രോണുമുണ്ട്. കാർബണിന്റെ വാലൻസി 4 ആയതിനാൽ നാലു കൈകൾ ഉണ്ടെന്നു സങ്കൽപ്പിക്കാം. അവ നീട്ടി മറ്റു ആറ്റങ്ങളുടെ കൈ പിടിച്ച് ബന്ധമുറപ്പിക്കാം. ഹൈഡ്രജനെ പിടിക്കാൻ ഒരു കൈ മതി. ഓക്സിജന് രണ്ടു കൈകളുണ്ട്. അതുകൊണ്ട്, രണ്ടു കൈകൾ കൊണ്ട് ഓക്സിജനെ പിടിക്കാം. ബാക്കിയുള്ള രണ്ടു കൈകൾ കൊണ്ട് വേറെ കൈകൾ പിടിക്കാം. അങ്ങനെ, കാർബണിന് തന്മാത്രകളുടെ ഒരു നീണ്ട ശൃംഖലയുണ്ടാക്കാൻ കഴിയും. ആ കഴിവാണ് ജീവൻ നിലനിർത്താനായി കാർബൺ വിനിയോഗിക്കുന്നത്. ആവശ്യമായ എല്ലാ ആറ്റങ്ങളെയും കോർത്തിണക്കി ഉറച്ചയൊരു ശൃംഖലയുണ്ടാക്കി ജീവൻ വളർത്താനും അടുത്ത തലമുറയെ സൃഷ്ടിക്കാനും കഴിയുന്നു. കായ്കൾ വിതരണം ചെയ്തോ, മുട്ടയിട്ടോ, പ്രസവിച്ചോ സന്താനപരമ്പരയുളവാകുന്നു. പക്ഷേ, കാർബൺ തീർന്നുപോകാതെ സൂക്ഷിക്കേണ്ട ആവശ്യവും ജീവന്റെ നിലനിൽപ്പിലുണ്ട്.

ആകെ 92 മൂലകങ്ങളേ പ്രകൃതിയിലുള്ളൂ. ഈ മൂലകങ്ങൾ കൊണ്ട് നിരവധി തന്മാത്രകളുണ്ടാക്കാം. ഇംഗ്ലീഷ് ഭാഷയിൽ 26 അക്ഷരങ്ങളേയുള്ളൂ. അവ യോജിപ്പിച്ച് എത്ര വാക്കുകളുണ്ടാക്കാം? ചില വാക്കുകൾ അർത്ഥശൂന്യമായിരിക്കാമെങ്കിലും അസംഖ്യം വാക്കുകളുണ്ടാക്കാം. അതുപോലെയാണു കാർബൺ ശൃംഖല. ആവശ്യത്തിനു കാർബൺ ലഭിക്കാനുള്ള മാർഗ്ഗമാണ് കാർബൺ ചക്രം (carbon cycle). സൂര്യപ്രകാശത്തിൽ സസ്യങ്ങൾ ഭക്ഷണം പാകം ചെയ്യുന്നു. അതിനുവേണ്ട കാർബൺ ഡയോക്സൈഡ് അന്തരീക്ഷത്തിൽ നിന്നെടുക്കുന്നു. സസ്യങ്ങൾ ജീർണ്ണിക്കുമ്പോൾ അവയെ മിക്കവാറും തിരികെക്കൊടുക്കുന്നു. ജന്തുക്കൾ ശ്വസിക്കുമ്പോൾ കാർബൺ ഡയോക്സൈഡ് പുറത്തേക്കു വിടുന്നു. അതുപോലെ, ദഹനപ്രക്രിയ നടക്കുമ്പോൾ കാർബൺ ഡയോക്സൈഡ് വിസർജ്ജിക്കുന്നു. ഇവ്വിധമാണ് ആവശ്യത്തിനുള്ള കാർബൺ സംരക്ഷിക്കപ്പെടുന്നത്. ⇨

# പരിശുദ്ധാത്മാവും ലോകത്തിലെ വിവിധ മതങ്ങളും

ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ

മതബഹുലതയുള്ള ഒരു മഹൽരാജ്യമാണ് ഭാരതം. ഒരു വിധത്തിൽ ഭൂലോകത്തിന്റെ അവസ്ഥയും അങ്ങനെ തന്നെ. ഇവിടെയുള്ള മതങ്ങളിൽ ഈശ്വരചൈതന്യം പ്രകടമാണോയെന്ന ചോദ്യം പ്രസക്തമാണ്. സ്റ്റാൻലി സമർത്ഥയുടെ അഭിപ്രായത്തിൽ പരിശുദ്ധാത്മാവും ഇതരമതവിശ്വാസികളും തമ്മിലുള്ള ബന്ധത്തെപ്പറ്റി പരിഗണിക്കുന്നതു പ്രധാനമാണ്. **നാം ആക്രമിച്ചു നശിപ്പിക്കേണ്ട കോട്ടകളായി ഇതര മതങ്ങളെ കാണരുത്. അവ ഈശ്വരന്റെ ആവാസസ്ഥലങ്ങളാണ്.** അവയെ അവഗണിക്കാനാണ് നാം ഇതുവരെ ശ്രമിച്ചിട്ടുള്ളതെന്ന് അന്തോണിയ എന്ന കത്തോലിക്കാ സന്യാസി പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തെപ്പറ്റി കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ല. തിരുവചനത്തിലും, സഭപാരമ്പര്യത്തിലും ദൈവാത്മാവിന്റെ സാർവത്രിക പ്രവർത്തനത്തെപ്പറ്റി എന്തു പറയുന്നുവെന്ന് പരിശോധിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്.

**ദൈവത്തിന്റെ സാർവത്രികപ്രവർത്തനം പഴയനിയമത്തിൽ**

റൂഹ എന്ന എബ്രായപദത്തിന് ഗ്രീക്കിൽ Pneume എന്നു പറയും. വായു, കാറ്റ്, ആന്തരികാത്മാവ് എന്നെല്ലാം ഇതിനർത്ഥമുണ്ട്. വായു, കാറ്റ് എന്നതു ഒരിടത്ത് ഉറച്ചിരിക്കുന്ന വസ്തുവല്ല; പ്രത്യുത, ചലനാത്മകമായ യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ ശക്തവും നിഗൂഢവുമായ പ്രവർത്തനങ്ങളെ വിവരിക്കാനുള്ള ശ്രമത്തിലാണ് ഈ ആശയം ഉളവായത്. കർത്താവിന്റെ ആത്മാവ്, കർത്താവിന്റെ ശ്വാസം എന്നൊക്കെ ദൈവികവ്യാപാരത്തെ വിവരിക്കുന്നു. പഴയനിയമത്തിൽ റൂഹ എന്ന പ്രയോഗം എല്ലായിടത്തും ദൈവാത്മാവിനെ പരാമർശിക്കുന്നതല്ല. ഉദാ: ഉൽപ്പത്തി 8:1. കാറ്റ് അടിപ്പിച്ചു; 1 രാജാ.19:11. ശക്തിയുള്ള കൊടുങ്കാറ്റ് അടിപ്പിച്ചു. അതിൽ യഹോവ ഇല്ലായിരുന്നു. മറ്റു ചിലയിടത്ത് റൂഹ ദൈവത്തിന്റെ ജീവൻ നൽകുന്ന ശ്വാസമാണ്. ഉദാ: ഉൽപ്പത്തി 45:27 യാക്കോബിനു ചൈതന്യം വന്നു. ന്യായാ. 15:19 ലേഹിയിലെ വെള്ളം കുടിച്ചു ചൈതന്യം വന്നു; സങ്കീ. 104:29. നീ അവരുടെ ശ്വാസം എടുക്കുമ്പോൾ അവ ചത്തു പൊടിയിലേക്കു ചേരുന്നു.

ഇസ്രയേൽ ഇവയൊക്കെ ധരിച്ചത് ദൈവത്തിൽ നിന്നു വേറിട്ടല്ല; അവ ദൈവത്തിന്റെ സൃഷ്ടിപ്പിനുള്ള മുഖാന്തരമാണ്. ഇസ്രയേൽ ചരിത്രത്തിലെ കേന്ദ്രസ്ഥാനം മിസ്രയീമിൽ നിന്നുള്ള പുറപ്പാടാണ്. ആ വിമോചനത്തിൽ ദൈവത്തിന്റെ റൂഹ സജീവമായിരുന്നു (പുറ 15:8-10; യേശ.63:11,14). റൂഹ അവരെ വാഗ്ദത്ത നാടിലേക്കു നയിച്ചു. ദൈവത്തിന്റെ ആത്മാവ് ഇസ്രയേലിലെ ആത്മീയനേതാക്കളെയും പ്രവാചകന്മാരെയും പ്രചോദിപ്പിച്ചു വഴി നടത്തി. ന്യായാ. 6:54; യഹോവയുടെ ആത്മാവ് ഗിദയോന്റെ മേൽ വന്നു. 11:29 യിപ്താഹിന്മേൽ; 1 ശമു 16:13 ശമൂവേൽ ദാവീദിനെ അഭിഷേകം ചെയ്തപ്പോൾ മുതൽ യഹോവയുടെ ആത്മാവ് അവന്റെ മേൽ വന്നു. സൃഷ്ടിപ്പിന്റെ പ്രാരംഭത്തിൽ റൂഹ സജീവമായിരുന്നു. ദൈവത്തിന്റെ ആത്മാവാണ് എല്ലാ ജീവികളുടെയും ജീവന്റെ ഉറവ. യാഹ്വിസ്റ്റ് പാരമ്പര്യത്തിൽ യഹോവ മനുഷ്യനെ നിർമ്മിച്ചിട്ട് മൂക്കിൽ ജീവശ്വാസം ഊതി (ഉല്പ. 2:7). സർവ മാനവസമൂഹത്തിനുമാണത്. ഏതെങ്കിലും പ്രത്യേക വർഗ്ഗത്തിനോ ദേശത്തിനോ അല്ല. ദൈവത്തിന്റെ ജീവശ്വാസം ലഭിച്ച മനുഷ്യവർഗ്ഗം ഒരു കുടുംബമാണ്. സൃഷ്ടിപ്പിനെക്കുറിച്ചുള്ള ബൈബിൾ വീക്ഷണം വളരെ വ്യക്തമാണ്. ദൈവം സൃഷ്ടിച്ച സകലവുമായി ദൈവം സമ്പർക്കം പുലർത്തുന്നു. **സൃഷ്ടിപ്പിന്റെ ആത്മാവു സാർവത്രികമാണ്. അതിന് അതിർവരമ്പുകളില്ല.** നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും....പാതാളത്തിൽ കിടക്ക വിരിച്ചാൽ നീ അവിടെയുമുണ്ട്. (സങ്കീ. 139:7-9). ജ്ഞാനസാഹിത്യത്തിൽ ജ്ഞാനത്തിന്റെ ഉറവിടം റൂഹയാണ്. അതു സർവ മനുഷ്യരിലുമുണ്ട്. കർത്താവിന്റെ ആത്മാവിനാൽ ലോകം നിറഞ്ഞിരിക്കുന്നു. എല്ലാറ്റിനെയും ആശ്ലേഷിക്കുന്നു അത്.....(ജ്ഞാനം 1:5-7).

എന്നാൽ ആത്മാവുണ്ടല്ലോ. സർവശക്തന്റെ ശ്വാസം അവർക്കു വിവേകം നൽകുന്നു (ഇയോ. 32:8). അപ്പോൾ ദൈവത്തിന്റെ ആത്മാവു ക്രിസ്ത്യാനികളിലും ക്രിസ്തേതരരിലും വ്യാപരിക്കുന്നുവെന്നു വ്യക്തം. പക്ഷേ ഇതു സ്വാഭാവികമായി ലഭിക്കുന്ന ഒന്നല്ല. ദൈവാത്മാവ് ദൈവത്തിന്റെ ദാനമാണ്. യാചിക്കുന്നവർക്കു ലഭിക്കുന്നു.

**ദൈവത്തിന്റെ സാർവത്രിക പ്രവർത്തനം പുതിയനിയമത്തിൽ**

പുതിയനിയമഗ്രന്ഥങ്ങൾ വിവിധ ക്രിസ്ത്യൻ കൂട്ടായ്മകൾക്കായി എഴുതപ്പെട്ടതാണ്. ദൈവാത്മാവ് ക്രിസ്തുവിശ്വാസികളിൽ പ്രവർത്തിക്കുന്നു. സഭയുടെ പുറത്ത് ദൈവാത്മാവിന്റെ വ്യാപാരത്തെപ്പറ്റി സ്പഷ്ടമായി പറയുന്നില്ല. എന്തായാലും, ചില പരാമർശങ്ങളിൽ നിന്നും ദൈവാത്മാവിന്റെ സാർവത്രിക വ്യാപാരം മനസ്സിലാക്കാം. ഉദാഹരണമായി, യോഹന്നാൻ 3:8-ൽ ഇപ്രകാരം കാണാം. കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെനിന്നു വരുന്നുവെന്നും എവിടേക്കു പോകുന്നുവെന്നും അറിയുന്നില്ല. ആത്മാവിനാൽ ജനിച്ചവനെല്ലാം അതുപോലെയാകുന്നു. കാറ്റടിക്കുന്നതുപോലെ ദൈവാത്മാവും നമുക്കു ഗോചരമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നു. പെന്തക്കോസ്തുദിനത്തിൽ പത്രോസ് യോവേൽപ്രവചനം എടുത്തു പറയുന്നു. അന്ത്യകാലത്തു ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. (അ. പ്ര. 2:17). സകല ജഡവുമെന്നാൽ എല്ലാ ജീവികളുമത്രെ. പത്രോസിന്റെ അഭിപ്രായത്തിൽ പെന്തക്കോസ്തുദിനത്തിൽ യോവേൽ പ്രവചനം നിവൃത്തിയായിരുന്നു. അപ്പോസ്തലപ്രവൃത്തികളിലെ പ്രസ്താവമനുസരിച്ച് യേശുവിൽ വിശ്വസിക്കുന്ന ഏവർക്കും ക്രിസ്തു തന്റെ ആത്മാവിനെ നൽകും (അ. പ്ര. 2:33, 38) പരിശുദ്ധാത്മദാനം ലഭിക്കുന്നത് വിശ്വസിച്ചു സ്നാനമേൽക്കുമ്പോഴും കൈവച്ചു പ്രാർത്ഥിക്കുമ്പോഴുമായിരുന്നു (അ.പ്ര.8:15 -17, 19:5-6).

എന്നാൽ ഒരിക്കൽ സ്നാനമേൽക്കുന്ന

---

കാർബണിന്റെ വാലൻസി 4 ആണെന്നുപറഞ്ഞുവല്ലൊ. അതുപോലെ, നാലു വാലൻസിയുള്ള ഒരു മൂലകമാണ് സിലിക്കോൺ. കാർബണിനു പകരം സിലിക്കോൺ മുഖേന ജീവൻ സൃഷ്ടിക്കാനാകുമോ? പ്രപഞ്ചത്തിൽ നിന്ന് തെളിവുകൾ ലഭ്യമല്ലാതെ മനോരാജ്യത്തിൽ പല സങ്കൽപ്പങ്ങളുമായി കഴിയുകയാണിപ്പോൾ. കാർബൺ പങ്കാളിയായുള്ള ജീവൻ സംരക്ഷിക്കണമെങ്കിൽ തക്കതായ താപനില വേണം. കാർബൺ മോണോക്സൈഡ് പോലുള്ള വിഷവാതകങ്ങൾ അന്തരീക്ഷത്തിൽ കാണാൻ പാടില്ല. സിലിക്കോണിന്റെ കാര്യത്തിലാണെങ്കിൽ ഉപാധികൾ വ്യത്യസ്തമായിരിക്കും. പുതിയ കണ്ടുപിടിത്തങ്ങൾക്കു മുന്നോടിയായി പലപ്പോഴും ഈദൃശ ചിന്തകൾ വരാറുണ്ട്. കാത്തിരുന്നു കാണാം. ●

തിനുമുമ്പ് ജനത്തിന്മേൽ പരിശുദ്ധാത്മാവു വന്നു (10:44-11:18). ഈ സംഭവം മുഖാന്തരമാണ് പത്രോസ് യെരുശലേം കൗൺസിലിൽ വച്ച് പ്രസ്താവന ചെയ്യുന്നത്. (അ.പ്ര.15:8) മനുഷ്യഹൃദയങ്ങളെ അറിയുന്ന ദൈവം വിശ്വാസികൾക്ക് തന്റെ ആത്മാവിനെ നൽകുന്നു. പത്രോസ് പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ യെഹൂദേതരായവരുടെ മേൽ പരിശുദ്ധാത്മാവു വന്നല്ലോ. കൊർന്നല്യോസും യഹൂദദേതരരും പരിശുദ്ധാത്മാവു പ്രാപിച്ചപ്പോൾ യഹൂദന്മാർക്ക് അതൊരു പുതിയ പാഠം തന്നെയായിരുന്നു. അതു പത്രോസിന്റെ സാന്നിധ്യത്തിൽ തന്നെയാണു സംഭവിച്ചത്. മാത്രമല്ല, കൊർന്നല്യോസ് അയച്ച മൂന്നു പുരുഷന്മാർ പത്രോസിനെ അന്വേഷിച്ചു ചെന്നു. അവരോടുകൂടി പോകുവാൻ ദൈവാത്മാവു പത്രോസിനെ പ്രേരിപ്പിച്ചു. അവർ വചനം കേട്ടില്ല. പക്ഷേ അവരിലും ദൈവാത്മാവു പ്രവർത്തിച്ചിരുന്നു. മനുഷ്യർ മാത്രമല്ല, സർവസൃഷ്ടിയും യേശുക്രിസ്തുവിൽ കൂടി ലഭിച്ച വിമോചനവും സ്വാതന്ത്ര്യവും അനുഭവിക്കേണ്ടതുണ്ട്. (റോമാ. 8:18-22). മനുഷ്യരിലാണ് ഇതിന്റെ ആദ്യഫലം കാണുക. പിന്നെ സർവസൃഷ്ടിയിലും.

പൗലോസ് ആത്മാവിന്റെ ഫലങ്ങളെപ്പറ്റി പറയുന്നു. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം (ഗലാ. 5:22-23). ഈ ഗുണങ്ങൾ വിശ്വാസികളുടെ സമൂഹത്തിൽ കാണണമെന്നു പറയുന്നു. പക്ഷേ അതു സർവസൃഷ്ടിയിലേക്കും വ്യാപരിക്കേണ്ടതാണെന്നു പറയുന്നതാവും ശരി. ദൈവത്തിന്റെ ആത്മാവിനെ സർവസൃഷ്ടിയിലും വ്യാപിപ്പിക്കുമ്പോൾ ആത്മാവിന്റെ ഫലങ്ങളും അവിടെ ഉണ്ടാവണം. അതു ക്രിസ്ത്യാനികളിൽ മാത്രം പ്രകടമാകേണ്ട ഗുണങ്ങളല്ല (റോമാ. 1:19-20, എസ്രാ. 11:4-7). അങ്ങനെ പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവാത്മാവിന്റെ വ്യാപാരം സാർവത്രികമാണ്. സകലത്തെയും പുതുക്കുകയും ദൈവത്തോടു നിരപ്പിക്കുകയും വേണം.

**ആത്മാവിന്റെ സാർവത്രികവ്യാപാരം ക്രൈസ്തവ സഭാചരിത്രം**

ക്രൈസ്തവ ഗ്രന്ഥകാരന്മാരും പഴയകാലം മുതലേ ദൈവാത്മാവിന്റെ സാർവത്രിക വ്യാപാരത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്. സഭാപിതാവായ ഐറേനിയസ് പറയുന്നത് സ്വർഗ്ഗത്തിൽ നിന്നും ദൈവാത്മാവിനെ ഭൂലോകത്താകമാനം ദാനമായി നൽകിയെന്നാണ്. പക്ഷേ സഭയില്ലാത്തിടത്ത് ദൈവാത്മാവില്ലെന്നു പറയുനാവില്ല. മിലാനിലെ അംബ്രോസ് പറഞ്ഞതാണെന്നാരോപിച്ച് അത് മദ്ധ്യകാല ദൈവശാസ്ത്രജ്ഞന്മാർ ആവർത്തിച്ചിട്ടുണ്ട്. സർവസത്യവും എവിടെ നിന്നായാലും അതു പരിശുദ്ധാത്മാവിൽ നിന്നാണ്. മഹാനായ ലീയോ പരിശുദ്ധാത്മവ്യാപാരത്തെപ്പറ്റി ഇങ്ങനെ പറഞ്ഞു: പെന്തക്കോസ്തുദിനത്തിൽ കർത്താവിന്റെ ശിഷ്യന്മാരുടെ മേൽ പരിശുദ്ധാത്മാവു വന്നത് ആത്മാവിന്റെ ആദ്യവ്യാപാരമല്ല. പ്രത്യുത, ആത്മാവിന്റെ ധന്യത വികസിപ്പിക്കുക മാത്രമായിരുന്നു. ഗോത്രപിതാക്കന്മാരിലും പ്രവാചകന്മാരിലും പുരോഹിതരിലും മുൻകാലങ്ങളിൽ സകലവിശുദ്ധരിലും വ്യാപിച്ച് പോഷിപ്പിച്ചതാണ് ഇപ്പോൾ ശിഷ്യന്മാരിൽ വ്യാപിച്ചത്.

ദൈവാത്മാവിന്റെ പ്രവർത്തനം സഭയുടെ അതിരുകൾക്കപ്പുറത്തും വ്യാപിക്കുന്നുവെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതരമതങ്ങളിലെ ദൈവാത്മവ്യാപാരം കൂടുതൽ ഗ്രഹിക്കുവാൻ അവരുമായി സംവാദം വേണമെന്ന് സഭകളുടെ ലോകകൗൺസിലിൽ ഡോ. എം. എം. തോമസ് ആവശ്യപ്പെട്ടതനുസരിച്ച് ഇന്ന് സംവാദങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ക്രിസ്തു മഹത്വീകരിക്കപ്പെടുന്നതിനു മുൻപുതന്നെ ദൈവാത്മാവ് ലോകത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തു എല്ലാവർക്കും വേണ്ടി മരിച്ചതിനാൽ എല്ലാവർക്കും ഈ രക്ഷയിൽ അവകാശികളാവാം. പരിശുദ്ധാത്മ പ്രവർത്തനം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിലും വിവിധ ജനതതിയുടെ മതവിശ്വാസത്തിലും ചരിത്രത്തിലാകമാനവും പ്രവർത്തിക്കുന്നുവെന്ന് മാർപാപ്പയുടെ ചാക്രികലേഖനത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

> **ഇതരമതങ്ങളിലും ദൈവിക സാന്നിദ്ധ്യമുണ്ട്. അത് മാനവ ജാതിക്കു ദൈവം കൽപ്പിച്ചു നൽകിയ വരദാനമാണ്. മതങ്ങളുടെ ബഹുലത സൃഷ്ടിപ്പിൽ പ്രകടമാകുന്ന ധന്യത മൂലമാണ്. ദൈവത്തിന്റെ സാർവത്രിക കൃപ അവിടെയുണ്ട്.**

ദൈവത്തിന്റെ രക്ഷ ഇതരമതാനുയായികളിലും വ്യാപരിക്കുന്നത് ദൈവത്തിനറിയാവുന്ന മാർഗ്ഗങ്ങളിലൂടെയാണ്. ക്രിസ്തുവിന്റെ ആത്മാവ് അവിടെ പ്രവർത്തിക്കുന്നത് നമുക്ക് അഗോചരമാണ്. ഓരോ മതാനുയായികളും തങ്ങളുടെ മതനിർദ്ദേശപ്രകാരം നല്ല മനസ്സാക്ഷിയോടെ ചെയ്യുന്നത് ദൈവത്തിന്റെ ക്രിസ്തുവിൽ കൂടിയുള്ള രക്ഷ അംഗീകരിക്കുകയാണ്. അവരുടെ രക്ഷകനായി ക്രിസ്തുവിനെ ഗ്രഹിക്കുന്നില്ലെങ്കിലും. സി.ബി.സി.ഐ.യുടെ 'എക്യുമെനിസവും സംവാദവും' എന്ന വിഭാഗം കൈകാര്യം ചെയ്യുന്ന കമ്മിഷനു കൊടുത്തിരിക്കുന്ന നിയന്ത്രണരേഖയും ഈ ആശയം അംഗീകരിച്ചിരിക്കുന്നു. ഇതരമതങ്ങളിലും ദൈവിക സാന്നിദ്ധ്യമുണ്ട്. അത് മാനവജാതിക്കു ദൈവം കൽപ്പിച്ചു നൽകിയ വരദാനമാണ്. മതങ്ങളുടെ ബഹുലത സൃഷ്ടിപ്പിൽ പ്രകടമാകുന്ന ധന്യത മൂലമാണ്. ദൈവത്തിന്റെ സാർവത്രിക കൃപ അവിടെയുണ്ട്. ഒരേ കേന്ദ്രത്തിൽ നിന്ന് ഉത്ഭവിച്ചതാകിലും മനുഷ്യർ പ്രപഞ്ചത്തെ വീക്ഷിച്ചു ദൈവിക ചൈതന്യത്തോടു പ്രതികരിച്ചത് വിവിധ രീതിയിലാണ്. ദൈവത്തിന്റെ സന്തതികളുടെ ഇപ്രകാരമുള്ള പ്രതികരണത്തിൽ ദൈവികസാന്നിദ്ധ്യം തീർച്ചയായുമുണ്ട്. അതിനെ അപലപിക്കുകയല്ല വേണ്ടത്. പ്രത്യുത, അതെല്ലാം ദൈവിക വരദാനമായി അംഗീകരിക്കേണ്ടതുണ്ട്.

*(തുടരും)*

## കുരിശ് തളിരിടുന്ന കാലം

കാണണം. അവിടെ അതിന്റെ തീരത്ത് അവനെ കാത്ത് ആരോ ഇരിക്കുന്നു പോലും....

"ആരാണമ്മേ....?," ദീന ചോദിച്ചു.

"അത് അവനോടു തന്നെ ചോദിക്ക്....."

കുട്ടികൾ അവരുടെ മൂത്ത സഹോദരനെ നോക്കി. അവരൊന്നും ചോദിച്ചില്ല. യേശുവാകട്ടെ മൗനം തുടരുകയും ചെയ്തു.

"നീ ആ പൊതിയൊന്ന് അഴിക്ക്. പിന്നീടാവട്ടെ ചോദ്യവും വിസ്താരവും...," ജോസഫ് പറഞ്ഞു.

പൊതിക്കെട്ടിന്റെ ചുറ്റും അവർ കാത്തുനിന്നു. യേശു മാത്രം വന്നില്ല. അമ്മ മറിയം മെല്ലെ ചുവന്ന തുണിയുടെ കെട്ടുകളഴിച്ചു. അവിടെയാകെ ആരവം. അതിനിടയിൽ ഒരു സ്ത്രീയുടെ ദീനവിലാപം. തൃജിക്കലിന്റെ ആൾരൂപം. ഒരു ദീർഘയാത്രയുടെ പരിസമാപ്തി. മറ്റൊരു യാത്രയുടെ തുടക്കം....ജന്മം....ജന്മത്തിന്റെ വിലാപം. വിലാപത്തിന്റെ നിർവൃതി. ആരോരുമില്ലാത്തതിന്റെ സമൃദ്ധി. കാത്തിരുന്ന നിമിഷം.

"ഇതാണവർ നിനക്കു കാഴ്ച വച്ചത്."

മറിയം അലങ്കാരപ്പണികളുള്ള മൂന്നു ചെപ്പുകൾ കൈകളിൽ ഉയർത്തിക്കാട്ടി. ആ ചെപ്പുകളുടെ നിഴൽ യേശു ഭിത്തിയിൽ കണ്ടു. മൂന്നു മലകൾ....ചെപ്പുകളുടെ മുകളിലെ അലങ്കാരപ്പണികൾ ഒരു കുരിശിന്റെ രൂപത്തിലും.....

"അമ്മാ തുറക്കമ്മ....", ദീന കെഞ്ചി.

"അവനിതു കാണണ്ടെങ്കിൽ ആരും കാണണ്ട," അമ്മയ്ക്കു സങ്കടം വന്നു.

"അവനത് കണ്ടോളും. അത് അവനുള്ളതല്ലേ...," ജോസഫ് പറഞ്ഞു. കഴിഞ്ഞ ഇരുപതു വർഷങ്ങളായി അമ്മ കാത്തു സൂക്ഷിച്ചിരുന്ന പെട്ടി ഇന്ന് തുറക്കാൻ പോവുകയാണ്.

*(തുടരും)*

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## അനുതാപത്തിന്റെയും ജീവസംരക്ഷണത്തിന്റെയും വർഷം

2004-ാമാണ്ട് അനുതാപത്തിന്റെ വർഷമായി മാർത്തോമാ സഭ പ്രഖ്യാപിച്ചിരിക്കുന്നു. ഈ വർഷം നടന്ന മാരാമൺ കൺവൻഷനെ ഏറെ ശ്രദ്ധേയമാക്കിയ ഒരു പ്രഖ്യാപനം. അതിന്റെ പ്രസക്തിയും പ്രാധാന്യവും മലങ്കര സഭാതാരകയുടെ മാർച്ച് ലക്കം വിശദമാക്കുന്നുണ്ട്. അനുതാപമെന്നതുകൊണ്ട് പ്രവൃത്തിയിൽ വന്നുപോയ തെറ്റിനെപ്പറ്റിയുള്ള ദുഃഖമല്ല, ശരിയായ ജീവിതത്തിലേക്കുള്ള തിരിച്ചുവരവാണു അർത്ഥമാക്കുന്നതെന്നു മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത പറയുന്നു. അനുതാപത്തോടെ പഴയതിൽ നിന്നു പാടേ മാറിയ ഒരു സൃഷ്ടിയായിത്തീരുന്നു മനുഷ്യൻ. അതിലൂടെ സാധിക്കുന്നത് വ്യക്തിയുടെയും കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും ശുദ്ധീകരണം. പ്രഖ്യാപനത്തിന്റെ പൊരുൾ കുറേക്കൂടെ വ്യക്തമാക്കുന്നുണ്ട് പത്രാധിപക്കുറിപ്പുകൾ. വർത്തമാനകാലസമൂഹത്തിനു നഷ്ടമായിക്കൊണ്ടിരിക്കുന്ന മനുഷ്യത്വം വീണ്ടെടുക്കുന്നതിനുള്ള സഭയുടെ ആഹ്വാനമായി പ്രഖ്യാപനത്തെ പത്രാധിപർ കാണുന്നു. **ഭൗതികതയിലുള്ള അമിത താൽപ്പര്യമാണു നമ്മുടെ കാലഘട്ടത്തിന്റെ മുഖമുദ്ര. സ്വന്തം ജീവിതസുഖം വർദ്ധിപ്പിക്കുന്ന തിരക്കിൽ സഹോദരന്റെ അടിയന്തരാവശ്യങ്ങൾ തന്നെയും അവഗണിക്കപ്പെടുന്നു.** ആദിമസഭയ്ക്കു അധീനമായിരുന്ന അന്യോന്യസ്നേഹത്തിന്റെ അന്തരീക്ഷത്തിലേക്കു അനുതാപം ഒരു മടക്കയാത്ര.

ഇപ്പറഞ്ഞ കാഴ്ചപ്പാടിനോടു ചേർത്തു വായിക്കാവുന്ന ഒരു ലേഖനം ഗുഡ് ന്യൂസ് വാർത്താ വാരികയിലുണ്ട്. സഭകൾ തമ്മിലും സഭകൾക്കുള്ളിലും സംഘർഷങ്ങൾ വളരുകയും സാക്ഷ്യമെന്ന അടിസ്ഥാനധർമ്മത്തിൽ നിന്നു ക്രൈസ്തവലോകം അകലുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഒരു അനിവാര്യതയായി അനുതാപത്തെ കാണുന്നു. ഭൂലോകമെങ്ങും പോയി സുവിശേഷം അറിയിക്കുകയെന്ന കൽപ്പനയെക്കാൾ പ്രധാനമായിത്തീർന്നിരിക്കുന്നു നമുക്കു നമ്മുടെ വിശ്വാസപ്രമാണങ്ങളും ഉപദേശങ്ങളും. ആദിമക്രിസ്ത്യാനികൾ പുലർത്തിയിരുന്ന സ്നേഹം നമുക്കു നഷ്ടമായിരിക്കുന്നു. വിശ്വാസപരമായ വ്യത്യസ്തതകൾ വിദ്വേഷത്തിനു കാരണമായിരിക്കുന്നു. വേദപുസ്തകപശ്ചാത്തലത്തിലും ചരിത്രപരമായും ആദിമസഭയുടെ പാരമ്പര്യം പുനഃസ്ഥാപിക്കുന്നതിനുള്ള മാർഗ്ഗം അനുതാപമാണ്. സ്വയം ആത്മപരിശോധനയ്ക്കു വിധേയരായി ചെയ്തുപോയ പാപങ്ങളെ നുറുങ്ങിയ ഹൃദയത്തോടെ ഏറ്റുപറയുകയാണത്. തെറ്റായ വിശ്വാസവും സ്വാർത്ഥജീവിതവുമാണ് ആധുനികസഭയുടെ മുഖമുദ്രയെന്നും വിശ്വാസത്തേക്കാൾ സ്നേഹമാണു പ്രധാനമെന്നും ദൂതൻ ത്രൈമാസികയിൽ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് അഭിപ്രായപ്പെടുന്നു. പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമാണെന്ന് (യാക്കോബ് 2:20) അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

മാർത്തോമാ സഭയുടെ അനുതാപവർഷപ്രഖ്യാപനത്തിനു സമാന്തരമായി, കത്തോലിക്കാസഭയുടെ തിരുവല്ല രൂപത 2004-നെ ജീവസംരക്ഷണവർഷമായി പ്രഖ്യാപിച്ചതായി ഐക്യദീപം മാർച്ച് ലക്കത്തിൽ കാണുന്നു. മനുഷ്യനു ദൈവം നൽകിയ മൂല്യബോധങ്ങളെ ധിക്കരിച്ച് മനുഷ്യജീവനു നേരെയുണ്ടാകുന്ന അവഗണനയാണ് ഈ പ്രഖ്യാപനത്തിനുള്ള പ്രേരണ. ജീവിതസൗകര്യങ്ങളുടെ വിതരണത്തിലുള്ള അസമത്വവും വർഗ്ഗസംഘർഷങ്ങളും യുദ്ധവും മറ്റ് അതിക്രമങ്ങളും മാരകരോഗങ്ങൾ മൂലമുള്ള മരണങ്ങളും ഈ അവഗണനയുടെ ഫലമാണ്. മനുഷ്യനെ ഒരു ഉപഭോഗവസ്തുമായി അതു തരംതാഴ്ത്തുന്നു. പ്രയോജനമില്ലാത്തവയെ നശിപ്പിക്കുകയെന്ന ഉപഭോഗവസ്തുക്കളോടുള്ള സമീപനം മനുഷ്യനോടും അനുവർത്തിക്കപ്പെടുകയാണിവിടെ. ക്രൈസ്തവവീക്ഷണത്തിൽ ഓരോ മനുഷ്യനും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആ നിലയ്ക്ക് മനുഷ്യന്റെ പാവനത്വവും മഹത്വവും നിഷേധിക്കാനാവില്ല, ഒരു ജീവനെയും നശിപ്പിക്കാൻ നമുക്കവകാശമില്ല. സ്രഷ്ടാവിന്റെ ഉദ്ദേശ്യത്തിനനുസൃതമാകണം സൃഷ്ടിയോടുള്ള സമീപനം. പ്രായോഗികമായി, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുകയെന്ന പ്രമാണത്തിന്റെ അനുഷ്ഠാനമാണ് ജീവന്റെ സംരക്ഷണത്തിനുള്ള മാർഗ്ഗം.

ക്രൈസ്തവ സഭാവിഭാഗങ്ങളിൽ ആരോഗ്യകരമായ മാറ്റത്തിന്റെ കാറ്റു വീശിത്തുടങ്ങിയിരിക്കുന്നുവെന്ന സൂചനയാണ് മാർത്തോമാ-കത്തോലിക്കാസഭകളുടെ പ്രഖ്യാപനങ്ങളും അവയ്ക്കനുബന്ധമായ പുതുചിന്തകളും നൽകുന്നത്. അവ എങ്ങനെ പ്രാവർത്തികമാകുമെന്നതാണു പ്രശ്നം. വാക്കും പ്രവൃത്തിയും തമ്മിലുള്ള അകൽച്ചയാണല്ലോ ജീവിതത്തിൽ നാം അഭിമുഖീകരിക്കുന്ന മുഖ്യദുരന്തങ്ങളിലൊന്ന്. ഒരു തരം ദ്വന്ദ്വഭാവത്തിനുടമയാണു നമ്മുടെ മനസ്സ്. ഉൽകൃഷ്ടമായ ചില ആശയങ്ങളും ആദർശങ്ങളും നമുക്കുണ്ട്. അവ ഉയർത്തിപ്പിടിക്കാൻ മറ്റുള്ളവരോടും നമ്മോടു തന്നെയും നാം ഉൽബോധിപ്പിക്കുന്നു. പക്ഷേ, അവയെ പ്രാവർത്തികമാക്കാൻ നമുക്കു പലപ്പോഴും കഴിയുന്നില്ല. സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലെത്തി മനുഷ്യ ദുഃഖങ്ങൾ ഏറ്റെടുത്തതിനു പ്രതിഫലമായി കുരിശുമരണം വിധിക്കപ്പെട്ട് ഭീതിദമായ വേദനയിൽ ശരീരവും മനസ്സും പിടഞ്ഞുകൊണ്ടിരിക്കുമ്പോഴും അപ്പാ, ഇവരോടു ക്ഷമിക്കണമേ എന്നു ക്രിസ്തു പ്രാർത്ഥിച്ചു. മനുഷ്യരൂപം പൂണ്ട ദൈവസ്നേഹവുമായി അനുതാപപ്പെടുന്നതും സഹനത്തിൽ പോലും സന്തോഷം കാണുന്നതുമായ ഒരു ജീവിതശൈലി അധീനമാകുമ്പോൾ മാത്രം സാധ്യമാകുന്ന ഒന്നാണത്. ●

ഉൽകൃഷ്ടമായ ചില ആശയങ്ങളും ആദർശങ്ങളും നമുക്കുണ്ട്. അവ ഉയർത്തിപ്പിടിക്കാൻ മറ്റുള്ളവരോടും നമ്മോടു തന്നെയും നാം ഉൽബോധിപ്പിക്കുന്നു. പക്ഷേ, അവയെ പ്രാവർത്തികമാക്കാൻ നമുക്കു പലപ്പോഴും കഴിയുന്നില്ല.

***Some Interesting Facts***

- Chewing on gum while cutting onions can help a person from producing tears.
- There is a hotel in Sweden built entirely out of ice; it is rebuilt every year.
- Onions help reduce cholesterol if eaten after a fatty meal.

# കഷ്ടാനുഭവത്തെപ്പറ്റി ഒരു ചലച്ചിത്രം



ഓസ്കർ ജേതാവായ മെൽ ഗിബ്സൻ സംവിധാനം ചെയ്ത The Passion of Christ എന്ന ചലച്ചിത്രം ലോകമെമ്പാടും ശ്രദ്ധേയമാകുകയാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ റിലീസു ചെയ്ത ഈ ചിത്രത്തിന്റെ പ്രസക്തഭാഗങ്ങൾ ടിവിയിൽ നങ്ങൾ കണ്ടു കാണും. പ്രായവും അനാരോഗ്യവും വകവയ്ക്കാതെ മാർപാപ്പ ഈ ചലച്ചിത്രം കാണുകയുണ്ടായി. നാലു സുവിശേഷങ്ങളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ ജീവിതത്തിലെ അവസാന പന്ത്രണ്ടു മണിക്കൂർ സമയത്തു നടന്ന കാര്യങ്ങളാണ് ഇതിൽ ചിത്രീകരിച്ചിരിക്കുന്നത്. വികാരനിർഭരമായ ഈ നിമിഷങ്ങളെപ്പറ്റി അഭിപ്രായമാരാഞ്ഞപ്പോൾ It is as it was എന്നാണ് മാർപാപ്പ പ്രതികരിച്ചത്. ഈ ചിത്രം കണ്ട സുവിശേഷ പ്രസംഗകൻ ബില്ലിഗ്രഹാം നിറകണ്ണുകളോടെയാണ് മുറി വിട്ടത്. ഒരു ജീവിതകാലം മുഴുവൻ പറഞ്ഞു തീർക്കാനാവാത്ത ദൂത് ഇതിൽ അടങ്ങിയിട്ടുണ്ടെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. കഥാപാത്രങ്ങൾ അരമായ, ലാറ്റിൻ ഭാഷകളാണുപയോഗിക്കുന്നത്. എല്ലാവർക്കും മനസ്സിലാക്കുവാനായി ഇംഗ്ലീഷ് സബ് ടൈറ്റിലുകൾ നൽകിയിരിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പു നടന്ന ഒരു ചരിത്രസംഭവം സുവിശേഷങ്ങളിൽ നൽകുന്ന വസ്തുതകളുടെ വെളിച്ചത്തിൽ തനിമ നഷ്ടപ്പെടാതെ അഭ്രപാളികളിൽ പകർത്തുക ശ്രമകരമായ ഒരു സംരംഭമാണ്. യേശുവിന്റെ റോളിൽ പ്രത്യക്ഷപ്പെടുന്ന ജയിംസ് കാവിസൻ തികച്ചും ശ്രദ്ധേയനാണ്. നീലക്കണ്ണുകളുള്ള ഒരു ആര്യൻവംശജനെ ഈ റോൾ കൈകാര്യം ചെയ്യാൻ തിരഞ്ഞെടുക്കാതെ സെമിറ്റിക് വംശജനായ കാവിസനെ ഇതിനായി നിയോഗിച്ചത് ശ്രദ്ധേയമായ ഒരു നീക്കമാണ്.

യേശുവിന്റെ ക്രൂശുമരണത്തിനുത്തരവാദികൾ മഹാപുരോഹിതന്മാരും ശാസ്ത്രിമാരുമടങ്ങുന്ന യഹൂദ വരേണ്യവർഗ്ഗവും റോമൻ ഭരണാധികളുമായിരുന്നു. ഇക്കാര്യത്തിൽ ഇരുകൂട്ടർക്കും തുല്യപങ്കാളിത്തമാണുണ്ടായിരുന്നത്. എന്നാൽ സുവിശേഷം അതിശക്തമായി വിരൽ ചൂണ്ടുന്നത് യഹൂദമതനേതാക്കന്മാർക്കെതിരെയാണ്. റോമൻ ഭരണാധികാരികളുടെ കുടിലതന്ത്രവും, പീലാത്തോസ് ബോധപൂർവം സൃഷ്ടിക്കുന്ന പുകമറയും വേണ്ടവിധം സുവിശേഷങ്ങളിൽ ചിത്രീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന പരാതി ഇന്നും നിലനിൽക്കുന്നു. ആന്റി - സെമിറ്റിസവും, യഥാകാലങ്ങളിൽ ക്രൈസ്തവരാജ്യങ്ങൾ യഹൂദന്മാരോടു പ്രകടിപ്പിച്ച വിദ്വേഷവും യേശുവിന്റെ കുരിശുമരണത്തിൽ യഹൂദൻമാർക്കുള്ള പങ്കായിരുന്നു. സുവിശേഷത്തിൽ നൽകുന്ന വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കി മെനഞ്ഞെടുക്കുന്ന ശിൽപ്പങ്ങൾ ചരിത്രത്തോടു പൂർണ്ണമായി നീതി പുലർത്തുകയില്ലെന്നാണു വിമർശകർ വാദിക്കുന്നത്. വസ്തുതകൾ സുവിശേഷങ്ങളിൽ വളച്ചൊടിച്ചിരിക്കുന്നുവെന്നല്ല അവർ ആരോപിക്കുന്നത്. മറിച്ച്, പ്രതികൂല സാഹചര്യങ്ങളെ നേരിട്ടുകൊണ്ടിരുന്ന ആദിമ ക്രൈസ്തവ സഭയ്ക്ക് എല്ലാം തുറന്നു പറയാനാവുമായിരുന്നില്ല, പ്രത്യേകിച്ച്, റോമിനെ സംബന്ധിക്കുന്ന കാര്യങ്ങൾ. അതുകൊണ്ടാവാം സുവിശേഷം രേഖപ്പെടുത്തിയവർ ഇക്കാര്യത്തിൽ ഒരു മൃദുല സമീപനമെടുക്കുവാൻ നിർബന്ധിതരായത്. ഒരു ചലച്ചിത്രസംവിധായകന് ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ വിടവ് നികത്താനാകുമായിരുന്നു. എന്നാൽ ഈ ചിത്രത്തിൽ അതുണ്ടായതുമില്ല. യേശുവിനെ മരണത്തിനു വിധിച്ചത് റോമൻ പ്രീഫക്ട് ആയ പീലാത്തോസ് ആയിരുന്നു. യഹൂദന്മാരുടെ രാജാവേ, ജയ ജയ എന്നുള്ള തീർത്ഥാടകരുടെ വിളി അദ്ദേഹത്തെ ചൊടിപ്പിച്ചിരിക്കണം. അതുകൊണ്ട് രാജ്യദ്രോഹം ചുമത്തിയാണ് ഈ ശിക്ഷ നൽകിയത്. ദൈവദൂഷണമല്ലായിരുന്നു, അധീശ ശക്തിയെ സംബന്ധിച്ചിടത്തോളം പ്രശ്നം. കയ്യഫാസിന്റെ രാഷ്ട്രീയ മേലധികാരിയായിരുന്നു പീലാത്തോസ്. അതുകൊണ്ട് കെണി ഒരുക്കുന്നവന്റെ ചുമതലയാണ് മഹാപുരോഹിതനുണ്ടായിരുന്നത്. കുറ്റം കയ്യഫാസിന്റെ തലയിലാക്കുന്നതിൽ പീലാത്തോസ് വിജയിക്കുകയും ചെയ്തു. ചഞ്ചലചിത്തനായ ഒരു ഭരണാധികാരിയായിട്ടല്ല റോമൻ ചരിത്രം പീലാത്തോസിനെ ചിത്രീകരിക്കുന്നത്. ക്രൂരനും നിർബന്ധബുദ്ധിയും വിചാരണ കൂടാതെ തടവുകാരെ കൊലയ്ക്കു കൊടുക്കുന്നവനുമായിരുന്നു ഈ മനുഷ്യനെന്ന് അലക്സാണ്ട്റിയയിലെ ഫിലൊ രേഖപ്പെടുത്തിയിട്ടുണ്ട്.


ഗത്സമന തോട്ടത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന യേശുവിനെ അവതരിപ്പിച്ചുകൊണ്ടാണ് ചിത്രമാരംഭിക്കുന്നത്. യേശുവിനെ പരീക്ഷിക്കാൻ സാത്താൻ അവിടെ എത്തുന്നതു തികച്ചും പ്രതീകാത്മകമാണ്. ഒരുവന് ലോകത്തിന്റെ പാപഭാരമെല്ലാം ചുമക്കുവാൻ കഴിയുമോ എന്നുള്ള ചോദ്യമാണ് അവനുയർത്തുന്നത്. ലോകത്തെ തലകീഴ് മറിക്കത്തക്കവണ്ണം തന്റെ നിയോഗത്തിൽ ഉറച്ചു നിൽക്കുന്ന യേശുവിനെയാണ് പിന്നീടു നാം ദർശിക്കുന്നത്. ഒരു സംഘം ആളുകളുമായി കയ്യഫാസ് നടത്തുന്ന നാടകീയമായ നീക്കങ്ങളും അവരുയർത്തുന്ന മുറവിളികളും പിരിമുറുക്കം സൃഷ്ടിക്കുന്നവയാണ്. "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ മക്കളുടെ മേലും വരട്ടെ" എന്നു ജനം ആർത്തു വിളിക്കുന്നത് മത്തായിയുടെ സുവിശേഷത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എ.ഡി.70-ൽ റോമാക്കാർ യരുശലേം ദേവാലയം തകർത്തതിനുശേഷം മത്തായിയുടെ സുവിശേഷത്തിൽ സ്ഥാനം പിടിച്ച ഒരു വസ്തുതയാണിതെന്നു പല ദൈവശാസ്ത്രജ്ഞന്മാരും കരുതുന്നു. യേശുവിനെ അതിക്രൂരമായി റോമൻ പടയാളികൾ മർദ്ദിക്കുന്നത് ആരെയും വിഷാദമൂകരാക്കും. വരേണ്യവർഗ്ഗത്തിൽ പെട്ട ഒരു ന്യൂനപക്ഷമാണ് യേശുവിനെതിരായി പ്രവർത്തിക്കുന്നതെന്ന സൂചനയും ചിത്രത്തിലുണ്ട്. അവർ വരുത്തി വച്ച ഈ വിന യഹൂദജാതിക്കു തന്നെ നിരന്തരഭീഷണിയായി തുടരുന്നുവെന്നതാണു സത്യം.

കരുത്തുറ്റ ഒരു സംവിധായകൻ നിർമ്മിക്കുന്ന ഒരു ചലച്ചിത്രത്തിനു ശക്ത



## കഥയില്ലാത്ത അൽപം ചില്ല

ഡോ. കെ. വി. വർഗീസ്



# തീർത്ഥാടനത്തിനിടയിൽ

ഡോ. എബ്രഹാം കരിക്കാം

## വേദഗ്രന്ഥങ്ങളുടെ പാരസ്പരിക ബന്ധം

ജനീവയ്ക്കു സമീപം സെലിനി എന്ന സ്ഥലത്താണ് ബൊസ്സെ എക്യുമെനിക്കൽ ഇൻസ്ടിട്യൂട്ട് സ്ഥിതി ചെയ്യുന്നത്. സഭകളുടെ ലോക കൗൺസിൽ (WCC) 1946-ൽ ആരംഭിച്ച ഈ സ്ഥാപനത്തെ 'പഠന കേന്ദ്രങ്ങളുടെ മാതാവ്' എന്നു വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. 24 മണിക്കൂറും തുറന്നു പ്രവർത്തിക്കുന്ന ലൈബ്രറി ഇവിടുത്തെ പ്രത്യേകതയാണ്. സമീപകാലത്ത് ഇവിടെ ഒരു സെമിനാർ നടന്നു. Interpreting sacred scriptures in pluralistic contexts (ബഹുമുഖ പശ്ചാത്തലങ്ങളിൽ വിശുദ്ധ വേദഗ്രന്ഥങ്ങളുടെ വ്യാഖ്യാനം) എന്നതായിരുന്നു ചിന്താവിഷയം.

വിശാല എക്യുമെനിസം ഏതാണ്ട് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞ ആശയമാണ്. സർവസൃഷ്ടിയും ഈശ്വരനിൽ ഒന്നാണെന്ന ചിന്ത ശക്തമാണിന്ന്. എങ്കിലും, അപരന്റെ വേദഗ്രന്ഥത്തെപ്പറ്റി കേൾക്കുമ്പോൾ എന്തോ ഒരു വല്ലായ്മ തോന്നുക സ്വാഭാവികം-എന്റേതു മാത്രം ശരിയെന്ന ധാരണയുമായി മുന്നേറുമ്പോൾ തോന്നുന്നതായ വികാരം. എന്നാൽ ക്രിസ്ത്യാനികൾ എന്നും പള്ളിയിൽ പോകുന്നത് വേറൊരു മതക്കാരന്റെ ഗ്രന്ഥവും പേറിക്കൊണ്ടാണെന്നുള്ള വസ്തുത ഒരിക്കലും ഓർക്കാറില്ല. പഴയ നിയമം യഹൂദന്മാരുടെ വേദഗ്രന്ഥമല്ലേ? അതിൽ യേശുക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനങ്ങളുണ്ടെന്നു സമാധാനിക്കാം. എന്നാൽ യേശുക്രിസ്തുവിനെപ്പറ്റി ആര്യവേദങ്ങളിലും പരാമർശമുണ്ടെന്ന് ധാരാളം പണ്ഡിതന്മാർ വിശ്വസിക്കുന്നു. ഈ വഴിക്ക് അന്വേഷണം തുടങ്ങി വച്ചത് റയ്മുണ്ടോ പണിക്കർ, കാൾ റാണർ തുടങ്ങിയ ആചാര്യന്മാരാണെന്നതു മറന്നുകൂടാ. ഒരു ജീവിതകാലം മുഴുവൻ നീളുന്ന തപസ്യ തന്നെ വേണമല്ലോ പണിക്കരുടെ 'The Vedic Experience' പോലുള്ള ഒരു ഗ്രന്ഥമെഴുതാൻ. രണ്ടാം വത്തിക്കാൻ കൗൺസിൽ വിപ്ലവകരമായ മാറ്റങ്ങൾക്കു വഴി തുറന്നെങ്കിൽ അതിന് ഇത്തരം വേദശാസ്ത്രജ്ഞന്മാരുടെ സംഭാവന അതിശക്തമായിട്ടുണ്ടാവും. അജ്ഞതയുടെ ഭയപ്പെടുത്തുന്ന അന്ധകാരലോകത്തിലെ വെള്ളിനക്ഷത്രങ്ങളാണ് ഇക്കൂട്ടർ.

ബൊസ്സെ സെമിനാറിൽ ഉയർന്ന പ്രധാന ചോദ്യമിതാണ്. മറ്റു മതഗ്രന്ഥങ്ങൾ അവധാനതയോടെ പഠിക്കുന്നതിന് എല്ലാവരെയും പ്രോത്സാഹിപ്പിക്കേണ്ടതല്ലേ? അസ്പൃശ്യതയുടെ കാലം കഴിഞ്ഞില്ലേ? മറ്റുള്ളവരെപ്പറ്റിയുള്ള അജ്ഞതയല്ലേ സകല പ്രശ്നത്തിന്റെയും കാതൽ? ബ്രിൻഡൻ മക്ലിസ്റ്ററുടെ ഒരു വാചകം ഇവിടെ ഉദ്ധരിക്കട്ടെ: "വ്യത്യാസങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ വരുമ്പോഴാണ് മനുഷ്യർക്കിടയിൽ സംഘട്ടനമുളവാകുന്നത്; വ്യതിരിക്തത നമ്മെ ഭയപ്പെടുത്തുമ്പോൾ പ്രത്യേകിച്ചും. നമുക്കറിയാൻ പാടില്ലാത്ത കാര്യങ്ങളാണ് സ്വാഭാവികമായി നമ്മിൽ ഭയമുണർത്തുന്നത്. അജ്ഞത ദൂരീകരിക്കുകയെന്നതാണ് അനുരഞ്ജനത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം."

മറ്റു മതങ്ങളെല്ലാം സാത്താന്റെ മതങ്ങളും, മറ്റു ഗ്രന്ഥങ്ങൾ സാത്താന്റെ വചനങ്ങളും എന്നൊക്കെ കരുതിയ ഒരു കാലഘട്ടമുണ്ടായിരുന്നു. ക്രിസ്ത്യാനിയുടെയും മുസൽമാന്റെയും വീട്ടിൽ ഇതര മതഗ്രന്ഥങ്ങൾ കയറ്റാൻ മടിയാണ്. ഹിന്ദുക്കൾ ഇന്ന് ഏറ്റവും ഭയപ്പെടുന്നതും അതാണ്. എല്ലാവരെയും മതപരിവർത്തനം നടത്തിയാൽ ആർഷസംസ്കാരത്തിന്റെ ആണിക്കല്ലുകളായ വേദങ്ങളുടെയും ഇതിഹാസങ്ങളുടെയും ഗതിയെന്താവും? അവയെ ആർ സംരക്ഷിക്കും? **രൂത്ത് നവോമിയോടു പറഞ്ഞതുപോലെ "നിന്റെ ദൈവം എന്റെ ദൈവം; നിന്റെ ജനം എന്റെ ജനം" എന്നു പറയാൻ പറ്റുന്ന അവസ്ഥയിലേക്ക് ഇന്നു ലോകം വളരണം.** അതിനായി പരിശ്രമിക്കുന്ന വേൾഡ് പാർലമെന്റ് ഓഫ് റിലിജിയൻസ്, യുണൈറ്റഡ് റിലിജിയൻസ് ഇനിഷ്യേറ്റിവ് തുടങ്ങിയ മതൈക്യപ്രസ്ഥാനങ്ങളുടെ സേവനം വിലപ്പെട്ടതാണ്. മറ്റുള്ളവരെ മനസ്സിലാക്കാൻ വേണ്ടി അവർ പറയുന്നതെല്ലാം അംഗീകരിക്കണമെന്നില്ല. വ്യത്യസ്തത ഉറപ്പു വരുത്തിക്കൊണ്ടു തന്നെയാണ് മതസംവാദ പരിപാടികൾ നടത്തുന്നത്. ആരും ആരുടെ വിശ്വാസത്തെയും തള്ളിപ്പറയുന്നില്ല. അങ്ങനെ പറഞ്ഞാൽപ്പിന്നെ സംവാദത്തിനു സാംഗത്യമില്ലല്ലോ.

വേദഗ്രന്ഥങ്ങളുടെ താരതമ്യപഠനം തമ്മിലടിക്കുന്ന മതങ്ങളെ സമന്വയത്തിന്റെയും സമവായത്തിന്റെയും പാതയിലേക്കു നടത്താൻ സഹായിക്കും. ഇത്തരം പഠനങ്ങൾ സെമിനാരികളിൽ മാത്രം ഒതുങ്ങിയാൽ പോരാ. അതു സാധാരണക്കാരിലേക്കു വ്യാപിപ്പിക്കാൻ എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾക്കു വളരെയേറെ ചെയ്യാനാവും. "സർവപ്രപഞ്ചത്തിനും ബിംബഭൂതനായ്

സർവോപരി സ്ഥിതനായ് സർവസാക്ഷിയായ്

തേജോമയനാം പരൻ പരമാത്മാവ്

രാജീവ ലോചനനാകുന്ന നീയല്ലോ."

എന്നു കേട്ടാൽ ആർക്ക് എന്താണു പ്രശ്നം? എന്നാൽ അതു അദ്ധ്യാത്മരാമായണത്തിലെ വരികളാണെന്നറിയുമ്പോൾ ഉൾക്കൊള്ളാൻ എല്ലാവർക്കും കഴിയുമോ?

**വ്യത്യാസങ്ങളുടെ പേരിൽ കലഹിച്ചിട്ടെന്തു കാര്യം? സമാനതകൾ കണ്ടെത്തി സാഹോദര്യത്തിന്റെ പുത്തൻ സരണികൾ തുറക്കാനാകട്ടെ നമ്മുടെ പരിശ്രമം.**

മായ ഒരു മാധ്യമമാകുവാൻ കഴിയും. ക്രൈസ്തവ ലോകത്തു കെട്ടടങ്ങിക്കൊണ്ടിരിക്കുന്ന ആന്റി-സെമിറ്റിക്ക് വികാരങ്ങളെ ഈ ചലച്ചിത്രം ഉണർത്തുമെന്നു ഭയപ്പെടുന്നവരുണ്ട്. എല്ലാ യഹൂദന്മാരും യേശുവിന്റെ മരണത്തിൽ കുറ്റക്കാരല്ലായിരുന്നുവെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നാസ്സി ഭരണകാലത്ത് യഹൂദന്മാർക്കെതിരെ നടത്തിയ ക്രൂരതയ്ക്കു പോളണ്ടിലെ ക്രിസ്ത്യാനികൾ മാപ്പുസാക്ഷികളായത് നീതിക്കു നിരക്കാത്ത ഒരു നടപടിയായെന്ന് മാർപാപ്പ ഖേദപ്രകടനം നടത്തിയിട്ടുമുണ്ട്. അനുരഞ്ജനത്തിന്റെ ഈ പാതയിൽ പഴയ ഭയാശങ്കകൾ വിലക്കുകൾ സൃഷ്ടിക്കുമോയെന്നാണു ജനം ഭയക്കുന്നത്. 25 ദശലക്ഷം ഡോളർ ചിലവിട്ട് ഇറ്റലിയിൽ ഛായാഗ്രഹണം നടത്തിയ ഈ ചലച്ചിത്രം സ്വയം ശോധനയ്ക്കു നമ്മെ പ്രേരിപ്പിക്കുമെന്നു പ്രത്യാശിക്കാം.

# A Meditation on Bees

**REV. DR. M. L. JOSEPH**

Let me begin with a gossip. *In a seminar on* Ecological Crisis and deforestation, a tribal participant made an agonizing statement. He said, *"we are deprived of our traditional livelihood. We used to collect honey from the forest's bounty. This has been our job for centuries. The situation today is very bad as a result of deforestation". An official with executive powers and academic degrees intervened and asked the tribal,* ***"What has honey to do with deforestation"?*** Rule of ignorance at the top!

O Bees! you are Nature's busy ones

You are the connecting link between me and Nature

You do not speak words, but you act on words daily.

You teach me the ABC of a perfect society

Your concept of the division of labour and divorceless marriage are lessons for me.

The wonderful secrets in your hive are still mysteries

My fellow human John Dzierzon and William H. Wilson are indeed your great friends

You paid the fees of William's daughter through college in times of depression.

Your concept of colonies are indeed chapters in the Bible of my life

Your self-sacrifice and devotion to life are scriptures for the human hive.

**You ha[illegible]**

**touch the[illegible]**

**You d[illegible] flo[illegible] yo[illegible]**

**touch them[illegible]**

**Your [illegible]shes the[illegible] flowers**

**You b[illegible] the fragrance of** wild flowers to my side.

**The pollen on [illegible]** contribute to the Green Revolution [illegible] me.

**What [illegible]** lesson you teach me!

**What [illegible]**ful mirror you hold before me!

**What [illegible]** team spirit you communicate!

**Lord, make me a bee in your earthly hive.**

**Let me produce the honey of love and joy in the pilgrimage of life.**

# SALT OR SALTY?

**Rachel Philip, Abudhabi**

Jesus [illegible] has cannot be my dis[illegible] [illegible]

Salt is formed through the union [illegible] rine. Its quality lies not merely in the [illegible] these chemicals but in the chemistry of giving [illegible] bined properties to enhance the flavour which is added to it. Similarly man's relationship with God should result in the chemistry of love that changes the flavour of the world around us-the tastelessness of a sinful life into the taste of the goodness of God. The question really is-are you salt or salty? This is the difference between a mere believer and a true disciple. Many of us are cynically indifferent to the pains of life around us and are walking in a cloud of self absorption. Lives of countless people brush past us daily-people struggling with burdens too heavy for them, people who have lost their way in their search for truth. But we move on, seeing but uncaring. The tragedy is that often while we focus on the heavenly goal set for us by Christ, we move away from the harsh realities of life. True, God wants us not to be tarnished by the world's sin but to be concerned about people.

While we are so ready to be believers, we don't dare to be disciples. It is easy to accept salvation which is freely given to us. But it is difficult to be a disciple, for it is about giving up. How sad it is that in a world where the cry is 'me, me' and the aim of lives is merely to achieve and to attain, the concept of [illegible] but to [illegible] that [illegible] being, [illegible] loved us with an [illegible] was entirely vulner[illegible] love. Because His love [illegible] we readily enjoy its riches [illegible] or hurt Him. Yet despite being hurt by [illegible] loving us.

If a disciple [illegible] the imitator of a master, then we are called to love [illegible] a Christ-like love. Jesus himself has said that it is costly to be a disciple of His. A disciple's life is a loving, caring, compassionate and forgiving life; a blessed and blessing life-nevertheless, it can be a painful one too. It would mean sacrificing of our dreams, our time, our wealth, our health etc. But it is also the most fulfilling life one can lead. Jesus perfectly exemplified such a selfless life. As believers, we build our house on the rock. But a disciple rebuilds the ancient ruins and restores the places long devastated (Isaiah 61:4). **The world has many believers, but not enough disciples.**

*(Miss Rachel Philip is doing her graduate studies in English Honours at St. Stephen's College, New Delhi.)*

# പള്ളിയിലും അമ്പലത്തിലും ഒരേ ദൈവം

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

*(മേൽപ്പറഞ്ഞ ശീർഷകത്തിൽ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ന്യൂവിഷൻ ഫെബ്രുവരി ലക്കത്തിൽ എഴുതിയ ലേഖനത്തെപ്പറ്റി വ്യത്യസ്ത പ്രതികരണങ്ങൾ ലഭിക്കയുണ്ടായി. അവയിൽ, മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയുടേതാണ് ആദ്യം ചേർക്കുന്നത്. -ചീഫ് എഡിറ്റർ)*

ന്യൂ വിഷൻ മാർച്ച് ലക്കത്തിൽ സി. എസ്.വർഗീസിന്റെ പ്രതികരണം കൊടുത്തിരുന്നത് ഉദ്ധരിക്കുന്നു: "പള്ളിയിലും അമ്പലത്തിലും ഒരേയൊരു ദൈവമാണുള്ളതെന്ന് അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി ചെയ്ത പ്രസ്താവനയോടു ക്രൈസ്തവ വിശ്വാസികൾക്കു യോജിക്കാൻ സാധിക്കില്ല...."

ഈ പ്രതികരണം പഴയനിയമ അടിസ്ഥാനത്തിലാണെന്ന് അതിൽത്തന്നെ വ്യക്തമാക്കുന്നു. എബ്രായ ലേഖനത്തിന്റെ ആരംഭത്തിൽ പറയുന്നതുപോലെ പഴയനിയമം ഭാഗികവും പ്രവാചകന്മാർ മുഖാന്തരവും, പുതിയനിയമം സമ്പൂർണ്ണവും ക്രിസ്തുവെന്ന ഏകജാതൻ മുഖാന്തരവുമാണ്. പുതിയനിയമപ്രകാരം യേശുക്രിസ്തു സത്യദൈവവും നിത്യജീവനുമാണ്. നിഖ്യാവിശ്വാസപ്രമാണപ്രകാരം ക്രിസ്തു സാരാംശത്തിൽ പിതാവിനോട് ഏകത്വമുള്ളവനും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവുമാണ്. മതമൗലികവാദികൾ ഇത് മനസ്സിലാക്കാത്തതിനാലാണ് യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം ദൈവമാണെന്നു ധരിച്ചിരിക്കുന്നത്. അവൻ ലോകരക്ഷിതാവാണ്. "ദൈവം ലോകത്തെ സ്നേഹിച്ച് പുത്രനെ തന്നു" (യോഹന്നാൻ 3:16). "അവൻ നമ്മുടെ പാപത്തിൻ പ്രായശ്ചിത്തമാകുന്നു. സർവലോകത്തിന്റെയും പാപത്തിനു തന്നെ."

ദൈവം സ്നേഹമെന്ന് പഴയനിയമത്തിലില്ല. സൈന്യങ്ങളുടെ ദൈവമായ യഹോവയെന്ന് പുതിയനിയമത്തിലുമില്ല. ക്രിസോസ്റ്റം പിതാവ് എഴുതിയിരിക്കുന്നത് പുതിയനിയമത്തിന്റെ വെളിച്ചത്തിലാണ്. ന്യൂ വിഷൻ മാർച്ച് പതിപ്പിൽ കൊടുത്തിരുന്ന സി. എഫ്. ആൻഡ്രൂസിന്റെ ലേഖനവും വായിക്കുക. എന്റെ ഒരു കവിതയിൽ ബിംബങ്ങളോടു പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം നൽകുന്നത് ത്രിയേകദൈവമാണെന്നു പറഞ്ഞിട്ടുണ്ട്. സകല നന്മയും അവനിൽ നിന്നും അവനാലും അവങ്കലേക്കും (റോമർ 11:36) സകലവും യേശു മുഖാന്തരം യേശുവിനായിട്ടും സൃഷ്ടിക്കപ്പെട്ടു (കൊലോസ്യർ 1:16).

**ക്രിസ്തു സാരാംശത്തിൽ പിതാവിനോട് ഏകത്വമുള്ളവനും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവുമാണ്. മതമൗലികവാദികൾ ഇത് മനസ്സിലാക്കാത്തതിനാലാണ് യേശുക്രിസ്തു ക്രിസ്ത്യാനികളുടെ മാത്രം ദൈവമാണെന്നു ധരിച്ചിരിക്കുന്നത്. അവൻ ലോകരക്ഷിതാവാണ്.**

മതമൗലികവാദികൾ ക്രിസ്തീയ സഭയിൽ എക്കാലവുമുണ്ടായിരുന്നു. അടിമക്കച്ചവട കാലത്ത് പഴയനിയമം ഉദ്ധരിച്ച് അടിമക്കച്ചവടത്തെ അവർ ന്യായീകരിച്ചു; അതിനുശേഷം ജന്മിവാഴ്ചയുടെ കാലത്ത് അതിനെയും. ഇപ്പോൾ കമ്യൂണിസത്തെയും കാപ്പിറ്റലിസത്തെയും നീതികരിക്കുന്ന മതമൗലികവാദികളുണ്ട്. ഇത് എല്ലാ മതങ്ങളിലും എക്കാലവുമുള്ള ഒരു രോഗമാണ്. ബിൻ ലാദൻ വിശുദ്ധ ഖുറാൻ ഉദ്ധരിച്ച് ചാവേർപടയെ നീതികരിക്കുന്നു. എന്നാൽ ബഹറിന്റെ ഷേയ്ക് ഒരു ലേഖനത്തിൽ ഇസ്ലാംമതപ്രകാരം എല്ലാവരും ആദമിന്റെയും ഹവ്വയുടെയും മക്കളാണെന്ന് എഴുതിയിരിക്കുന്നു. ഇതുപോലെ, ഹിന്ദുമതത്തിലും ശങ്കരാചാര്യരുടെയും രാമാനുജാചാര്യരുടെയും അദ്വൈതസിദ്ധാന്തം തിരസ്കരിച്ച് ആർ.എസ്.എസ്.മുതലായ സംഘടനകൾ ഹിന്ദു വർഗ്ഗീയതയെ യഥാർത്ഥ ഹിന്ദുത്വമായി വ്യാഖ്യാനിക്കുന്നതു ശരിയാണോ? ഉദാത്തമായ മതവിശ്വാസികൾ 21-ാം നൂറ്റാണ്ടിൽ പുതിയനിയമാധിഷ്ഠിത ദൈവശാസ്ത്രം കണ്ടുപിടിച്ചുകൊണ്ടിരിക്കുകയാണ്. എ.ഡി.3,4,5 നൂറ്റാണ്ടുകളിൽ ക്രിസ്ത്യാനികൾ തന്നെ വിശ്വാസവിപരീതകളെന്നു മുദ്രകുത്തി അനേകരെ കൊന്നിട്ടുണ്ട്. 16-ാം നൂറ്റാണ്ടിൽ മാർട്ടിൻ ലൂഥർ വിശ്വാസത്താലുള്ള നീതികരണം പഠിപ്പിച്ചത് ശരിയാണെങ്കിൽ ദൈവത്തിൽ വിശ്വസിക്കുകയും വിറയ്ക്കുകയും (യാക്കോബ് 2:19) ചെയ്യുന്ന പിശാചിനും രക്ഷ കിട്ടണം. സ്നേഹത്താലുള്ള ദൈവീകരണമാണ് പുതിയനിയമത്തിലെ പരമസത്യം. ഈ നൂറ്റാണ്ടിൽ ഈ പഴയ സിദ്ധാന്തം പുതുതായി പഠിച്ചില്ലെങ്കിൽ സഭയുടെ സ്നേഹത്തിന്റെ മിഷൻ വളർത്തി ലോകത്തെ ഒന്നാക്കുന്നതിനു പകരം പല വിശ്വാസങ്ങൾ പഠിപ്പിച്ച് ലോകത്തെ ഛിന്നഭിന്നമാക്കും. ഉടമകൾക്കു വേണ്ടി നിൽക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയും തൊഴിലാളികൾക്കു വേണ്ടി നിൽക്കുന്ന കമ്യൂണിസ്റ്റ് വ്യവസ്ഥിതിയും ഈ നൂറ്റാണ്ടിൽ വഴിമാറി എല്ലാവർക്കും വേണ്ടി നിൽക്കുന്ന ഉത്തരവാദിത്വസമൂഹമാണുണ്ടാകേണ്ടത്. നൊബേൽ സമ്മാനം ലഭിച്ച അമർത്യ സെന്നിന്റെ സാമ്പത്തിക തത്വശാസ്ത്രവും ഇതു തന്നെയാണ്.

**ഉടമകൾക്കു വേണ്ടി നിൽക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയും തൊഴിലാളികൾക്കു വേണ്ടി നിൽക്കുന്ന കമ്യൂണിസ്റ്റ് വ്യവസ്ഥിതിയും ഈ നൂറ്റാണ്ടിൽ വഴിമാറി എല്ലാവർക്കും വേണ്ടി നിൽക്കുന്ന ഉത്തരവാദിത്വസമൂഹമാണുണ്ടാകേണ്ടത്.**

യേശുക്രിസ്തുവിന്റെ ഉയിർപ്പ് എല്ലാവരേയും പുതിയ സൃഷ്ടികളാക്കി ഒരു പുതിയ വ്യവസ്ഥിതി ഉണ്ടാക്കുന്നതിനായിരുന്നു. നമ്മുടെ കർത്താവ് അന്തർനേത്രം തുറന്ന ആളായതുകൊണ്ട് (മർക്കോസ് 3:35) ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ തന്നെ എന്റെ അമ്മയും സഹോദരന്മാരും സഹോദരിമാരും ആകുന്നുവെന്നു പറഞ്ഞു. നമ്മുടെ കർത്താവിന്റെ അന്ത്യശാസനത്തിലും എല്ലാ ജാതികളെയും മാമോദീസ മുക്കുവാനല്ല, ശിഷ്യരാക്കുവാനാണ് കൽപ്പിച്ചിരിക്കുന്നത്. സഭാംഗങ്ങളാകുവാൻ ആഗ്രഹിക്കുന്നവർക്ക് മാമോദീസ കൊടുക്കാം. എന്നാലും അവരും ശിഷ്യരായില്ലെങ്കിൽ രക്ഷപ്പെടുവാൻ പ്രയാസമാണ്. 1 പത്രോസ് 3:19-ൽ നമ്മുടെ കർത്താവ് പാതാളത്തിൽ പോയി അനുസരണം കെട്ടവരെ രക്ഷിച്ചത് ഒരു പ്രധാന സംഭവമാണ്. "ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കുവാനാണ്" ദൈവം ഇഷ്ടപ്പെടുന്നത്. കുറെ നന്മയെങ്കിലുമുള്ള മനുഷ്യർ നിത്യനരകത്തിനർഹരല്ലല്ലോ. പിശാചിനും ദൂതന്മാർക്കും മാത്രമാണ് നിത്യനരകം (മത്തായി 25:41). ഓർതഡോക്സ് ദൈവശാസ്ത്രപ്രകാരമുള്ള ആശയങ്ങളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ●

# കേരള കൗൺസിൽ ഓഫ് ചർച്ചസ്

കേരളത്തിലെ 12 കത്തോലിക്കേതര സഭകളുടെയും 19 ക്രൈസ്തവസംഘടനകളുടെയും ഒരു കൂട്ടായ്മയാണ് കേരള കൗൺസിൽ ഓഫ് ചർച്ചസ് (കെ.സി.സി.). സഭകളുടെ ലോകകൗൺസിൽ ആരംഭിക്കുന്നതിന വളരെ മുമ്പാരംഭിച്ച ഈ സഭൈക്യസമിതി എക്യുമെനിക്കൽ രംഗത്ത് മുന്നോടിയാണ്. സഭൈക്യരംഗത്ത് വളരെയേറെ സംഭാവനകൾ നൽകുവാൻ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ പ്രാദേശിക ഘടകമായ കെ.സി.സി.ക്കു കഴിഞ്ഞിട്ടുണ്ട്. ദൈവരാജ്യ വളർച്ചയ്ക്കായും സാമൂഹിക നന്മയ്ക്കായും ഫലകരമായി പ്രവർത്തിക്കണമെങ്കിൽ സഭകൾ ഒരുമിച്ചു നിന്നേ മതിയാകൂവെന്ന് കെ.സി.സി. ഉറച്ചു വിശ്വസിക്കുന്നു. കേരളത്തിന്റെ ആദ്ധ്യാത്മിക, സാമൂഹിക, സാംസ്കാരികരംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ കെ.സി.സി.ക്കു സാധിച്ചിട്ടുണ്ട്. സഭൈക്യം സുദൃഢമാക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വരുന്നു. കേരളത്തിലെ വിവിധ സഭകളുടെ പിന്തുണയും നേതൃത്വവും ഈ സംഘടനയ്ക്കുണ്ടെന്നുള്ളത് സന്തോഷകരമാണ്. സഭയിലും സമൂഹത്തിലുമുണ്ടാകുന്ന ചലനങ്ങൾ മനസ്സിലാക്കി ദൈവരാജ്യവർദ്ധനയ്ക്കായി പ്രവർത്തിക്കുവാൻ കെ.സി.സി.ക്ക് സാധിക്കുന്നു.

സഭകൾ തമ്മിലുള്ള ഐക്യം മാത്രമല്ല, ഇതരമതങ്ങളുമായി സഹവർത്തിത്വത്തിലും സ്നേഹത്തിലും വർത്തിക്കുന്നതും അതിനുള്ള കർമ്മപദ്ധതി ആവിഷ്കരിക്കുന്നതും കാര്യപരിപാടിയിൽ പെടുന്നു. അവരവരുടെ മതവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് ഇതരമതങ്ങളെ ബഹുമാനിക്കുവാനും ആദരവോടെ നോക്കിക്കാണുവാനും സാധിക്കും. ഈ ആശയം മനസ്സിൽ വച്ചുകൊണ്ട് മതാന്തര സംവാദങ്ങൾ, മതമൈത്രീസംഗമങ്ങൾ, വിവിധ മതനേതാക്കളുടെ കൂട്ടായ്മ തുടങ്ങി നിരവധി കാര്യങ്ങൾക്കു നേതൃത്വം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. മതസൗഹാർദ്ദവേദി ഇതിന്റെയൊരു ഭാഗമാണ്.

പാർശ്വവൽക്കരിക്കപ്പെട്ടവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുകയെന്നത് കെ.സി.സി.യുടെ നയമാണ്. കേരളത്തിൽ, മുത്തങ്ങയിൽ ആദിവാസികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ അവർക്കുവേണ്ടി ശബ്ദമുയർത്തുവാൻ കെ.സി.സി.ക്കു കഴിഞ്ഞു. നഷ്ടപ്പെട്ട ഭൂമി അതിന്റെ അവകാശികളായ ആദിവാസികൾക്കു ലഭിക്കണമെന്ന് ശക്തമായി വാദിച്ചു. കേരളത്തിലെ ദളിത് സമൂഹം അഭിമുഖീകരിക്കുന്ന വിവേചനത്തിൽ കെ.സി.സി.ക്ക് അതിന്റേതായ നിലപാടെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ദളിത് സമൂഹത്തെ മുഖ്യധാരയിലെത്തിക്കുവാനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവകാശം നിഷേധിക്കപ്പെട്ടവരുടെ പക്ഷം ചേരുവാൻ ഒരിക്കലും മടി കാണിച്ചിട്ടില്ല.

മാറാടുണ്ടായ വർഗ്ഗീയ സംഘർഷം അടുത്ത കാലത്ത് കേരളം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും അപമാനകരമായ സംഭവമാണ്. ഇക്കാര്യത്തിലും കെ.സി.സി. തനതായ നിലപാടെടുത്തിട്ടുണ്ട്. അതുപോലെ, വിദ്യാഭ്യാസരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന ദുഷ്പ്രവണതകൾക്കെതിരെ ശക്തമായി പ്രതികരിക്കുവാനും സ്വാശ്രയസ്ഥാപനങ്ങൾ ചൂഷണോപാധികൾ ആകരുതെന്ന് ഉറക്കെ പറയുവാനും മടി കാണിച്ചിട്ടില്ല. കെ.സി.സി.ക്ക് രാഷ്ട്രീയമില്ല. എന്നാൽ രാഷ്ട്രീയത്തിൽ കണ്ടുവരുന്ന അപകടകരമായ പ്രവണതകൾ ക്കെതിരെ ശബ്ദമുയർത്തുവാൻ എപ്പോഴും കെ.സി.സി. സന്നദ്ധമായിട്ടുണ്ട്. രാഷ്ട്രീയത്തിലെ


ബിഷപ്പ് സാം മാത്യു, പ്രസിഡന്റ്

ജീർണ്ണത ഇന്ന് സർവവ്യാപകമായിരിക്കുകയാണ്. എവിടെ ജീർണ്ണത കണ്ടാലും അവിടെയെല്ലാം കെ.സി.സി. പ്രതികരിക്കുമെന്നുള്ളതിൽ സംശയമില്ല.

സമീപകാലത്ത് കെ.സി.സി. ഏറ്റെടുത്ത ഒരു പ്രധാന പരിപാടിയാണ് തോട്ടം മേഖലയിലെ തൊഴിലില്ലായ്മയും, അവിടെ തൊഴിലാളികളും ഉദ്യോഗസ്ഥരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും. തോട്ടങ്ങൾ ഓരോന്നായി പൂട്ടപ്പെടുമ്പോൾ ആയിരക്കണക്കിനു തൊഴിലാളികളും, അവരുടെ കുടുംബങ്ങളും അക്ഷരാർത്ഥത്തിൽ നരകയാതന അനുഭവിക്കുകയാണ്. സർക്കാരോ സാമൂഹ്യസംഘടനകളോ സഭകളോ വേണ്ട വിധത്തിൽ ഈ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ അറച്ചുനിന്നപ്പോൾ കെ.സി.സി. അവിടെയുള്ള പ്രവർത്തനങ്ങൾക്കു മുന്നിട്ടിറങ്ങി. ഇതൊരു പ്രാദേശിക പ്രശ്നമല്ല, മാനുഷികപ്രശ്നമാണെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് സമൂഹത്തെ ഇക്കാര്യത്തിൽ ആഹ്വാനം ചെയ്തു. കാസായുമായി ചേർന്ന് പരിഹാരപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ കഴിഞ്ഞു. സമൂഹമനസ്സാക്ഷിയെ ഇക്കാര്യത്തിൽ ഉണർത്തുവാൻ കഴിഞ്ഞുവെന്നതാണു നേട്ടം. കേവലം റിലീഫ് പ്രവർത്തനം കൊണ്ടായില്ല, അവിടെ പുനരധിവാസമാണാവശ്യം. അതിന് കേരള സർക്കാരും കേന്ദ്ര സർക്കാരും മുൻകയ്യെടുത്തേ മതിയാവൂ. ആഗോളവൽക്കരണത്തിന്റെ തിക്താനുഭവങ്ങൾ അനുഭവിക്കുന്ന ഒരു സമൂഹമാണ് കേരളത്തിലെ തോട്ടം തൊഴിലാളികൾ. ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഫലമായുണ്ടായ സ്ഥിതിവിശേഷമാണിത്. സർക്കാരിന്റെ അനാസ്ഥയും നിഷ്ക്രിയത്വവും ഇതിന്റെ ഭീകരത വർദ്ധിപ്പിക്കുന്നു. തൊഴിലാളി സംഘടനകളും, തൊഴിലാളികളുടെ പ്രവർത്തനശൈലിയും, മാനേജ്മെന്റിന്റെ മനോഭാവവും എല്ലാം ഈ പ്രശ്നത്തെ ഇത്രത്തോളം ഗുരുതരമാക്കി. ഇവിടെയെല്ലാം കെ.സി.സി.ക്ക് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

രാജ്യത്തെയും സഭയെയും മദ്യസംസ്കാരത്തിൽ നിന്ന് മോചിപ്പിക്കേണ്ടതാണെന്ന് കെ.സി.സി. ദൃഢമായി വിശ്വസിക്കുന്നു. സമൂഹത്തെ കാർന്നു തിന്നുന്ന സാമൂഹ്യതിന്മകൾക്കെതിരെ പോരാടുവാൻ മനുഷ്യമനസ്സാക്ഷിയെ ഉണർത്തുകയെന്ന ദൗത്യം ഫലകരമായി നിറവേറ്റുന്നുവെന്നത് ശുഭോദർക്കമാണ്.

വിദേശസഹായമൊന്നുമില്ലാതെയാണ് കെ.സി.സി. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സൂര്യനെല്ലി, ഉപ്പുകുന്ന്, പരാൽ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി സാമൂഹ്യപരിപാടികൾ നടത്തി വരുന്നു. കഴിഞ്ഞ വർഷം, സെക്രട്ടറി എ. ടി. ഏബ്രഹാം അച്ചൻ അമേരിക്കയിൽ പോയി സ്നേഹിതരിൽ നിന്ന് ഒരു തുക ശേഖരിച്ചുകൊണ്ടുവന്നു നിക്ഷേപിച്ചതിന്റെ പലിശയുപയോഗിച്ച് പരിപാടികളെല്ലാം ഭംഗിയായി നടത്തിപ്പോരുന്നു. വിവിധ സഭകളിലെ ബിഷപ്പുമാരും നേതാക്കളും കെ.സി.സി.ക്കു നൽകുന്ന നേതൃത്വവും സഹകരണവും നന്ദിയോടെ ഓർക്കുന്നു.

കെ.സി.സി.യുടെ പ്രധാന ശ്രദ്ധാകേന്ദ്രങ്ങളിലൊന്നാണ് പാരിസ്ഥിതികപ്രശ്നങ്ങൾ. ഡോ. മാത്യു കോശി പുന്നയ്ക്കാടാണ് ഇതിനു നേതൃത്വം നൽകുന്നത്. കത്തോലിക്കാസഭയുമായി ചേർന്ന് ഒരു സംയുക്ത ഇക്കോളജിക്കൽ കമ്മിഷൻ വളരെ അർത്ഥവത്തായി പ്രവർത്തിക്കുന്നു. പ്രസിധീകരണരംഗത്തും നല്ല നേതൃത്വം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

(ശേഷം പേജ് 20)

# കെ. സി. സി.
# പ്രസക്തിയും പ്രവർത്തനവും

ഫാ. ഡോ. എ. ടി. എബ്രഹാം, സെക്രട്ടറി



കെ.സി.സി. ഉടലെടുത്തിട്ട് അരനൂറ്റാണ്ടു കഴിഞ്ഞെങ്കിലും അത് സാധാരണക്കാരായ കേരള ക്രൈസ്തവരുടെയിടയിൽ ഇന്നും വേണ്ടവിധത്തിൽ അറിയപ്പെടാതെയാണിരിക്കുന്നത്. ഭരണഘടനയിലെ രണ്ടു ഭാഗങ്ങൾ ഉദ്ധരിക്കുന്നതിലൂടെ കെ.സി.സി.യുടെ ഉദ്ദേശ്യവും പ്രവർത്തനങ്ങളും വ്യക്തമാകുന്നതാണ്.

**ROLE AND PURPOSE OF KCC**

The Kerala Council of Churches is autonomous and inter-confessional, comprising Churches in Kerala and Christian organisations. It is a constituent member of the National Council of Churches in India (NCCI). It is established on the principle that the Churches can fulfil their common task of witness and service best in a fellowship with one another for the extension of the Kingdom of God. The Council is the primary ecumenical expression in Kerala which embraces, promotes and co-ordinates the various forms of the church's ministry to the society. As such, it brings together the Churches and other Christian organisations for mutual consultation, mutual assistance and cooperative action in all matters related to Christian endeavour.

**OBJECTS AND FUNCTIONS OF KCC**

The objects of the Council shall be:-

a) To stimulate study and thought about the Church and the whole Christian enterprise and to enlist the best knowledge and experience in the furtherance of the Christian enterprise in Kerala.

b) To engage in nation building and to promote mutual understanding and cooperation among the churches and other Christian bodies and other secular or religious organizations which subscribe to the objects of the Kerala Council of Churches.

c) To co-ordinate Christian efforts as far as possible with a view to helping the progress of the Christian Church.

d) To help to form christian public opinion through consultation and bring to bear on the issues of the day.

e) To foster all efforts towards church unity.

f) To advise, assist and act with or on behalf of any of its constituent bodies, if requested by them to do so.

g) To co-operate with the NCCI enterprise as a whole for the purpose of furthering the growth of ecumenism.

h) To express solidarity with the oppressed, the poor, the marginalized and the alienated and to initiate and promote action in the areas of their social, political, cultural and economic needs and to form trusts or societies to meet those needs.

i) To publish and distribute on a non-profit basis periodicals and literature related to the work of the Council towards the dissemination of information and knowledge.

j) To seek and maintain affiliations or other desirable relationships with such other organisations in India that have the same or similar objects.

k) To purchase, to take on lease or hire or otherwise acquire and hold, also to sell, hypothecate, pledge, mortgage, transfer or lease any movable or immovable property or any right or privilege for the purpose of the Council.

l) To construct or alter or keep in repair any buildings required or used by the Council.

m) To solicit and seek or receive grants or loans from the government or other agencies for fulfilling the objects of the Kerala Council of Churches.

n) To undertake/promote charitable and relief works which are helpful to achieve the objects of Kerala Council of Churches.

എല്ലാ സഭകളും അതാതിന്റെ മേഖലകളിൽ പ്രസക്തമായ സാക്ഷീകരണവും സേവനവും ചെയ്യുന്നുണ്ടെങ്കിലും കേരള ക്രൈസ്തവർക്ക് അവർ ചെയ്യുന്നതും ചെയ്യേണ്ടതുമായ ക്രൈസ്തവസാക്ഷ്യവും സേവനവും ഏകോപിപ്പിച്ചു നടത്തുന്നതിനും അതിലൂടെ പൊതുവായ ക്രൈസ്തവസാക്ഷ്യം ഫലപ്രദമായി നടത്തുന്നതിനുമുള്ള എക്യുമെനിക്കൽ പ്രസ്ഥാനമാണ് കെ.സി.സി. എല്ലാ ക്രൈസ്തവസഭകളെയും ക്രിസ്തീയസംഘടനകളെയും അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങളോടും അപ്പോഴപ്പോൾ നമ്മുടെ സമൂഹത്തിൽ ഉടലെടുക്കുന്ന സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ, ധാർമ്മിക, മതപര, നൈതിക, സാമുദായിക, സംഭവവികാസങ്ങളോട് ക്രൈസ്തവസഭകൾക്കുള്ള പൊതുവായ പ്രതികരണം രൂപപ്പെടുത്തി ബന്ധപ്പെട്ടവരെ അറിയിക്കുന്നതോടൊപ്പം പ്രശ്നപരിഹാരത്തിന് പൊതുവിൽ സ്വീകാര്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതിനും എല്ലാ സഭകളെയും പ്രതിനിധീകരിക്കുന്ന കെ.സി.സി.ക്കു സാധിക്കും. കെ.സി.സി. സമൂഹത്തിലെ ശബ്ദരഹിതരുടെ ശബ്ദമായി എന്നും നിലകൊണ്ടിട്ടുണ്ട്. സഭകൾക്ക് അവയുടെ പ്രവാചകദൗത്യനിർവഹണത്തിന് ആവശ്യമായ ഉത്തേജനവും, ഊർജ്ജവും വേദശാസ്ത്രാധിഷ്ഠിതമാർഗ്ഗരേഖയും നൽകുന്നതിന് കെ.സി.സി. സജ്ജമാണ്.

കെ.സി.സി. വിഭാവനം ചെയ്യുന്ന എക്യുമെനിസത്തിന്റെ സ്വഭാവം "Unity in essentials, diversity in non-essentials and charity in everything" എന്നതാണ്. എല്ലാ സഭകളും ഒരു ഇടയന്റെ കീഴിൽ ഒരേ വിശ്വാസവും ആരാധനയും ഭരണക്രമവും അംഗീകരിച്ച് ഒന്നായി തീരുന്നതല്ല കെ.സി.സി. വിഭാവനം ചെയ്യുന്ന എക്യുമെനിസം. വിവിധ സഭകൾ അവരവരുടെ പ്രത്യേകതകൾ കാത്തുസൂക്ഷിക്കുന്നതോടൊപ്പം മറ്റു സഭകളുടെ പ്രത്യേകതകളെ ആദരിക്കുന്നതിനും, അതിൽ നിന്ന് നല്ലതെന്നു തോന്നുന്നവ സ്വീകരിക്കുന്നതിനും, ഒരു സഭയിൽ നിന്ന് മറ്റൊരു സഭയിലേക്ക് ആളുകളെ ചേർക്കുന്നതിനു ശ്രമിക്കാതിരിക്കുന്നതിനും, സഭകൾ അഭിമുഖീകരിക്കുന്ന പൊതുവായ പ്രശ്നങ്ങൾക്ക് സംയുക്ത പരിഹാരം കണ്ടെത്തുന്നതിനും, സഭകളുടെ സാമൂഹ്യസേവനപ്രവർത്തനങ്ങൾ പരസ്പരധാരണയിൽ നടത്തുന്നതിനും, സഭാശുശ്രൂഷകർ വിവിധ ശുശ്രൂഷാമേഖലകളിൽ അഭിമുഖീകരിക്കുന്ന ആനുകാലികപ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ക്രിയാത്മകമായ ശുശ്രൂഷ ചെയ്യുന്നതിനുള്ള പരിശീലനം നൽകുന്നതിനും ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് കെ.സി.സി. എന്നും മുൻഗണന നൽകിയിട്ടുണ്ട്.

സ്ത്രീകൾക്ക് സഭയിലും, സമൂഹത്തിലും രാഷ്ട്രത്തിലും അർഹമായ അവകാശങ്ങളും സ്ഥാനവും നേടിയെടുക്കുന്ന

തിനും, അവർക്കെതിരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും വേണ്ടി കെ.സി.സി. ശബ്ദം ഉയർത്തുക മാത്രമല്ല, ധാരാളം ബോധവൽക്കരണപഠനശിബിരങ്ങളും സെമിനാറുകളും നടത്തിയിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ച വിവിധ നിയമനിർമ്മാണവേളകളിൽ ഗവൺമെന്റിന്റെ മുൻപാകെ കേരള ക്രൈസ്തവസഭകളുടെ താല്പര്യത്തിനനുസരിച്ച് നിവേദനങ്ങൾ സമർപ്പിക്കുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും നിയമനിർമ്മാണത്തെ കാര്യമായി സ്വാധീനിക്കുന്നതിനും കെ.സി.സി.ക്കു കഴിഞ്ഞിട്ടുണ്ട്. ഇതിനു പുറമെ, പല ആനുകാലികപ്രശ്നങ്ങളോടും കെ.സി.സി. ക്രിയാത്മകമായി പ്രതികരിച്ചിട്ടുണ്ട്. സെൽഫ് ഫൈനാൻസിങ് മെഡിക്കൽ കോളജുകളിൽ 50% സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിൽ നൽകണമെന്ന് കേരള ഗവൺമെന്റിനോട് കെ.സി.സി. ആവശ്യപ്പെട്ടു. മാറാടു സംഭവത്തിൽ ഉടനടി ജഡീഷ്യൽ അന്വേഷണം നടത്തി ആ പ്രദേശത്തെ മതസംഘർഷത്തിന് എത്രയും വേഗം അറുതിവരുത്തണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് കെ.സി.സി. ആവശ്യപ്പെട്ടു. മുത്തങ്ങ സംഭവത്തിന്റെ നിജസ്ഥിതി അറിയുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഫാക്ട് ഫൈൺഡിങ് സംഘത്തെ അയയ്ക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആദിവാസികൾക്ക് ഭൂമി നൽകണമെന്നും മുത്തങ്ങവെടിവയ്പിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്നും സഭാമേലദ്ധ്യക്ഷന്മാരും കെ.സി.സി. പ്രസിഡന്റും ചേർന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുകയും പത്രസമ്മേളനം നടത്തി പൊതുജനങ്ങളെ ബോധവൽക്കരിക്കയും ചെയ്തു. സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് സാമ്പത്തിക പിന്നോക്ക മേഖലയിലെ ധാരാളം വിദ്യാലയങ്ങൾ അടയ്ക്കുന്നതിനുള്ള ഗവൺമെന്റു തീരുമാനം റദ്ദാക്കണമെന്ന് മുഖ്യമന്ത്രിയോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. ശബരിമല തീർത്ഥാടകരോട് കെ.എസ്.ആർ.ടി.സി. ഈടാക്കുന്ന അധിക ഫീസ് നിർത്തലാക്കുന്നതിനാവശ്യപ്പെട്ടു.

ആദിവാസി-ദളിത് വിമോചനം എന്നും കെ.സി.സി.യുടെ മുഖ്യ അജണ്ടയായിരുന്നു. ദളിതരുടെ ഉന്നമനത്തിനുവേണ്ടി കെ.സി.സി. ആരംഭിച്ചതാണ് ഇപ്പോൾ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ബി.പി.ഡി.സി. എന്ന പ്രസ്ഥാനം. ആദിവാസികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വേൾഡ് വിഷന്റെ സാമ്പത്തികസഹായത്തോടെ കെ.സി.സി. ആരംഭിച്ചു നടത്തിയ സൂര്യനെല്ലി ഡവലപ്മെന്റ് പ്രോജക്ട് ഒരു മാതൃകാപ്രസ്ഥാനമായി സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. ഇപ്പോൾ ആ പ്രസ്ഥാനം വേൾഡ് വിഷൻ നേരിട്ടു നടത്തുന്നു. കാസായുടെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചു നടത്തിവരുന്ന ഉപ്പുകുന്നു ഗ്രാമവികസനസമതി മാതൃകാപരമായ ഒരു വികസനപ്രസ്ഥാനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കെ.സി.സി. ആരംഭിച്ചതും കാസാ ധനസഹായം നൽകിയിട്ടുള്ളതുമായ പറാൽ ഗ്രാമവികസനപ്രസ്ഥാനം ആ പ്രദേശത്തിന്റെ സമഗ്രവികസനത്തിൽ മുഖ്യപങ്കുവഹിച്ചിട്ടുണ്ട്. അടുത്ത സമയത്ത് അമേരിക്കയിലുള്ള അസോസിയേഷൻ ഓഫ് ഇൻഡ്യൻ സോഷ്യൽ വർക്കേഴ്സിന്റെ സാമ്പത്തിക പിൻതുണയോടെ വേഴപ്രയിൽ ആരംഭിച്ചിരിക്കുന്ന സ്നേഹാലയ സ്വയംസേവ സമിതി ഒരു കോളനിയിലുള്ള സാമ്പത്തിക പരാധീനത അനുഭവിക്കുന്ന 20 കുടുംബങ്ങൾക്ക് സഹായകമായി പ്രവർത്തിച്ചുവരുന്നു.

ദൈവം മനുഷ്യനു നൽകിയിരിക്കുന്ന അവകാശം പ്രകൃതിചൂഷണമല്ല, പ്രത്യുത പ്രകൃതിസംരക്ഷണമാണ്. ഈ അറിവിന്റെ വെളിച്ചത്തിൽ നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററുമായി ചേർന്ന് ഒരു ഇക്കളോജിക്കൽ കമ്മീഷൻ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു. ഇതിൽ കെ.സി.സി.യും റോമൻ കത്തോലിക്ക സഭയും പങ്കാളികളാണ്. ഈ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ഇക്കോളജിയിൽ വിവിധ ബോധവൽക്കരണ പരിപാടികളും പ്രായോഗിക പദ്ധതികളും നടത്തുന്നതോടൊപ്പം സഭകളെയും ഇടവകകളെയും പ്രകൃതി സംരക്ഷണപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനു പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. കേരളമുൾപ്പടെ ഭാരതത്തെ അഭിമുഖീകരിക്കുന്നു ഒരു വിപത്താണ് എച്ച്.ഐ.വി./എയ്ഡ്സ്. ബോധവൽക്കരണവും പ്രതിരോധപ്രവർത്തനവും വഴി ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്തേണ്ടത് ആവശ്യമാണെന്നറിഞ്ഞ് കെ.സി.സി. പല ബോധവൽക്കരണ പരിപാടികളും ആസൂത്രണം ചെയ്തു നടത്തി വരുന്നു.

ഭാരതത്തിലും ഒളവിൽ കേരളത്തിലും രൂപം കൊണ്ടിരിക്കുന്ന മതമൗലികതയും മതത്തിന്റെ വർഗ്ഗീയവൽക്കരണവും ഉയർത്തുന്ന പ്രശ്നങ്ങൾ ഭാരതത്തിന്റെ മതേതരസ്വഭാവത്തിനു തന്നെ ഭീഷണി ആണ്. ഇതിനെതിരെ ക്രൈസ്തവർ മാത്രമല്ല, എല്ലാ മതവിശ്വാസികളും ഒരുമയോടെ പ്രവർത്തിക്കേണ്ടതാണെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മതനേതാക്കളെ ഉൾപ്പെടുത്തി ഒരു മതസൗഹാർദ്ദവേദി രൂപീകരിച്ചു വിവിധ ബോധവൽക്കരണ പരിപാടികൾ കെ.സി.സി.യുടെ നേതൃത്വത്തിൽ നടത്തി വരുന്നു.

ആഗോളവൽക്കരണം സൃഷ്ടിക്കുന്ന സാമ്പത്തിക അസമത്വത്തിന്റെയും തൊഴിലില്ലായ്മയുടെയും പ്രകട രൂപമാണ് പീരുമേടു പ്രദേശത്തെ തേയിലത്തോട്ടങ്ങളിലെ പ്രതിസന്ധി. ഉടമകളുടെ കെടുകാര്യസ്ഥതയും ലേബർ യൂണിയൻ പ്രവർത്തകരുടെ ചൂഷണവും ഈ പ്രതിസന്ധി രൂക്ഷമാകുന്നതിനിടയാക്കി. ആയിരക്കണക്കിനു തൊഴിൽരഹിത കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, വൈദ്യസഹായം, കുടിവെള്ളം, വൈദ്യുതി, കുട്ടികൾക്കു വിദ്യാഭ്യാസം എന്നിവ ലഭ്യമല്ലാതായി. കെ.സി.സി.യുടെ ആഹ്വാനമനുസരിച്ച് മിക്കവാറും എല്ലാ സഭകളും കാസായും ഈ ഹതഭാഗ്യരുടെ സഹായത്തിനാവശ്യമായ സാമ്പത്തികസഹായം നൽകി. കെ.സി.സി. മുൻകയ്യെടുത്ത് സി.എസ്.ഐ. ഈസ്റ്റ് കേരള മഹായിടവക യുവജനപ്രസ്ഥാനം, ബി.ഡി.എം. എന്നിവയുടെ സഹകരണത്തോടെ തോട്ടം മേഖലയിൽ ആറു മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. 950 ക്യുൽറ്റുകൾ വിതരണം ചെയ്തു. 750 കുടുംബങ്ങൾക്ക് ഒരു മാസം ഭക്ഷണം നൽകി. 400 കുട്ടികൾക്ക് ആഴ്ചയിൽ ആറു ദിവസം ഒരു നേരത്തെ ഭക്ഷണവും ഒരു ഗ്ലാസ് പാലും, മൂന്നു ദിവസം ഓരോ മുട്ടയും അഞ്ചു മാസക്കാലം നൽകി. ഏഴു സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കി. ഈ താൽക്കാലിക സഹായത്തിനു പുറമെ കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ഈ പ്രശ്നത്തിനു ശാശ്വതപരിഹാരം കണ്ടെത്തേണ്ടതിന്റെ ആവശ്യകത അവരെ ബോധ്യപ്പെടുത്തുന്നതിൽ കെ.സി.സി. ഒരളവുവരെ വിജയിച്ചിട്ടുണ്ട്.

സഭകളുടെ പ്രവാചകദൗത്യം പ്രസക്തമായി നിർവഹിക്കുന്നതിനും സഭൈക്യപ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുന്നതോടൊപ്പം സമൂഹത്തിൽ നിലനിൽക്കുന്ന അനീതികളോടു പ്രതികരിക്കുന്നതിന് സഭകളെ ഉത്തേജിപ്പിക്കുന്നതിനും കെ.സി.സി. പ്രവർത്തിച്ചുവരുന്നു. അതൊടൊപ്പം വിമോചനവും നീതിയും നിഷേധിക്കപ്പെട്ടവർക്കും സാമ്പത്തിക പരാധീനത അനുഭവിക്കുന്നവർക്കും യേശു വിഭാവനം ചെയ്ത വിടുതൽ നൽകുന്നതിന് സഭകളും ക്രിസ്തീയസംഘടനകളും ഒരുമയോടെ പ്രവർത്തിക്കുന്നതിനാവശ്യമായ നേതൃത്വം നൽകുന്നതിന് കെ.സി.സി. സജ്ജമാണ്. ഈ മഹത്തായ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കയും, ആവശ്യമായ സഹായസഹകരണങ്ങൾ നൽകുകയും പരിപാടികളിൽ സംബന്ധിക്കുകയും, സർവോപരി, നിങ്ങളുടെ പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമെന്നു താൽപ്പര്യപ്പെടുന്നു.

## കേരള കൗൺസിൽ ഓഫ് ചർച്ചസ്

ഇങ്ങനെ എല്ലാ തലങ്ങളിലും മഹത്തരമായ പ്രവർത്തനം കാഴ്ച വയ്ക്കുവാൻ കെ.സി.സി.ക്കു കഴിയുന്നതിൽ അഭിമാനിക്കുന്നു. ആദ്ധ്യാത്മിക നവോത്ഥാനം, ധാർമ്മിക-സാമൂഹിക പ്രതിബദ്ധത എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് കെ.സി.സി. പ്രവർത്തിക്കുന്നത്. തുടർന്നും, ലക്ഷ്യപ്രാപ്തിക്കായി പ്രവർത്തിക്കുവാൻ കെ.സി.സി. പ്രതിജ്ഞാബദ്ധമാണ്.

# എക്യുമെനിക്കൽ ധാരയിൽ കെ.സി.സി.യുടെ വ്യതിരിക്തത

പ്രൊഫ. ഫിലിപ്പ് എൻ. തോമസ്

1940-ൽ ആരംഭിച്ച കേരള റീജനൽ ക്രിസ്ത്യൻ കോൺഫറൻസിൽ നിന്നാണ് കെ.സി.സി.യുടെ ഉത്ഭവം. മാർത്തോമാ സഭ, തിരു-കൊച്ചി ആംഗ്ലിക്കൻ മഹായിടവക, എൽ.എം.എസ്, ബാസൽ മിഷൻ, വൈ.എം.സി.എ., വൈ.ഡബ്ല്യൂ.സി.എ., എസ്.സി.എം., ആലുവ യു.സി.കോളജ്, ക്രൈസ്തവ സാഹിത്യസമിതി എന്നിവ കോൺഫ്രൻസിൽ അംഗങ്ങളായിരുന്നു. ദിവംഗതരായ ശ്രീ. പി. ഒ. ഫിലിപ്പ്, റവ. ജെ. എ. ജേക്കബ്, റവ. തോമസ് ഡേവിഡ്, ശ്രീ. കെ. കെ. കുരുവിള, യൂഹാനോൻ മാർത്തോമ മെത്രാപ്പോലീത്ത, റവ. പോൾ നേശമണി എന്നിവർ ഈ സമ്മേളനത്തിനു നേതൃത്വം നൽകി. 1940-ലെ ആദ്യ സമ്മേളനവും 1941-ലെയും 1943-ലെയും ദ്വൈവാർഷിക സമ്മേളനങ്ങളും കൊല്ലത്തു നടന്നു. 1945-ൽ കോട്ടയത്ത് മൂന്നാം ദ്വൈവാർഷിക സമ്മേളനം ചേർന്നു. 1946-ൽ ചേർന്ന പ്രത്യേക സമ്മേളനം നാഷണൽ ക്രിസ്ത്യൻ കൗൺസിലിന്റെ സ്വതന്ത്ര പ്രൊവിൻഷ്യൽ യൂണിറ്റായി പ്രവർത്തിക്കുന്നതിനു തീരുമാനമെടുത്തു. 1947-ൽ ചേർന്ന കേരള ക്രിസ്ത്യൻ കൗൺസിലിന്റെ പ്രഥമ സമ്മേളനത്തിൽ ബിഷപ്പ് സി. കെ. ജേക്കബ് പ്രസിഡന്റായും ശ്രീ. പി. ഒ. ഫിലിപ്പ് വൈസ് പ്രസിഡന്റായും റവ. തോമസ് ഡേവിഡ് സെക്രട്ടറിയായും ശ്രീ. ജെ. ജോൺസൺ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നുള്ള വർഷങ്ങളിൽ കെ.സി.സി.യുടെ അംഗസംഖ്യ വർദ്ധിച്ചു. വിവിധ സഭകൾ അംഗങ്ങളായി. 1983-ൽ കേരള ക്രിസ്ത്യൻ കൗൺസിൽ, കേരള കൗൺസിൽ ഓഫ് ചർച്ചസ് എന്നു പുനർനാമകരണം ചെയ്യപ്പെട്ടു. കെ.സി.സി.യുടെ പുതിയ ഭരണഘടന 1985-ൽ ചേർന്ന അസംബ്ലി അംഗീകരിച്ചു. അതിൻപ്രകാരം അസംബ്ലിയുടെ കാലാവധി മൂന്നു വർഷമാക്കി. വാർഷിക അസംബ്ലിയിൽ നിന്ന് വ്യത്യസ്തമായി ത്രൈ വാർഷിക അസംബ്ലിയിൽ റിപ്പോർട്ടും കണക്കും കൂടാതെ തിരഞ്ഞെടുപ്പും നടത്തേണ്ടതാണെന്നു നിശ്ചയിച്ചു.

കെ.സി.സി.യുടെ വളർച്ചയുടെ മറ്റൊരു തലം രൂപപ്പെട്ടത് പ്രാദേശിക യൂണിറ്റുകളുടെ രൂപീകരണത്തോടെയാണ്. കെ.സി.സി.സോൺ (zone) എന്നറിയപ്പെടുന്ന ഈ യൂണിറ്റുകൾ പ്രാദേശികതലത്തിൽ കെ.സി.സി.യുടെ ലക്ഷ്യസാക്ഷാത്കാരത്തിനായി പ്രവർത്തിക്കുന്നു. കെ.സി.സി.അംഗസഭകളുടെ ഇടവകകൾ, അംഗസംഘടനകളുടെ പ്രാദേശിക യൂണിറ്റുകൾ ഇവയ്ക്ക് ഇതിൽ അംഗത്വമുണ്ട്. സോണിൽ ചേർന്നു പ്രവർത്തിക്കുന്നതിന് വ്യക്തികൾക്കും അംഗത്വം ലഭിക്കും. ഒരു ജില്ലയിൽ ഒരു സോൺ എങ്കിലും രൂപീകരിക്കണമെന്നതാണു ലക്ഷ്യം. ഇപ്പോൾ ചെങ്ങന്നൂർ, തൃശൂർ, ആലുവ, പീരുമേട്, തിരുവല്ല, കൊട്ടാരക്കര, ശൂരനാട്, തിരുവനന്തപുരം തുടങ്ങിയ പ്രാദേശിക കേന്ദ്രങ്ങളിൽ കെ.സി.സി.സോണുകൾ ആരംഭിച്ചിട്ടുണ്ട്. 2001-ൽ ചേർന്ന കെ.സി.സി. അസംബ്ലി സോണുകൾക്ക് ഭരണഘടനാപരമായ അംഗീകാരം നൽകി. കെ.സി.സി.യുടെ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് അതിന്റെ കമ്മിഷനുകളിൽ കൂടിയാണ്. 11 കമ്മിഷനുകൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇക്കോളജിക്കൽ, ദളിത്-ആദിവാസി, എജ്യുക്കേഷൻ, ഫെയ്ത്ത് & യൂണിറ്റി എന്നീ കമ്മിഷനുകളാണ് ഏറ്റവും അവസാനമായി രൂപീകൃതമായവ. കെ.സി.സി.യുടെ കുടക്കീഴിൽ എക്യുമെനിക്കൽ വിമൻസ് ഫെലോഷിപ്പ്, എക്യുമെനിക്കൽ യൂത്ത് ഫെലോഷിപ്പ് എന്നീ രണ്ട് ഫോറങ്ങൾകൂടി കഴിഞ്ഞ വർഷം രൂപീകൃതമായി.

കെ.സി.സി.യുടെ ഉത്ഭവം ദൈവരാജ്യദർശന സാക്ഷാത്കാരത്തിന് സഭകളുടെ യോജിച്ചുള്ള പ്രവർത്തനം എങ്ങനെ സഹായകമാകുമെന്നുള്ള അന്വേഷണത്തിൽ നിന്നാണ്. സമകാലീന സമൂഹത്തെ ദർശനാടിസ്ഥാനത്തിൽ എങ്ങനെ രൂപാന്തരപ്പെടുത്താമെന്നുള്ള അന്വേഷണമായിരുന്നു മിഷനറി സംഘങ്ങളുടേത്. ഒന്നിച്ചുള്ള പ്രയത്നം, സമീപനം എന്നതായിരുന്നു എക്യുമെനിക്കൽ ധാരയുടെ ഉൾക്കാമ്പ്. കേവലം മതവിശ്വാസ പ്രഖ്യാപനങ്ങളുടെ പ്രസരണമോ മതപരിവർത്തനമോ അല്ല, മറിച്ച്, യേശുക്രിസ്തുവിൽ വെളിപ്പെട്ട നവമാനവികതയുടെ പ്രകാശനവും സമൂഹത്തിന്റെ നവോത്ഥാനവുമായിരുന്നു. അടിസ്ഥാനലക്ഷ്യം.

സഭകളുടെ കൂടിവരവ്, സമൂഹനന്മയ്ക്കും നവോത്ഥാനത്തിനും വേണ്ടിയാണ്; സഭകളുടെ താത്പര്യസംരക്ഷണമോ, സാമൂഹ്യ വിഭവങ്ങളുടെ നിയന്ത്രണത്തിനോ, സ്വകീയ താത്പര്യങ്ങളുടെ പ്രസരണത്തിനോ അല്ല. അതിനാൽ എക്യുമെനിക്കൽ കൂടിവരവ് സഭകളുടെ പരിമിതികളെ അതിജീവിച്ച് മറ്റൊരു തലത്തിലായിത്തീരുന്നു. സഭകൾക്കുള്ളിലെ വിശ്വാസതർക്കങ്ങൾ കെ.സി.സി.യുടെ നയങ്ങളെയും ശക്തീകരണങ്ങളെയും സ്വാധീനിക്കുകയില്ല. മാനവികതയുടെ പരിപോഷണവും സമൂഹത്തിന്റെ വികാസവും വളർച്ചയും ശക്തീകരിക്കപ്പെടുന്നു. സമൂഹത്തിലെ പ്രശ്നങ്ങൾ മനസ്സിലാക്കി ജീവനിഷേധത്തിന്റെ തലങ്ങളെ തിരിച്ചറിഞ്ഞ് സംഘതമായ സാക്ഷ്യം നിർവഹിക്കുന്നതിനും പ്രവർത്തന പന്ഥാവ് രൂപപ്പെടുത്തുന്നതിനും കെ.സി.സി.ക്കു കഴിയുന്നത് ഈ അടിത്തറയുള്ളതുകൊണ്ടാണ്. സഭകൾക്കുള്ളിൽ പലപ്പോഴും സാധിക്കാത്തത് കെ.സി.സി.യിലൂടെ നിറവേറപ്പെടുന്ന അവസ്ഥ കെ.സി.സി.യുടെ വ്യതിരിക്തത തന്നെയാണ്. ഈ പാതയിൽ പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള ഏകീകരണശ്രമം, സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനു നേതൃത്വം, അനീതിയോടും അതിന്റെ ഘടനകളോടുമുള്ള എതിർപ്പ്, പുതിയ ക്രമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമം ഇവയെല്ലാം സ്വാഭാവികമായി കടന്നുവരുന്നവയാണ്.

ഈ വ്യതിരിക്തത സൂക്ഷിക്കുന്നതിൽ കെ.സി.സി.യിലെ അംഗസംഘടനകളുടെ സ്വാധീനം വളരെയാണ്. ഈ സംഘടനകൾ എല്ലാം തന്നെ എക്യുമെനിക്കൽ സംഘങ്ങളാണ്. അതിനാൽ തന്നെ സഭയുടെ പരിമിതികൾക്കതീതമായ ഒരു സ്വഭാവം ഈ സംഘടനകൾക്കുണ്ട്. ഉദാഹരണമായി, കലുഷിതമായിരുന്ന മലങ്കര സഭാന്തരീക്ഷത്തിന്റെ മദ്ധ്യേയാണ് ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിന്റെ ആരംഭം. സഭയ്ക്കതീതമായി സഭാംഗങ്ങളുടെ എക്യുമെനിക്കൽ ധാര ധീരവും ചടുലവുമായ കാൽവയ്പിനു നേതൃത്വം നൽകി. ഉന്നതവിദ്യാഭ്യാസത്തിലൂടെയുള്ള വളർച്ചയ്ക്കും,ഒപ്പം, സമൂഹത്തിന്റെ വികസനത്തിനും ആരംഭം കുറിച്ചു. ചുരുക്കത്തിൽ, സഭകൾക്ക് പല മൗലികപാഠങ്ങളും നൽകുന്നതിനും സാക്ഷ്യത്തിന്റെ പുത്തൻ സരണികൾ തുറക്കുന്നതിനും ഈ എക്യുമെനിക്കൽ സംഘങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഈ സ്വഭാവവിശേഷമുള്ള സംഘങ്ങൾ കെ.സി.സി.യിൽ അംഗങ്ങളായി പ്രവർത്തിക്കുമ്പോൾ സാക്ഷ്യത്തിന്റെയും ദൗത്യത്തിന്റെയും പുതിയ ദർശനരൂപങ്ങളും കർമ്മപഥത്തിന്റെ പുതിയ മുഖങ്ങളും കണ്ടെത്തുന്നു.

വിശാലാർത്ഥത്തിൽ, കെ.സി.സി. സഭാകേന്ദ്രീകൃതമല്ല. മനുഷ്യനും മറ്റു ജീവജാലങ്ങളും പ്രകൃതിയും ഉൾപ്പെട്ട

# മാനവിക എക്യുമെനിസത്തിലേക്ക്

ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

എന്റെ ഓർമ്മ ശരിയെങ്കിൽ, മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നാദ്യമായി കെ.സി.സി. പ്രസിഡന്റ് സ്ഥാനമേറ്റ മെത്രാപ്പോലീത്ത ഞാനാണ്. ഓർത്തഡോക്സ് സഭ കെ.സി.സി.യോട് അടുത്ത ബന്ധം നേരത്തെ പുലർത്തിയിരുന്നില്ലെന്ന് ഇതിൽ നിന്നു വ്യക്തമാണല്ലോ. എന്നാൽ ഇപ്പോൾ കൂടുതലായി ബന്ധപ്പെടുന്നുവെന്നത് ഒരു വസ്തുതയാണ്. പൊതുവെ പറഞ്ഞാൽ, കേരളത്തിലെ എല്ലാ സഭകളും അതാതു സഭയോടുള്ള ബന്ധമാണ് കൂടുതലായി പുലർത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ പ്രസിഡന്റായിരുന്ന കാലത്ത് കെ.സി.സി. യ്ക്ക് സ്ഥിരമായ ഒരാസ്ഥാനവും കെട്ടിടവും ഉണ്ടാക്കുവാൻ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. കാസായുടെയും മറ്റും സഹായത്തോടുകൂടി പല സേവനങ്ങളും കേരളത്തിൽ ചെയ്യുവാൻ സാധിച്ചുവെന്നത് സന്തോഷകരമായ സംഗതിയാണ്. ശ്രീ. എം. കുര്യൻ സെക്രട്ടറിയായും ശ്രീ.സി.വി.ചാക്കോ ട്രഷററായും സ്തുത്യർഹ സേവനം അനുഷ്ഠിക്കുകയുണ്ടായി. അനേകം കോൺഫ്രൻസുകൾ വിജയകരമായി നടത്തിയെങ്കിലും കെ.സി.സി.യെ വളർത്തുവാൻ അധികമായി കഴിഞ്ഞില്ല. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ കേരള ഓക്സിലിയറിയെന്ന നിലയിൽ ലഭിച്ച സഹായങ്ങൾ നന്ദിയോടെ ഓർക്കുന്നു.

എനിക്കുശേഷം ഔദ്യോഗികസ്ഥാനങ്ങൾ വഹിച്ചവരുടെ കാലത്ത് കെ.സി.സി. വളരെ പുരോഗതി നേടിയിട്ടുണ്ട്. ഇപ്പോഴത്തെ സെക്രട്ടറി എ.ടി.ഏബ്രഹാം അച്ചൻ ചില പുതിയ കാര്യങ്ങളൊക്കെയും നിർവഹിച്ചിട്ടുണ്ട്. കാസായുടെ സഹായത്തോടെ പല നല്ല കാര്യങ്ങളും ചെയ്തു.

ഡബ്ല്യൂ.സി.സി. യുടെ എക്യുമെനിക്കൽ വളർച്ച ഇപ്പോൾ ഏതാണ്ടു നിലച്ചിരിക്കുകയാണെന്നു പറയാം. ഓർത്തഡോക്സ് സഭകളിൽ ചിലത് പിൻമാറിയതാണിതിന്റെ കാരണം. ഡബ്ല്യൂ.സി.സി. മോഡറേറ്ററായി ഡോ. എം.എം. തോമസ് 1975–ൽ നൈറോബിയിൽ നടന്ന അസംബ്ലിയിൽ സ്തുത്യർഹമായ സേവനം നടത്തി. കാലം ചെയ്ത പൗലോസ് മാർ ഗ്രിഗോറിയോസും യൂഹാനോൻ മാർത്തോമാ മെത്രാപ്പോലീത്തയും പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഡോ. പൗലോസ് മാർ ഗ്രിഗോറിയോസിന്റെ ഒരഭിലാഷമായരുന്നു കത്തോലിക്ക, ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് സഭകൾക്ക് തുല്യപ്രാതിനിധ്യമുള്ള ഒരു എക്യുമെനിക്കൽ പ്രസ്ഥാനം ഉടലെടുക്കണമെന്നത്. അത് നേടിയെടുക്കുവാൻ സാധിച്ചില്ല. ഓർഗാനിക് യൂണിറ്റി ഉണ്ടായിട്ടു മാത്രം ഒരുമിച്ച് വി. കുർബാന അനുഭവിച്ചാൽ മതിയെന്ന ആശയമാണ് ഓർത്തഡോക്സ് സഭകൾക്കുള്ളത്. ഭാരതത്തിൽ മാർത്തോമാ, സി.എസ്.ഐ., സി.എൻ.ഐ. സഭകൾ ചേർന്നു ഒരു കൺസീലിയർ യൂണിറ്റി ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ, ഇന്റർ കമ്യൂണിയനോടു കൂടിയ ഫെഡറൽ സംസർഗം മതിയെന്ന അഭിപ്രായം ചില പ്രൊട്ടസ്റ്റന്റ് സഭകൾക്കുണ്ട്. പത്രോസിന്റെയും മാർപാപ്പയുടെയും പരമാധികാരം സ്വീകരിച്ച സഭകളും റോമൻ കത്തോലിക്ക സഭയിൽ ചേരണമെന്ന അവരുടെ ആഗ്രഹവും നടക്കുമെന്നു തോന്നുന്നില്ല. യേശുക്രിസ്തുവിനാണല്ലോ പരമാധികാരം.

സഭയുടെ എക്യുമെനിക്കൽ സ്വപ്നങ്ങൾക്കതീതമായി മാനവരാശിയുടെ എക്യുമെനിസം ആഗ്രഹിക്കുന്നവരുമുണ്ട്. ഇതു സാധിക്കണമെങ്കിൽ വിശ്വാസത്തിലുള്ള നീതികരണത്തിനു മീതെ സ്നേഹ

(ശേഷം പേജ് 23 ൽ)

കമ്മ്യൂണിറ്റി തന്നെയാണ് കെ.സി.സി.യുടെ പ്രവർത്തനമണ്ഡലം. കമ്യൂണിറ്റിയുടെ ശൈഥില്യം, വൈകല്യം, അപമാനവീകരണം ഇവ തിരിച്ചറിയുന്നതിനുള്ള ശ്രമം, സഭകളുടെ ഈ കൂട്ടായ്മയെ ഇതര എക്യുമെനിക്കൽ ധാരകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ദൈവരാജ്യദർശനത്തിനനുസൃതമായുള്ള വിമോചനത്തിന്റെ പാതയുടെ അന്വേഷണം ഈ കൂട്ടായ്മയുടെ മുഖമുദ്രയാണ്.

മുൻപു സൂചിപ്പിച്ചതുപോലെ, യേശുക്രിസ്തുവിൽ വെളിപ്പെട്ട ജീവന്റെ പരിപോഷണവും സമൃദ്ധിയും ലക്ഷ്യമാകുമ്പോൾ, ഇതരമതങ്ങളും ചിന്താധാരകളുമായി ക്രിയാത്മകമായി സഹകരിക്കുന്നതിനും അവരെ അംഗീകരിക്കുന്നതിനും സാധിക്കും. എല്ലാവരും ഉൾപ്പെട്ട ഒരു സാഹോദര്യ സമൂഹമെന്ന ആശയം കൂടുതൽ ശക്തമാകേണ്ടിയിരിക്കുന്നു. കെ.സി.സി. നേതൃത്വം നൽകുന്ന മതസൗഹാർദ്ദ വേദികൾ ഈ ലക്ഷ്യം വച്ചുകൊണ്ടു രൂപീകൃതമായവയാണ്. മതസൗഹൃദത്തിനതീതമായി മനുഷ്യസൗഹൃദവും ജീവന്റെ പരിപോഷണവുമത്രേ ഈ വേദികളുടെ ലക്ഷ്യം.

കെ.സി.സി.യുടെ മറ്റൊരു സവിശേഷത അതിന്റെ ജനാധിപത്യസ്വഭാവവും ജനപങ്കാളിത്തരീതികളുമാണ്. ഒരുമിച്ചു ചേർന്നു വന്ന് ആശയങ്ങളും സ്വപ്നങ്ങളും പങ്കുവച്ച് ചുമതലകൾ നിജപ്പെടുത്തി, കൂട്ടുത്തരവാദിത്വത്തോടെ നിർവഹിക്കുന്ന ശൈലിയാണ് കെ.സി.സി. പിന്തുടരുന്നത്. എപ്പിസ്കോപ്പൽ സഭകളും സംഘടനകളും കൂടിച്ചേർന്നാണ് ഈ ശൈലി സ്വീകരിച്ചിരിക്കുന്നതെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്.

സമൂഹത്തിൽ അവഗണിക്കപ്പെട്ടവർ, പാർശ്വവത്കരിക്കപ്പെട്ടവർ, ബലഹീനർ, ജാതിവ്യവസ്ഥിതിയുടെ ഇരകൾ, സ്ത്രീകൾ ഇവരോടുള്ള ഐക്യദാർഢ്യം, ഇവരുടെ പോരാട്ടങ്ങളിലുള്ള പങ്കുചേരൽ എന്നിവ കെ.സി.സി.യുടെ ശക്തീകരണമാണ്.

സാമൂഹ്യനീതിക്കുവേണ്ടിയുള്ള ശബ്ദം എക്കാലവും കെ.സി.സി.യോഗങ്ങളിൽ മുഴങ്ങിയിരുന്നു. വിഭവങ്ങളുടെ വികേന്ദ്രീകരണത്തിലും ദൈവസ്നേഹത്തിലും പാരസ്പര്യത്തിലും അടിസ്ഥാനപ്പെട്ട വിതരണത്തിലും കെ.സി.സി. വിശ്വസിച്ചു. സാമൂഹ്യവിഭവങ്ങൾ എല്ലാവർക്കും ലഭിക്കുന്നതിനുള്ള ആഹ്വാനവും പ്രവർത്തനവും എപ്പോഴും ഉണ്ടായിരുന്നു. വേദനയുടെയും കഷ്ടപ്പാടിന്റെയും മുഖത്തു ആശ്വാസത്തിന്റെ സാംഗത്യം കെ.സി.സി. ഒരിക്കലും അവഗണിച്ചില്ല. എന്നാൽ ആശ്വാസ നടപടികൾക്ക് സ്ഥായീഭാവം നൽകിയതുമില്ല. അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് എന്നും കെ.സി.സി. ശ്രമിച്ചിരുന്നു. മനുഷ്യസാഹോദര്യത്തെ ഹനിക്കുന്നതും വിവേചനവും ഉച്ചനീചത്വവും പ്രോത്സാഹിപ്പിക്കുന്നതുമായ സാമൂഹ്യ സാമ്പത്തിക ക്രമങ്ങളെ വിശ്വാസത്തിന്റെ തലത്തിൽ നിന്നുകൊണ്ട് കെ.സി.സി. എന്നും എതിർത്തിരുന്നു. മനുഷ്യ കേന്ദ്രീകൃത സങ്കൽപ്പത്തിനതീതമായി എല്ലാത്തരം ജീവന്റെയും പരിപോഷണവും വളർച്ചയും അർത്ഥവത്തായ ആത്മീയതയും വിശ്വാസജീവിതവും ആവശ്യപ്പെടുന്നുവെന്ന ധാരണ കെ.സി.സി. ഉയർത്തുന്നു. സ്വാതന്ത്ര്യത്തിലും ജനാധിപത്യത്തിലും പങ്കാളിത്തത്തിലും കൂടിയുള്ള ദൈവിക നടത്തിപ്പിൽ കെ.സി.സി. വിശ്വസിക്കുന്നു. സഭകളുടെ പൊതുസ്വഭാവം ഘടനാപരമായ സ്വത്വത്തിനു നൽകുന്ന അമിത പ്രാധാന്യമാണ്. ഇതിന്റെ ഫലമായി ഘടനാസ്വത്വങ്ങളിൽ അടിസ്ഥാനപ്പെട്ട അർത്ഥമില്ലാത്ത തർക്കങ്ങളും ഭിന്നിപ്പും സഭകൾക്കുള്ളിലും സഭകൾ തമ്മിലും ധാരാളമായി നിലനിൽക്കുന്നു. എന്നാൽ ദൗത്യത്തിന്റെയും സാക്ഷ്യത്തിന്റെയും സ്വത്വബോധം പ്രോത്സാഹിപ്പിക്കപ്പെടുകയാണെങ്കിൽ എക്യുമെനിസത്തിന്റെ മൗലികാർത്ഥത്തിൽ തന്നെ വിവിധ സഭകൾക്കു ചേർന്നുവരുന്നതിനു കഴിയും. സാക്ഷ്യത്തിന്റെയും ദൗത്യത്തിന്റെയും അസ്തിത്വം കർത്താവു പഠിപ്പിച്ചത് ഗോതമ്പുമണിയുടെ ചാകലിന്റെ ഉപദേശത്തിലൂടെയാണ്. കെ.സി.സി.യുടെ ലക്ഷ്യം ചാകുന്ന ഗോതമ്പുമണിയിലൂടെയുള്ള പുതിയ ജീവനാണ്. ●

# KERALA COUNCIL OF CHURCHES TRIENNIAL ASSEMBLY

**Dates : 20 - 22 May 2004 ■ Venue : Kristu Jyothis Animation Centre, Kottiyam, Kollam**

## *Theme:* 'Another World is possible'

| | |
|---|---|
| Leaders | : Rt. Rev. Dr. Sam Mathew (President, KCC) |
| | H. H. Baselius Mar Thoma Mathews II |
| | Most Rev. Dr. Philipose Mar Chrysostom |
| | Most Rev. Cyril Mar Baselius |
| | Rt. Rev. Mathews Mar Epiphanios |
| | Rt. Rev. Dr. Joseph Mar Irenaeus, (President , CCA) |
| | Rt. Rev. Dr. Jeyapaul David (President, NCCI) |
| | Rt. Rev. Thomas Mar Themotheos (Vice President, NCCI) |
| | Rt. Rev. Dr. J. W. Gladstone |
| | Mr. Sushant Agarwal (Director, CASA) |
| | Mr. Joseph P. John (Chief Zonal Officer, CASA) |
| Key note address | : Justice K. T. Thomas |
| Theme presentation | : Dr. K. Rajaratnam |
| Bible Study | : Rev. Raju Anchery |
| | Mrs. Soosan Thomas |
| Exposure | : Interaction with the marginalised and the victims |
| Public reception to delegates | : Y.M.C.A., Kollam |
| Voice of the victims | : Cashew workers, Coir workers, Fisher folks, |
| | Tea Estate workers |
| | Session on ecumenical response in creating "Another World": |
| Leaders | : from NCCI , CASA, RCC, Churches & Organization |

*Rev. V. T. Josen*
*(President, Organising Committee)*

*P. O. Sunny*
*(General Convenor, Organising Committee)*

ത്തിന്റെ ദൈവീകരണമെന്ന ദൈവശാസ്ത്രം ഉടലെടുക്കേണ്ടിവരും. വിശ്വാസവും പ്രത്യാശയും മനുഷ്യന്റെ ഉണ്മയാകുന്നുവെങ്കിൽ, സ്നേഹം ദൈവത്തിന്റെ ഉണ്മയാണല്ലോ. എ.ഡി. 3,4,5 നൂറ്റാണ്ടുകളിൽ വിശ്വാസവിപരീതികളെന്ന പേരിൽ പരസ്പരം കൊന്നുകൊണ്ടിരുന്ന ഒരു വർഗ്ഗീയ ദൈവശാസ്ത്രമുണ്ടായിരുന്നു. 16-ാം നൂറ്റാണ്ടിൽ വിശ്വാസത്തിൽ മാത്രം എന്ന ദൈവശാസ്ത്രം ഉടലെടുക്കുകയും വിശ്വാസത്താലുള്ള നീതീകരണം കത്തോലിക്കാസഭയുടെ ദൈവശാസ്ത്രത്തോട് അകന്നതല്ലെന്നു കണ്ടുപിടിക്കുകയും ചെയ്തു. 21-ാം നൂറ്റാണ്ടിൽ ദൈവിക സനേഹത്തിൽ മാത്രം എന്ന ദൈവശാസ്ത്രം അംഗീകരിക്കപ്പെടേണ്ടിയിരിക്കുന്നു. വി. പൗലോസ് പോലും പഠിപ്പിച്ചത് മലയെ നീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ലെന്നും വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുത് സ്നേഹം തന്നെ എന്നുമാണല്ലോ. ദൈവം സ്നേഹമാകുന്നുവെന്ന ഉദാത്തമായ വെളിപ്പാടാണ് സഭയ്ക്കു ലഭിച്ചിരിക്കുന്നത്. ത്രിയേകദൈവത്തിന്റെ ഏകത്വം പിതാവിലാണെന്നും പിതാവിൽ നിന്ന് നിത്യപുത്രൻ ജാതനായെന്നും നിത്യമായി പരിശുദ്ധാത്മാവ് പുറപ്പെടുന്നുവെന്നും ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ, കെ.സി.സി.യും ഡബ്ലിയു.സി.സി.യും മാനവിക എക്യുമെനിസവും വളരണമെങ്കിൽ വിശ്വാസത്തിൽ നിന്ന് നിസ്വാർത്ഥ സ്നേഹത്തിന്റെ ഒരു ദൈവശാസ്ത്രം വളർത്തേണ്ടിയിരിക്കുന്നു. ●

NEW VISION FOR A CHANGING WORLD
Registered with the Registrar of Newspapers for India
under No. KER BIL/2000/1543

MAY 2004

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05



# INTER- RELIGIOUS CO-OPERATION

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam